13th March 1907



തിരുവിതാംകൊട്ടു സക്കാർ ഗസെററ

PUBLISHED BY AUTHORITY EVERY TUESDAY.

ഉത്തരവിൻപ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു.

VOL. XLV.] TRIVANDRUM, TUESDAY, March 12, 1907 / Masi 29, 1082 [No. 11.

വാല്യം ൪൫ തിരുവനന്തപുരം ൧൦൮൨ മാസി ൨൯ — ൧൯൦൭ മാർച്ച് ൧൨ ചൊവ്വാഴ്ച നമ്പർ ൧൧

CONTENTS.

PART I.

ഒന്നാം ഭാഗം

Part I. — ഒന്നാം ഭാഗം.

Appointment.

REVENUE AND MAGISTRACY.

The Taluk Magistrate, Quilon, to be in charge of the duties of the Magistrate of Paravur in addition to his own during the absence of V. Padmanabha Iyer, B. A., on leave or until further orders.

Mr. J. Van Ross, 2nd class Magistrate, Kanjirapally, is appointed to act as 2nd class Magistrate, Alleppey, during the absence of Mr. M. E. Ittyerah, B. A., on leave or until further orders.

The Taluk Magistrate, Karthigapally, to be in charge of the duties of the Magistrate of Kayenkulam in addition to his own during the absence of Mr. W. D'Netto, B. A. & B. L., acting Magistrate on leave or until further orders.

Under section 11 of Regulation V of 1067 C. S. Padmanabha Pillai, Head Clerk, Assistant Excise Commissioner's office, Alleppey, is appointed to act as 2nd class Magistrate, Kanjirapally, during the employment of Mr. J. Van Ross on other duty or until further orders.

EDUCATIONAL DEPARTMENT.

M. R. Ry. P. Ramaswamy Iyer, B. A., Inspector of schools, Central Range, will continue to be in charge of the Northern Range also during the further absence on leave of M. R. Ry. M. Raja Raja Varma, M. A., B. L., Inspector of schools, Northern Range.

Leave of Absence.

REVENUE AND MAGISTRACY.

Mr. M. E. Ittyerah, B. A., 2nd class Magistrate, Alleppey, privilege leave for two months and fifteen days.

V. Padmanabha Iyer, B. A., 3rd class Magistrate, Paravur, casual leave for five days.

Mr. W. D'Netto, B. A. & B. L., acting 3rd class Magistrate, Kayenkulam, casual leave for three days.

നിയമം

വി. പത്മനാഭയ്യർ ബി. എ. അവധിയിൽ ഇരിക്കുന്ന കാലത്തോ ഇനി ഒരു ഉത്തരവു ഉണ്ടാകുന്നതു വരെയൊ സ്വന്തം ജോലിക്കു വിരോധം കൂടാതെ പറവൂർ മജിസ്ത്രേട്ടുകാൎയ്യം വിചാരിക്കുന്നതിനു കൊല്ലം താലൂക്കു മജിസ്ത്രേട്ടിനെ നിയമിച്ചിരിക്കുന്നു.

മിസ്റ്റർ എം. ഇ. ഇട്ടീരാ ബി. എ. അവധിയിൽ ഇരിക്കുന്ന കാലത്തൊ ഇനി ഒരു ഉത്തരവു ഉണ്ടാകുന്നതു വരെയൊ ആലപ്പുഴ ൨-ാം ക്ലാസ്സു മജിസ്ത്രേട്ടു കാൎയ്യം വിചാരിക്കുന്നതിനു കാഞ്ഞിരപ്പള്ളി ൨-ാം ക്ലാസ്സു മജിസ്ത്രേട്ട് മിസ്റ്റർ ജെ. വാൻറാസിനെ നിയമിച്ചിരിക്കുന്നു.

കായംകുളം ആക്ടിംഗ് മജിസ്ത്രേട്ടു മിസ്റ്റർ ഡബ്ലിയു. ഡി നെറ്റൊ ബി. എ., ബി. എൽ. അവധിയിൽ ഇരിക്കുന്ന കാലത്തോ ഇനി ഒരു ഉത്തരവു ഉണ്ടാകുന്നതുവരെയോ സ്വന്തം ജോലിയോടുകൂടി കായംകുളം മജിസ്ത്രേട്ടുകാൎയ്യം വിചാരിക്കുന്നതിനു കാൎത്തികപ്പള്ളി താലൂക്കു മജിസ്ത്രേട്ടിനെ നിയമിച്ചിരിക്കുന്നു.

മിസ്റ്റർ ജെ. വാൻറാസ് വേറെ ജോലിയിൽ ഇരിക്കുന്ന കാലത്തൊ ഇനി ഒരു ഉത്തരവു ഉണ്ടാകുന്നതു വരെയൊ കാഞ്ഞിരപ്പള്ളി ൨-ാം ക്ലാസ്സു മജിസ്ത്രേട്ടു കാൎയ്യം വിചാരിക്കുന്നതിനു ൧൦൬൭-ാമാണ്ടത്തെ ൫-ാം റെഗുലേഷൻ ൧൧-ാം വകുപ്പനുസരിച്ചു ആലപ്പുഴ അസിസ്റ്റൻറു എക്സൈസ് കമ്മീഷണർ ആഫീസ് ഹെഡ്ക്ലാൎക്ക സി എസ് പത്മനാഭപിള്ളയെ നിയമിച്ചിരിക്കുന്നു

വടക്കൻ റെയിഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ മ. രാ. രാ. എം. രാജരാജവൎമ്മ എം. എ. ബി എൽ. കൂടുതൽ അവധി എടുത്തിരിക്കുന്നതിനാൽ ആ കാലത്തേക്കു കൂടി സ്വന്ത ജോലിക്കു വിരോധം കൂടാതെ വടക്കൻ റെയിഞ്ചിലെ ചാൎജ്ജും വഹിക്കുന്നതിനു മദ്ധ്യറെയിഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ മ. രാ. രാ. പി രാമസ്വാമി അയ്യർ ബി എ.-യെ നിയമിച്ചിരിക്കുന്നു

അവധി കൊടുത്ത വിവരം

ആലപ്പുഴ ൨-ാം ക്ലാസ്സു മജിസ്ത്രേട്ടു മിസ്റ്റർ എം. ഇ. ഇട്ടീരാ ബി. എ.ക്കു ൨ മാസവും ൧൫ ദിവസവും കാലത്തേക്കു പ്രിവിലെജ് അവധി കൊടുത്തിരിക്കുന്നു.

പറവൂർ ൩-ാം ക്ലാസ്സു മജിസ്ത്രേട്ടു വി പത്മനാഭയ്യർ ബി. എ.ക്കു ൫ ദിവസത്തെ ക്യാഷ്വൽ അവധി കൊടുത്തിരിക്കുന്നു.

കായംകുളം ആക്ടിംഗ് മൂന്നാം ക്ലാസ്സു മജിസ്ത്രേട്ടു മിസ്റ്റർ ഡബ്ലിയു. ഡി. നെറ്റൊ ബി. എ., ബി. എൽ.ന്നു ൩ ദിവസത്തെ ക്യാഷ്വൽ അവധി കൊടുത്തിരിക്കുന്നു.

EDUCATIONAL DEPARTMENT.

The five days' casual leave and 15 days' special casual leave granted to M. R. Ry. M. Raja Raja Varma, M. A., B. L., Inspector of schools, Northern Range, with effect from the 22nd Thye ultimo has been at his request commuted into 20 days' privilege leave. He has also been granted an extension of 15 days' privilege leave.

Assumption of Charge.

JUDICIAL DEPARTMENT.

M. R. Ry. S. Kalyanaramier transferred as District Munsiff of Neyyattinkara assumed charge of his duties on the afternoon of the 14th Kumbham, 1082.

M. R. Ry. G. Sankara Pillai, B. A. & B. L., transferred as District Munsiff of Thiruvella, assumed charge of his duties on the forenoon of the 11th Kumbham, 1082.

M. R. Ry. A. Krishna Iyengar, B. A., transferred as Principal District Munsiff of Trivandrum, assumed charge of his duties on the forenoon of the 16th Kumbham 1082.

Mr. P. Cheriyan, B. A. & B. L., transferred as Additional District Munsiff of Trivandrum, entered upon the duties of that office on the forenoon of the 16th Kumbham 1082.

M. R. Ry. S. Ramaswamy Iyer, B. A. & B. L., transferred as District Munsiff of Nagercoil, assumed charge of his duties on the forenoon of the 16th Kumbham 1082.

M. R. Ry. S. Sitaramier, B. A., transferred as District Munsiff of Shirayinkil assumed charge of his duties on the forenoon of the 18th Kumbham, 1082.

Mr. K. Jacob, B. A. & B. L., appointed as Principal District Munsiff of Kottayam assumed charge of his duties on the forenoon of the 14th Kumbham, 1082.

M. R. Ry. P. Seshaiengar, B. A. & B. L., appointed District Munsiff of Shencotta (also Tahsildar and Magistrate) assumed charge of his duties on the forenoon of the 12th Kumbham 1082.

വടക്കൻ റെയിഞ്ച് പള്ളിക്കൂടം ഇൻസ്പെക്ടർ മ. രാ. രാ. എം. രാജരാജവൎമ്മ എം. എ. ബി. എൽ-ന മകരം ൨൨-ാം മുതൽ കൊടുത്തിട്ടുള്ള ൫ ദിവസത്തെ ക്യാഷ്വലും ൧൫ ദിവസത്തെ സ്പെഷ്യൽ ക്യാഷ്വലും അവധിയെ അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം ൨൦ ദിവസത്തെ പ്രിവിലെജ് അവധി ആക്കുന്നതിനും അതിനോടു തുടൎന്നു ൧൫ ദിവസത്തെ പ്രിവിലെജ് അവധി കൂടെ കൊടുക്കുന്നതിനും അനുവദിച്ചിരിക്കുന്നു.

ചാൎജ്ജെററ വിവരം

നെയ്യാററിങ്കര ഡിസ്ത്രിക്ടു മുനിസിപ്പായി സ്ഥലം മാററപ്പെട്ട മ. രാ. രാ. എസ്. കല്യാണരാമയ്യർ ൧൦൮൨-ാമാണ്ടു കുംഭമാസം ൧൪-നു ഉച്ചതിരിഞ്ഞു ചാൎജ്ജെററു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

തിരുവല്ലാ ഡിസ്ത്രിക്ടു മുനിസിപ്പായി സ്ഥലം മാററപ്പെട്ട മ. രാ. രാ. ബി. എ. ബി. എൽ. ജി. ശങ്കരപ്പിള്ള ൧൦൮൨-ാമാണ്ടു കുംഭമാസം ൧൧-നു ഉച്ചക്കുമുമ്പു ചാൎജ്ജെററു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു

തിരുവനന്തപുരം പ്രിൻസിപ്പാൽ ഡിസ്ത്രിക്ടു മുനിസിപ്പായി സ്ഥലം മാററപ്പെട്ട മ. രാ. രാ. ബി. എ. എ. കൃഷ്ണയ്യങ്കാർ ൧൦൮൨-ാമാണ്ടു കുംഭമാസം ൧൬-നു ഉച്ചക്കുമുമ്പു ചാൎജ്ജെററു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

തിരുവനന്തപുരം അഡിഷനൽ ഡിസ്ത്രിക്ടു മുനിസിപ്പായി സ്ഥലം മാററപ്പെട്ട മിസ്റ്റർ ബി. എ. ബി. എൽ. പി. ചെറിയാൻ ൧൦൮൨-ാമാണ്ടു കുംഭമാസം ൧൬-നു ഉച്ചക്കുമുമ്പു ആ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

നാഗരുകോവിൽ ഡിസ്ത്രിക്ടു മുനിസിപ്പായി സ്ഥലം മാററപ്പെട്ട മ. രാ. രാ. ബി. എ. ബി. എൽ. എസ്. രാമസ്വാമിഅയ്യർ ൧൦൮൨-ാമാണ്ടു കുംഭമാസം ൧൬-നു ഉച്ചക്കുമുമ്പു ചാൎജ്ജെററു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ചിറയിൻകീഴ ഡിസ്ത്രിക്ടു മുനിസിപ്പായി സ്ഥലം മാററപ്പെട്ട മ. രാ. രാ. ബി. എ. എസ്. സീതാരാമയ്യർ ൧൦൮൨-ാമാണ്ടു കുംഭമാസം ൧൮-നു ഉച്ചക്കുമുമ്പു ചാൎജ്ജെററു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

കോട്ടയം പ്രിൻസിപ്പാൽ ഡിസ്ത്രിക്ടു മുനിസിപ്പായി നിയമിക്കപ്പെട്ട മിസ്റ്റർ ബി. എ. ബി. എൽ. കെ. ജെക്കബ് ൧൦൮൨-ാമാണ്ടു കുംഭമാസം ൧൪-നു ഉച്ചക്കുമുമ്പു ചാൎജ്ജെററു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു

ചെങ്കോട്ട ഡിസ്ത്രിക്ടു മുനിസിപ്പായി (തഹശീൽദാരും മജിസ്ത്രേട്ടും) നിയമിക്കപ്പെട്ട മ. രാ. രാ. ബി. എ. ബി. എൽ. പി. ശെഷയ്യങ്കാർ ൧൦൮൨-ാമാണ്ടു കുംഭമാസം ൧൨-നു ഉച്ചക്കുമുമ്പു ചാൎജ്ജെററു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

Mr. C. K. Mathen, B. A. & B. L., transferred as Additional Munsiff of Kottayam *sub protem* assumed charge of his duties on the afternoon of the 17th Kumbham 1082.

M. R. Ry P. N. Sitaramier, B. A. & B. L., appointed to act as District Munsiff of Muvattupuzha assumed charge of his duties on the forenoon of the 16th Kumbham 1082.

M. R. Ry. T. S. Kuttalalingom Pillai, B. A. & B. L., transferred as Principal District Munsiff of Haripad, assumed charge of his duties on the forenoon of the 16th Kumbham 1082.

M. R. Ry. S. Ramaswamy Sastri, B. A. & B. L., transferred as District Munsiff of Padmanabhapuram, assumed charge of his duties on the forenoon of the 23rd Kumbham 1082.

M. R. Ry. P. K. Padmanabha Pillai, B. A. & B. L., transferred as District Munsiff of Parur, *sub protem* assumed charge of his duties on the forenoon of the 23rd Kumbham 1082.

REVENUE AND MAGISTRACY.

M. R. Ry. R. Renganatha Iyer, B. A., Division Assistant, Padmanabhapuram, appointed to act as Special Forest Settlement Officer assumed charge of his duties on the afternoon of the 21st February 1907 / 10th Kumbham 1082.

M. R. Ry. Narayana Iyer, Tahsildar, and 2nd class Magistrate, Kunnathur Taluk, transferred to Pathanapuram Taluk assumed charge of his duties on the afternoon of the 19th Kumbham 1082.

M. R. Ry. K. Padmanabha Iyer, B. A., Tahsildar and 2nd class Magistrate, Muvattupuzha Taluk, transferred to Kalkulam Taluk assumed charge of his duties on the afternoon of the 21st Kumbham 1082.

M. R. Ry. K. Narayanan Pandala, B. A. & B. L., Tahsildar and 2nd class Magistrate, Vaikam Taluk, transferred to Kunnatthur Taluk assumed charge of his duties on the afternoon of the 18th Kumbham 1082.

കോട്ടയം സബ് പ്രോട്ടം അഡിഷനൽ മുൻസിഫായി സ്ഥലം മാറ്റപ്പെട്ട മിസ്റ്റർ ബി. എ. ബി. എൽ. സി. കെ. മാത്തൻ ൧൦൮൨-ാമാണ്ട കുംഭമാസം ൧൭-നു ഉച്ചതിരിഞ്ഞു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

മൂവാറ്റുപുഴ ഡിസ്ട്രിക്ട മുൻസിഫായി തല്ക്കാലം ജോലി നോക്കുന്നതിനു നിയമിക്കപ്പെട്ട മ. രാ. രാ. ബി. എ. ബി. എൽ. പി. എൻ. സീതാരാമയ്യർ ൧൦൮൨-ാമാണ്ട കുംഭമാസം ൧൬-നു ഉച്ചക്കുമുമ്പു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹരിപ്പാട്ട പ്രിൻസിപ്പാൾ ഡിസ്ട്രിക്ട മുൻസിഫായി സ്ഥലം മാറ്റപ്പെട്ട മ. രാ. രാ. ബി. എ. ബി. എൽ. റ്റി. എസ്. കുറ്റാലലിംഗംപിള്ള ൧൦൮൨-ാമാണ്ട കുംഭമാസം ൧൬-നു ഉച്ചക്കുമുമ്പു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

പത്മനാഭപുരം ഡിസ്ട്രിക്ട മുൻസിഫായി സ്ഥലംമാറ്റപ്പെട്ട മ. രാ. രാ. ബി. എ. ബി. എൽ. എസ്. രാമസ്വാമിശാസ്ത്രി ൧൦൮൨-ാമാണ്ട കുംഭമാസം ൨൩-നു ഉച്ചക്കുമുമ്പു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

പറവൂർ സബ്പ്രോട്ടം ഡിസ്ട്രിക്ട മുൻസിഫായി സ്ഥലംമാറ്റപ്പെട്ട മ. രാ. രാ. ബി. എ. ബി. എൽ. പി. കെ. പത്മനാഭപിള്ള ൧൦൮൨-ാമാണ്ട കുംഭമാസം ൨൩-നു ഉച്ചക്കുമുമ്പു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

സ്പെഷ്യൽ ഫാറസ്റ്റ സെറ്റിൽമെൻറ ആഫീസരായി കാര്യം വിചാരിക്കുന്നതിനു നിയമിക്കപ്പെട്ടിട്ടുള്ള പത്മനാഭപുരം ഡിവിഷൻ അസിസ്റ്റൻറ മ. രാ. രാ. ആർ. രംഗനാഥയ്യർ ബി. എ. ൧൯൦൭ ഫെബ്രുവരി ൨൧-നു ൧൦൮൨ കുംഭം ൧൦-നു ഉച്ചതിരിഞ്ഞു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

പത്തനാപുരം താലൂക്കിലെക്കു സ്ഥലം മാറ്റപ്പെട്ട കുന്നത്തൂർ താലൂക്ക തഹശീൽദാരും ൨-ാം ക്ലാസ മജിസ്ത്രേട്ടുമായ മ. രാ. രാ. നാരായണയ്യർ ൧൦൮൨ കുംഭം ൧൯-നു ഉച്ചതിരിഞ്ഞു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

കൽക്കുളം താലൂക്കിലെക്കു സ്ഥലം മാറ്റപ്പെട്ട മൂവാറ്റുപുഴ താലൂക്ക തഹശീൽദാരും ൨-ാം ക്ലാസ മജിസ്ത്രേട്ടുമായ മ. രാ. രാ. കെ. പത്മനാഭയ്യർ ബി. എ. ൧൦൮൨ കുംഭം ൨൧-നു ഉച്ചതിരിഞ്ഞു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

കുന്നത്തൂർ താലൂക്കിലെക്കു സ്ഥലം മാറ്റപ്പെട്ട വൈക്കം താലൂക്ക തഹശീൽദാരും ൨-ാം ക്ലാസ മജിസ്ത്രേട്ടുമായ മ. രാ. രാ. കെ. നാരായണൻപണ്ടാല ബി. എ., ബി. എൽ. ൧൦൮൨ കുംഭം ൧൮-നു ഉച്ചതിരിഞ്ഞു ചാർജ്ജേറ്റു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

Investiture of Powers.

REVENUE AND MAGISTRACY.

C. V. Parameswara Pillay, Deputy Tahsildar, Shertallay Taluk, now doing duty at Kartigapally is authorised to issue summonses to parties in Revenue cases under Regulation V of 1063, and invested with the powers of a Tahsildar up to attachment of immovable property under Regulation I of 1068.

അധികാരം കൊടുത്ത വിവരം

കാർത്തികപ്പള്ളി താലൂക്കിൽ വേല നോക്കുന്ന ചെർത്തല ഡിപ്പുടി തഹശീൽദാർ സി. വി. പരമീശ്വരൻപിള്ളക്കു ൧൦൬൩-ാമാണ്ടു ൫-ാം റെഗുലെഷൻപ്രകാരം റെവന്യൂ കേസിൽ കക്ഷികൾക്കു സമൻസു അയക്കുന്നതിനും ൧൦൬൮-ാമാണ്ടു ൧-ാം റെഗുലെഷൻ അനുസരിച്ചു സ്ഥാവരവസ്തുക്കളെ ജപ്തി ചെയ്യുന്നതു വരെയുള്ള നടപടികൾ നടത്തുന്നതിനും ഒരു തഹശീൽദാർക്കുള്ള അധികാരം കൊടുത്തിരിക്കുന്നു.

Notification.

Under clause 2 section 7 of Regulation III of 1076, Mr. E. J. Cherian Coonju, Vakil, Munsiff Court, Alleppey, is appointed a non-official member of the Town Improvement Committee, Alleppey.

For the Dewan,
A. J. VIEYRA,
Chief Secretary to Government,

Huzur Cutcherry,
Trivandrum,
9th March 1907.

പരസ്യം

൧൦൭൬-ാമാണ്ടത്തെ ൩-ാം റെഗുലെഷൻ ൭-ാം വകുപ്പു ൨-ാം ഖണ്ഡം അനുസരിച്ചു ആലപ്പുഴ മുൻസിപ്പുകോട്ടു വക്കീൽ മിസ്റ്റർ ഈ. ജെ. ചെറിയാൻകുഞ്ഞിനെ ആലപ്പുഴ പട്ടണപരിഷ്കാരകമ്മിററിയിലെ ഒരു നാൺ അഫിഷ്യൽ മെംബരായി നിയമിച്ചിരിക്കുന്നു.

ദിവാൻജി അവർകൾക്കു വേണ്ടി
ഗവര്‍മ്മെന്റു ചീഫ് സിക്രട്ടരി
എ. ജെ. വീയറാ.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൯൦൭ മാർച്ചു ൯-നു

LEGISLATIVE DEPARTMENT.

The Legislative Council will meet in the Dewan's room, Public Offices, on Friday the 5th April, 1907 / 23rd Paugum, 1082 at 4 P. M.

(By order)
N. RAMACHANDRA IYER,
Secretary to the Legislative Council.

Huzur Cutcherry,
Trivandrum,
28th February, 1907.

പരസ്യം.

നിയമനിർമ്മാണ സഭയുടെ ഒരു യോഗം ൧൯൦൭ ഏപ്രിൽ ൫-നു ൧൦൮൨ മീനം ൨൩-നു വെള്ളിയാഴ്ച വൈകുന്നേരം ൪ മണിക്കു പുത്തൻകച്ചേരിയിൽ ദിവാൻ കച്ചേരി ചെയ്യുന്ന മുറിയിൽ കൂടുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
എൻ. രാമചന്ദ്രയ്യർ,
നിയമനിർമ്മാണസഭാ സെക്രട്ടരി.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൯൦൭ ഫെബ്രുവരി ൨൮-നു

No. G 1713.

Notice.

It is notified for the information of officers who are allowed the Easter holidays that the holidays this year will be from Friday the 29th March to Monday the 1st April 1907, both days inclusive.

Huzur Cutcherry,
Trivandrum,
9th March 1907.

A. J. VIEYRA,
Chief Secretary to Government.

നോട്ടീസ്

ഈസ്റ്റർ ഒഴിവു അനുവദിച്ചിട്ടുള്ള ആഫീസർമാർ അറിയുന്നതിനായി ഇതിനാൽ പരസ്യപ്പെടുത്തുന്നതെന്തെന്നാൽ ഈയാണ്ടത്തെ ഈസ്റ്റർ ഒഴിവു ൧൯൦൭ മാർച്ചു ൨൯-നു വെള്ളിയാഴ്ച മുതൽ ഏപ്രിൽ ൧-നു തിങ്കളാഴ്ച വരെ ആകുന്നു. രണ്ടു ദിവസങ്ങളും അതിൽ ഉൾപ്പെട്ടു.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൯൦൭ മാർച്ചു ൯-നു

ഗവര്‍മ്മെന്റു ചീഫ്സിക്രട്ടരി
എ. ജെ. വീയറാ

തിരുവിതാംകോട്ട ഗവർൺമെണ്ട് പ്രൊസീഡിംഗസ്.

i ലാൻഡ് റിക്കാർഡ്സ് മെയിൻടിനൻസ് കമ്മിററി ൧൦൮൧ അക്ടോബർ ൧൨-ന് അയച്ച റിപ്പോർട്ടും,

ii കമ്മിററി പറഞ്ഞ അഭിപ്രായങ്ങളെപ്പററി തന്റെ അഭിപ്രായം പറഞ്ഞു പത്മനാഭപുരം ദിവാൻപേഷ്കാർ ൧൦൮൧ നവംബർ ൨൭-ന് എഴുതിയയച്ച D. O ലെട്ടറും,

iii ടി ടി തിരുവനന്തപുരം സീനിയർ ദിവാൻപേഷ്കാർ ൧൦൮൧ നവംബർ ൨൮-ന് എഴുതിയയച്ച D. O ലെട്ടറും,

iv ടി ടി കോട്ടയം ദിവാൻപേഷ്കാർ ൧൦൮൧ ഡിസംബർ ൨൭-ന് ൻ൭൩-ാം നമ്പരായി എഴുതിയയച്ച ലെട്ടറും,

v ടി ടി കൊല്ലം ദിവാൻപേഷ്കാർ ൧൦൮൧ ഡിസംബർ ൨൭-ന് എഴുതി അയച്ച D. O. ലെട്ടറും,

വായിച്ചു.

സർവെ സൂപ്രിന്റെണ്ടെണ്ട് ൧൦൮൧-ന്-൧൦-ന് [illegible] ാം നമ്പരായും ൧൦൮൧-ൽ-൧൦-ന് [illegible] ാം നമ്പരായും ൧൦൮൧-ൻ-൨-ന് [illegible] ാം നമ്പരായും എഴുതി അയച്ച ലെട്ടറുകളിൽ താഴെ പറയുന്ന ഏർപ്പാടുകളെ ഗവർണ്മെന്റിന്റെ ആലോചനക്കായി സമർപ്പിച്ചു.

(എ) അതാതു അടയാളങ്ങളേയും ലാൻഡ് റിക്കാർഡുകളേയും സൂക്ഷിക്കുന്നതിലേക്ക ഒരു സിബ്ബന്തിയെ ഏൎപ്പെടുത്തുക

(ബി) സർവെ ഡിപ്പാർട്ട്മെണ്ടിൽ മേലാൽ ജോലിയെപ്പററിയുള്ള അഭിപ്രായങ്ങൾ.

(സി) പ്രവൃത്തി സിബ്ബന്തികളുടേയും പ്രവൃത്തി ഭരണത്തിന്റേയും പരിഷ്കാരം.

(ഡി) സർവെ ഡിപ്പാർട്ട്മെണ്ടിന്റെ പരിഷ്കരണവും, സർവെ ബ്രാഞ്ചിനേയും ലാൻഡ് റിക്കാർഡ് ബ്രാഞ്ചിനേയും വേറതിരിച്ചു രണ്ടാക്കുന്നതും.

2. ഈ വയെക്കുറിച്ച ഉത്തരവു ചെയ്യുന്നതിനു മുമ്പിൽ മേല്പറഞ്ഞതിൽ ചില വിഷയങ്ങളെ ഗുണദോഷവിവേചനത്തിനായി താഴെ പറയുന്നവർ ഒരു കമ്മിററിയെ ഏൎപ്പെടുത്തി അവരുടെ അഭിപ്രായം അറിയുന്നതു അഭിലഷണീയം ആണെന്നു ഗവർണ്മെന്റ വിചാരിച്ചു.

(1) അക്കിങ് ചീഫ് ദിവാൻപേഷ്കാർ എസ്. പത്മനാഭയ്യർ എസ്കൊയർ എം. എ, പ്രെസിഡണ്ട്.

(2) ഫിനാൻസും അക്കൌണ്ട്സും ഡിപ്പാർട്ട്മെന്റിൽ ഗവർൺമെൻറ് സെക്രട്ടരി പി വി കൃഷ്ണസ്വാമി ചെട്ടിയാർ എസ്കൊയർ ബി എ.

(3) റെവന്യൂ സർവെ സൂപ്രിന്റെണ്ടെണ്ട് ജി. എൻ. കൃഷ്ണരായർ എസ്കൊയർ

(4) ഗവർൺമെന്റ അണ്ടർ സെക്രട്ടരി ആർ. മഹാദേവയ്യർ എസ്കൊയർ ബി. എ.

(5) തിരുവനന്തപുരം ദിവാൻപേഷ്കാരുടെ അസിസ്റ്റണ്ട് സി. രാഘവാചാര്യർ എസ്കൊയർ ബി. എ.

(6) ദിവാന്റെ പ്രൈവെററ് സെക്രട്ടരി ടി. ആർ. കൃഷ്ണസ്വാമി അയ്യങ്കാർ എസ്കൊയർ ബി എ. (സെക്രട്ടരി)

൧൦൮൧ സെപ്തംബർ ൧൨-ലെ [illegible] ാം നമ്പർ ഗവർണ്മെന്റ് പ്രൊസീഡിങ്ങ്സ് നോക്ക.

3. താഴെ പറയുന്ന മുഖ്യ സംഗതികളെക്കുറിച്ചു കമ്മിററിയുടെ അഭിപ്രായം ആവശ്യപ്പെട്ടിരുന്നു.

I പഴയ പ്രവൃത്തികളെ പകുതികളായി വിഭജിച്ചിരുന്നു. സർവെ ഡിപ്പാർട്ട്മെണ്ടും കണ്ടെഴുത്തു ഡിപ്പാർട്ടുമെണ്ടും ഓരോ പകുതിയും പ്രത്യേകം പ്രത്യേകം ആയി പടങ്ങളും കണക്കെഴുത്തു രജിസ്റ്റരുകളും തയാറാക്കീട്ടുണ്ട്. ഈ വിധം ഉള്ള ഓരോ പകുതിയും പ്രത്യേകമായി വെച്ചു ഭരണകാരെ [illegible] യും, മദ്രാസ് പ്രെസിഡെൻസിയിൽ എന്നപോലെ പകുതികളെ [illegible] കൾ ചേർത്തു മുഖ്യമായും [illegible]

II. മേലാൽ ബന്ധിതം ആയി വച്ചിരിക്കേണ്ടതായ ലാൻഡ് റിക്കാർഡുകളെ സൂക്ഷിക്കുന്ന ജോലിക്കായി ആണ്ടിൽ ഒരു വലിയ ഭാഗം കാലത്തെ വിനിയോഗിക്കാൻ പകുതിയിലെ ജീവനക്കാർക്കു സാവകാശം സിദ്ധിക്കത്തക്ക വിധത്തിൽ മദ്രാസ് പ്രെസിഡെൻസിയിൽ എന്നപോലെ സംസ്ഥാനം മുഴുവനിലും, കരം ഒടുക്കുന്നതിനു രശീതുള്ള ഉത്തരവു പടി ആറു തവണകൾ ആക്കിയിരിക്കുന്നതിനെ നാലായോ വേറെ പറഞ്ഞ എണ്ണം ആയോ മേലും കുറയ്ക്കുക.

III (1) ലാൻഡ് റിക്കാർഡ് വക സിബ്ബന്തിക്കായി നിയമിക്കേണ്ടിയിരിക്കുന്ന പുതിയ ജീവനക്കാരുടെ ക്ലാസ്സും എണ്ണവും.

(2) പുതിയ ജീവനക്കാർ ഓരോരുത്തരും ചെയ്യേണ്ട ജോലികൾ.

(3) ദിവാൻ പേഷ്കാർമാർക്കും സർവെ സൂപ്രണ്ടിനും അവരുടെ മേലുള്ള കാര്യവിചാരം.

IV. ഇപ്പോഴും സർവെ ജോലി പഠിക്കാതെ ഇരിക്കുന്ന കണക്കന്മാരെ ഉടനടി ആ ജോലി പഠിപ്പിക്കുന്നതിലേക്കു ഡിസ്ട്രിക്റ്റ് സർവെ സ്കൂളുകൾ ഏർപ്പെടുത്തുകയും, അവരെ സർവെ പഠിക്കാൻ നിർബന്ധമായി അയക്കുകയും ചെയ്യുക.

V. ലാൻഡ് റിക്കാർഡ് മെയിന്റനൻസ് ജീവനക്കാരുടെ ഉപയോഗത്തിനായി ഡ്രാഫ്റ്റ്സ്മാൻമാരൊ സർവെ പഠിച്ചതിൽ പിന്നെ പകുതിയിലെ കണക്കന്മാരൊ രണ്ടുകൂട്ടരും കൂടിയൊ വേഗം തീർക്കത്തക്ക വിധത്തിൽ വസ്തുവക അളവു പടങ്ങൾ ഉണ്ടാക്കുക.

VI. താലൂക്കു ആഫീസ്, ഹജൂർ റിക്കാർഡ് ആഫീസ് ഇവയിലേക്കും വില്ലേജുകളിലേക്കും ആയി ഗൊവർമെന്റ് പ്രെസ്സിൽ ഫിക്സഡ് സെറ്റിൽമെന്റ് പുസ്തകങ്ങളുടെ അച്ചടി പ്രതികൾ ഉണ്ടാക്കുക.

4. കമ്മിറ്റി ആറു യോഗങ്ങൾ കൂടുകയും അവരോടു ചോദിച്ച സംഗതികളിന്മേൽ താഴെ എഴുതിയിരിക്കുന്ന അവരുടെ തീരുമാനങ്ങൾ അടങ്ങിയതായി മുമ്പു വായിച്ച ഫൈനൽ റിപ്പോർട്ട് അയക്കുകയും ചെയ്തു. സർവെ സൂപ്രണ്ടിന്റെ ഭിന്നാഭിപ്രായം അടങ്ങിയ മിനിട്ടും റിപ്പോർട്ടിൽ ചേർത്തിട്ടുണ്ടായിരുന്നു:—

I. ഇപ്പോഴത്തെ റെവന്യൂ സർവേയിലും കണ്ടെഴുത്തിലും സമ്മതിക്കപ്പെട്ടിരിക്കുന്ന ഏകമാന ദേശം പകുതി ആകുന്നു. സംസ്ഥാനം ഒട്ടുക്കു 4ററ പകുതികൾ ഉണ്ടു. കരം പിരിവു വക ഏകമാനദേശം ആയി താലൂക്കു കണക്കുകളിൽ ഇപ്പോഴും ഗണിച്ചുവരുന്നതു പ്രവൃത്തി ആകുന്നു. താലൂക്കുകൾ പഴയ രീതിയിൽ അനേകം പ്രവൃത്തികൾ ആയി വിഭജിച്ചിരിക്കുന്നു. ആ വിധം പ്രവൃത്തികളിൽ ചിലതു ഒരു പകുതി മാത്രവും ചിലതു പലതു വരെ പകുതികളും അടങ്ങിയവ ആകുന്നു. ഓരോ പ്രവൃത്തിക്കും ഒരു പാർവത്യകാരനും ഒന്നോ അധികമൊ കണക്കന്മാരും ഉണ്ടു. ഈ വിധം ഒന്നിൽ അധികം എണ്ണം പകുതികളുടെ മേൽവിചാരം ഉള്ള പാർവത്യകാരൻ മദ്രാസ് പ്രെസിഡെൻസിയിലെ അനേകം ഗ്രാമങ്ങളുടെ മേൽവിചാരം വഹിക്കുന്ന മണിയകാരനു ശരിയായിരിക്കുന്നു. എല്ലാ പ്രവൃത്തികളിലും കൂടി ആകെ 7ററ കണക്കന്മാർ ഉണ്ടു; ഈ സംഖ്യ ഓരോ പകുതിക്കും ശരാശരി ഒരു കണക്കനേക്കാൾ കുറവ് ആകുന്നു. റെവന്യൂ ഭരണത്തിനു പകുതികളെ ഏകമാനദേശം ആയി നിശ്ചയിക്കയും ഓരോ പകുതിക്കും ഒന്നോ അധികമൊ കണക്കന്മാരെ നിയമിക്കയും ചെയ്യാവുന്നതാകുന്നു.

ഇപ്പോഴത്തെ പകുതികളെ പാർവത്യകാരന്മാർ ഭരിച്ചു നടത്തുന്ന രീതിക്കു ഭേദപ്പെടുത്തണം എന്നില്ല. എന്നാൽ ഓരോ പകുതിയിലും ഉള്ള കരംതീർത്ത പ്രത്യേകം പ്രത്യേകമായി പ്രവൃത്തികളിലെയും താലൂക്കുകളിലെയും കണക്കുകളിൽ കാണിക്കണം. വിവരത്തിനു റിപ്പോർട്ടിനെ സംഗ്രഹിക്കുന്നതു കൊണ്ടും, നെല്ലുരത്തെ പണമായി മാറ്റിയതുകൊണ്ടും, കിസ്തുകളുടെ എണ്ണത്തെ കുറച്ചതുകൊണ്ടും ഉണ്ടായിട്ടുള്ള സൌകര്യം ഹേതുവായ, ലാൻഡ് റിക്കാർഡ് മെയിന്റനൻസ് ജോലിയെ പ്രവൃത്തികളിലെ ജീവനക്കാർ തങ്ങളുടെ ഇപ്പോഴത്തെ ജോലികളോടുകൂടി നടത്താവുന്നതാണെന്നു കമ്മിററി അഭിപ്രായപ്പെടുന്നു.

II. ഒരു ആണ്ടിൽ അധികം ഭാഗത്തിലും കരംപിരിവു ജോലിയിൽ നിന്നു പകുതികളിലെ ജീവനക്കാരെ വിടുത്തിവെക്കയും, അവർക്കു ലാൻഡ് റിക്കാർഡ് മെയിന്റനൻസ് ജോലി നടത്തുന്നതിലേക്കു സാവകാശം ഉണ്ടാക്കുകയും ചെയ്യുന്നതിലേക്കായി, നിലങ്ങൾക്കു കന്നിപ്പൂവിനും, കുംഭപ്പൂവിനും ഉള്ള കരം ഒടുക്കുന്നതിലേക്കു ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ആറു തുല്യ തവണകളെ നാലു തുല്യ തവണകളാക്കി കുറക്കണം. കന്നിപ്പൂവിലേക്കുള്ള തവണകളെ കന്നി, തുലാം, ഈ മാസങ്ങളിലും, കുംഭപ്പൂവിലേക്കുള്ള തവണകളെ കുംഭം മീനം ഈ മാസങ്ങളിലും ഒടുക്കിക്കൊള്ളണം എന്നു നിശ്ചയിക്കയും, പുരയിടങ്ങൾക്കുള്ള കരത്തെ ഒടുക്കുന്നതിലേക്കു

ആറു തവണകൾ ഉള്ളതിനെ നാലു തവണകൾ ആക്കി കുറയ്ക്കുകയും, അവയെയും കന്നി, തുലാം, കുംഭം, മീനം ഈ മാസങ്ങളിൽ ആയി ഒടുക്കണം എന്നു നിശ്ചയിക്കയും ചെയ്യണം എന്നു നിശ്ചയിച്ചു. വടക്കൻ തിരുവിതാംകോട്ട പുഞ്ച നിലങ്ങളിൻ മേടപ്പുവിലേക്ക കരം ഒടുക്കുന്നതിനു ഈടത്തിലും ഇടവത്തിലും ആയി തവണകൾ ഉള്ളതിനെ ഭേദപ്പെടുത്തേണ്ടതില്ല.

III താൻ നിശ്ചയിക്കുമ്പോലെ നാലു താലൂക്കുകൾ ചേർന്ന ഒരു റെവെ ഡിവിഷനു താഴെ വിവരിക്കുന്ന സിബ്ബന്തികൾ ഉണ്ടായിരിക്കണം എന്നു സർവെ സൂപ്രേണ്ടു അഭിപ്രായപ്പെടുന്നു.

		ശമ്പളം രൂപാ.
൧	ലാൻഡ് റിക്കാർഡ് തഹശീൽദാർ	൧൫൦.
	ഇതിനോടു ൰൦ രൂപാ അലവൻസ് ചേർന്ന	൧൭൫
൧	ഡ്രാഫ്ട്സ്മൻ	൨൫.
൧	ക്ലാർക്ക	൨൦.
൪	ശിപായികൾ	൨൪.
	താലൂക്കതോറും ഓരോ താലൂക്ക സർവെയർ വീതം ആയി ൪൦ രൂപാ വീതം ശമ്പളത്തിൽ ൪ സർവെയർമാർ	൧൬൦.
	ഓരോ താലൂക്കിലേക്ക ൩ അളവുകാർ വീതം ആയി ൩ രൂപാ വീതം ശമ്പളത്തിൽ ൧൨ അളവുകാർ	൬൦
	മാസം ഒന്നുക്ക ആകെ	൪൫൩.
	ആണ്ടൊന്നുക്ക	൫൪൩൬.
	സംസ്ഥാനം മുഴുവനിലേക്ക മേൽ കാണിച്ചതിൽ ൮ ഇരട്ടി ആകുന്നു	൪൩,൪൮൮ രൂപാ.

ഇതുകൂടാതെ എല്ലാറ്റിനും മേൽ ആയിട്ട സർവെക്കും ലാൻഡ് റിക്കാർഡ്സിനും ആയി ഒരു സൂപ്രേണ്ടും തദ്ധ്യായത്തിനായി ലാൻഡ് റിക്കാർഡ്സ് ഡിപ്പാർട്ടുമെണ്ടിൽ ഒരു അസിസ്റ്റന്റും ഉണ്ടായിരിക്കേണ്ടതാകുന്നു.

മദ്രാസ് പ്രെസിഡൻസിയിൽ ഓരോ ജില്ലക്കുള്ള മെയിന്റനൻസ് സിബ്ബന്തികൾ ആവിതു:—

(ഏ) ൧൫൦ രൂപാ ശമ്പളവും ആദ്യം ൧൦ രൂപായും അനന്തരം ൧൦ രൂപാ വീതം ൫൦ രൂപാ ആകുന്നതുവരെ കൂടുതലും ഉള്ള ഒരു ലാൻഡ് റിക്കാർഡ്സ് തഹശീൽദാരും താഴെ പറയുന്ന സിബ്ബന്തികളും ഉണ്ട്:—

	ശമ്പളം രൂപാ
ഒരു ഡെപ്യൂട്ടി സർവെയർ ൭൫ മുതൽ ൱൦ വരെ	
ഒരു ക്ലാർക്ക	൨൦
ഒരു ഡ്രാഫ്റ്റസ്മാൻ	൨൦
൭ രൂപാ വീതം ശമ്പളത്തിൽ ൨ ശിപായിമാർ	

(ബി) ഓരോ താലൂക്കിലേക്കും ൩൫ രൂപായൊ ൪൦ രൂപായൊ ശമ്പളവും ൧൦ രൂപാ ലോക്കൽ അലവൻസും ഉള്ള ഒരു ലാൻഡ് റിക്കാർഡ്സ് തഹശീൽദാർ.

ഇതുകൂടാതെ നാലൊ അഞ്ചൊ ജില്ലകൾ ചേർന്ന ഒരു ലാൻഡ് റിക്കാർഡ്സ് സൂപ്രേണ്ടും കൂടി കൂട്ടത്തിലായി ഉണ്ട്.

തിരുവിതാംകോട്ട സംസ്ഥാനം കടപ്പാ ജില്ലയേയൊ കോയമ്പുത്തൂരിനേയൊ കാൾ വിസ്താരം കുറഞ്ഞതും കൃഷ്ണാ ജില്ലയോളം വിസ്താരം ഉള്ളതും ആകുന്നു. തിരുവിതാംകോട്ടിൽ ജമാ (നിലം പുരയിടങ്ങൾ വകകളിൽ കരം) ൩൨ ലക്ഷവും കടപ്പായിൽ ൨൦ ലക്ഷവും കോയമ്പുത്തൂരിൽ ൩൪ ലക്ഷവും കൃഷ്ണയിൽ ൬൫ ലക്ഷവും രൂപാ ആകുന്നു. തിരുവിതാംകോട്ടിൽ ൩൧ താലൂക്കുകൾ ഉണ്ട്. മുമ്പു പറഞ്ഞ ബ്രിട്ടീഷ് ജില്ലകളിൽ കടപ്പായിൽ ൧൧ താലൂക്കുകളും കോയമ്പുത്തൂരിൽ ൧൦ താലൂക്കുകളും കൃഷ്ണയിൽ ൧൨ താലൂക്കുകളും ഉണ്ട്.

സൂപ്രേണ്ടിന്റെ അഭിപ്രായപ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന ലാൻഡ് റിക്കാർഡ്സ് സിബ്ബന്തികൾ തിരുവിതാംകോട്ടിലെ വിസ്താരത്തിനും ജമാക്കും ചേരുന്നതിനെക്കാൾ വളരെ അധികമായി ആവശ്യം ഉള്ളതിൽ വളരെ കൂടുതലും ആകുന്നു എന്നു മേൽ കാണിച്ചതിൽ നിന്നു തെളിയുന്നതാകുന്നു.

തിരുവിതാംകോട്ടിലെ താലൂക്കുകൾ മദ്രാസ് പ്രസിഡെൻസിയിലെ ജില്ലകളിൽ ഉള്ള താലൂക്കുകളെക്കാൾ ചെറിയവ ആകകൊണ്ടും ഓരോ താലൂക്കിനു ഓരോ തഹശീൽദാർ വീതം ആയി ൩൦ തഹശീൽദാർമാർ ഉള്ളതിനാലും വിശേഷിച്ചും താലൂക്ക കണക്കുകളുടെ ലഘുകരണം വിരുത്തി ഏപ്പാടിന്റെ നടപ്പു കിസ്തു തവണകളുടെ സംഖ്യയെ കുറച്ചു നെല്ക്കരത്തെ പണമാക്കിയതു ഇവ നിമിത്തം താലൂക്ക തഹശീൽദാർമാരുടെ ജോലികൾ ലഘൂകരിക്കപ്പെട്ടിട്ടുള്ളതുകൊണ്ടും ലാൻഡ് റിക്കാർഡ്സ് തഹശീൽദാരുടെ ജോലികളെ താലൂക്ക തഹശീൽദാർമാർക്ക അവരുടെ ഇപ്പോഴത്തെ ജോലികൾക്ക വിരോധംകൂടാതെ തന്നെ ധാരാളം നോക്കാവുന്നതാകുന്നു. എന്നാൽ തഹശീൽദാർക്ക സർവെ ജോലിയിൽ പരിശീലനം സിദ്ധിപ്പിക്കേണ്ടതും ആകുന്നു

ലാൻഡ് റിക്കാർഡ്സ് വകക്കായുള്ള സിബ്ബന്തിയുടെ കാര്യത്തിൽ ആ ജോലികളെ തഹശീൽദാരുടെ റെവന്യു ക്ലാർക്കുകളും ശിപായികളും തന്നെ നോക്കാവുന്നതാകയാൽ പ്രത്യേകം ക്ലാർക്കോ ശിപായിയോ ആവശ്യം ആയിരിക്കയില്ല

മദ്രാസ് പ്രെസിഡെൻസിയിൽ ഓരോ ജില്ലക്കും ഒരു ഡെപ്യൂട്ടി സർവെയർ മാത്രമേ ഉള്ളൂ എന്നാൽ തിരുവിതാംകോട്ടിലെ ഓരോ വസ്തുവും ശരാശരിക്ക അധികം ചെറുതായിരിക്കുന്നതിനാലും തിരുവിതാംകോട്ടിലെ ഒരു ഭാഗം മലംപ്രദേശം ആയിരിക്കുന്നതിനാലും വടക്കെ തിരുവിതാംകോട്ടു വെള്ളം കൊണ്ടു മൂടിയ നിലങ്ങൾ ഉള്ളതിനാലും ദിവാൻ പേഷ്കാർമാരുടെ കീഴിൽ ഉള്ള ഓരോ ഡിവിഷനിലേക്കും

൩൦-ം ൪൦-ം രൂപാ ശമ്പളത്തിൽ ഒരു ഡെപ്യൂട്ടി സർവെയരും
൨൫ രൂപാ ശമ്പളത്തിൽ ഒരു ഡ്രാഫ്ട്സ്മാനും
൭ രൂപാ ശമ്പളത്തിൽ രണ്ടു ശിപായിമാരും

ഉണ്ടായിരിക്കണം എന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു സംസ്ഥാനം മുഴുവനിലേക്കു മേല്പറഞ്ഞ സിബ്ബന്തികൾക്ക ചിലവു മാസം ഒന്നുക്ക വമ്പത് രൂപ വീതം ആണ്ടൊന്നുക്ക ൨,൪൦൦ രൂപാ ആയിരിക്കും.

താലൂക്ക സംപ്രതിമാർക്ക ഇപ്പോൾ ജോലി കുറവുതന്നെ. അവർക്ക സർവെ പഠിപ്പിച്ചതിൽ പിന്നെ അവരെ റെവന്യു ഇൻസ്പെക്ടർമാരായി നിയമിക്കയും ലാൻഡ് റിക്കാർഡ്സ് ജോലികളെ മാത്രം മുഖ്യമായി അവരെ ഏല്പിക്കയും അവർ ഇപ്പോൾ ചെയ്യുവരുന്ന കണക്കജോലിയെ താലൂക്കിലെ മറ്റു കീഴ്ജീവനക്കാരെ ഏല്പിക്കയും ചെയ്യാവുന്നതാകുന്നു. ഓരോ റെവന്യു ഇൻസ്പെക്ടർക്കും താലൂക്കിൽ നിന്നു ഒരു ശിപായി വീതം കൊടുക്കാവുന്നതാകുന്നു

മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാർക്ക ലാൻഡ് റിക്കാർഡ്സ് സൂക്ഷിപ്പു സംബന്ധിച്ചു നിശ്ചയിക്കേണ്ട ജോലികളെ കണ്ടുപിടിക്കയും ഭരിക്കയും ചെയ്യുന്ന കാര്യത്തിൽ കഴിയുന്നിടത്തോളം മദ്രാസ് പ്രസിഡെൻസിയിൽ നടപ്പുള്ള ചട്ടങ്ങളെ അനുസരിച്ചു ചട്ടങ്ങൾ ഉണ്ടാക്കേണ്ടി വരും.

ലാൻഡ്റിക്കാർഡ്സ് മെയിൻടനൻസ് സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ സിബ്ബന്തികളുടെമേൽ കാര്യവിചാരം സർവെ സൂപ്രിണ്ടെണ്ടിനും ദിവാൻ പേഷ്കാർക്കും ഉണ്ടായിരിക്കുന്നതാകുന്നു.

മേല്പറഞ്ഞ പ്രകാരം കമ്മിററി നിശ്ചയിച്ചു എന്നാൽ മിസ്റ്റർ കൃഷ്ണരായർ വിസമ്മതിച്ചു.

IV കണ്ടെഴുത്തു തീർന്ന താലൂക്കുകളിലെ മുഖ്യസ്ഥലങ്ങളിൽ റെവന്യു ഇൻസ്പെക്ടർമാർ അല്ലെങ്കിൽ സമ്പ്രതിമാരേയും, പാർവത്യകാർമാരേയും കണക്കന്മാരേയും സർവെ പഠിപ്പിക്കുന്നതിലേക്ക ഡിവിഷൻ ഡെപ്യൂട്ടി സർവെയർമാർ തങ്ങളുടെ ഡ്രാഫ്ട്സ്മൻമാരുടെ സഹായത്തോടുകൂടി ഇപ്പോഴത്തെക്ക ആണ്ടിൽ ൩ ആഴ്ചവട്ടം കാലം ഇടവിടാതെ സർവെ ക്ലാസ്സുകൾ നടത്തിക്കണം എന്നു നിശ്ചയിച്ചു. തഹശീൽദാർമാർ തിരുവനന്തപുരത്തുള്ള സർവെ സ്കൂളിൽ സർവെ പഠിക്കേണ്ടതാകുന്നു.

V — ഉം VI :— ഉം സർവെ സൂപ്രിണ്ടെണ്ടന്റ് വേണം എന്നു അഭിപ്രായപ്പെട്ടിട്ടുള്ള ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസ് ഉൾക്കുള്ള ഫീൽഡ് അളവുകളുടെ പടങ്ങൾ ഇരട്ടിപ്പു ഉണ്ടാക്കുന്നതിലേക്ക ഡിവിഷൻ ഡ്രാഫ്ട്സ്മാൻമാരും സർവെ പഠിപ്പു കഴിഞ്ഞതിൽ പിന്നെ സമ്പ്രതിമാർ അല്ലെങ്കിൽ റെവന്യു ഇൻസ്പെക്ടർമാരും പകുതി കണക്കന്മാരും ഡെപ്യൂട്ടി സർവെയർമാരുടെ മേൽനോട്ടത്തിൽ അവ ഉണ്ടാക്കണം എന്നു നിശ്ചയിച്ചു. ഫോട്ടോഗ്രാഫിക് പകർപ്പുകൾ ഇപ്പോൾ ആവശ്യം ഇല്ല

5. കമ്മിററി അഭിപ്രായപ്പെട്ട സംഗതികളെക്കുറിച്ചു ഡിവിഷൻ പേഷ്കാർമാരുടെ അഭിപ്രായങ്ങൾ എഴുതി അയച്ചു വരുത്തുകയും ചെയ്തു.

അതിന്മേൽ റവന്യൂ ഉത്തരവു.

നമ്പർ 945/R തിരുവനന്തപുരം [illegible] ഫെബ്രുവരി [illegible].

1. [illegible] സർവെ സൂപ്രണ്ട് [illegible] റിപ്പോർട്ടുകളിൽ [illegible] 340/161 നമ്പരിൽ [illegible] റിപ്പോർട്ടിൽ [illegible] സർവെ പൂർത്തിയാകം എന്നു പ്രതീക്ഷിച്ചിരുന്നതിനെ ഗണിച്ചും [illegible] ജോലികളുടെ നടപ്പിനെ ഗണിച്ചും ലാൻഡ് റിക്കാർഡുകളെ ([illegible]) ശരിയായ സ്ഥിതിയിൽ വെച്ചുകൊള്ളുന്നതിലേക്കു ഒരു [illegible] അദ്ദേഹത്തിന്റെ അഭിപ്രായം സർവെ [illegible] സ്ഥിതിയിൽ [illegible] ജോലിയെ പ്രവൃത്തികളിലെ ജീവനക്കാർ ഒരു ലാൻഡ് റിക്കാർഡ് ആഫീസർ [illegible] ചെയ്യേണ്ടതാണെന്നും [illegible] സർവെ ജോലിയെ പ്രവൃത്തിയിലെ ജീവനക്കാർ നടത്തണം എന്നും [illegible] സർവെയർ പരിശോധിക്കണം [illegible] ശരിയായ സ്ഥിതിയിൽ വെച്ചുകൊള്ളുന്നതിനെ സംബന്ധിച്ചു [illegible] കാലത്തു തന്നെ ശരിയായി [illegible] സർവെ [illegible] 167/[illegible] നമ്പരിൽ അയച്ച റിപ്പോർട്ടിൽ [illegible] പ്രതിപാദിക്കയും ലാൻഡ് റിക്കാർഡുകളെ യഥാസ്ഥിതിയിൽ വെച്ചുകൊള്ളുന്ന [illegible] പ്രകാരമായി(എ) ഇപ്പോൾ ഉള്ള പ്രവൃത്തി ജീവനക്കാരെ [illegible] (ബി) സർവെയെ യഥാസ്ഥിതിയിൽ വെച്ചുകൊള്ളുന്നതിലേക്കായി [illegible] ജീവനക്കാരുടെ [illegible] പുസ്തകം [illegible] അഭിപ്രായപ്പെടുകയും ചെയ്തു.

2. [illegible] സാധിപ്പിക്കുന്നതിനു [illegible] എന്നും [illegible] അഭിപ്രായപ്പെട്ടു.

3. ലാൻഡ് റിക്കാർഡുകളെ യഥാസ്ഥിതിയിൽ [illegible] റിപ്പോർട്ടിൽ [illegible] എന്നും സർവെ ഡിപ്പാർട്ടുമെന്റിനെ പുതുതായി സംഘടിപ്പിച്ചു, (എ) സർവെ [illegible] (ബി) ലാൻഡ് റിക്കാർഡ്സ് എന്ന രണ്ടു ശാഖകളായി വിഭജിക്കണം എന്നും 1906 [illegible] 543/296 നമ്പരിൽ അയച്ച റിപ്പോർട്ടിൽ [illegible] അഭിപ്രായപ്പെടുകയും ചെയ്തു.

4. [illegible] നിർണ്ണയത്തിനായി [illegible] അഭിപ്രായം ബോധിപ്പിച്ചിട്ടുള്ള [illegible] വിഷയങ്ങളെക്കുറിച്ചു മാത്രം പ്രതിപാദിക്കുന്നതിനു ഇപ്പോൾ ഗവമെന്റു ഉദ്ദേശിക്കുന്നു.

I. ഭൂമിസംബന്ധമായ ആദായത്തെ പിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണവും
[illegible] ഓരോ പകുതിയിലും [illegible]
[illegible] വെച്ചുകൊള്ളുന്നതിനു
വേണ്ട ജീവനക്കാരും,

3. സൎവെ ചെയ്തു കണ്ടെഴുത്തിലും സമ്മതിച്ചു ഗ്രഹിക്കപ്പെട്ടിട്ടുള്ള ദേശവിഭാഗത്തിന്റെ എത്രയും ചെറുതായ ഏതൊന്നെങ്കിലും പകുതി ആകുന്ന പ്രവൃത്തിയല്ല. അതുകൊണ്ടു മേലാൽ ഭൂമിക്കരത്തിനെ സംബന്ധിച്ച ഭരണം വകക്കു ദേശവിഭാഗത്തിന്റെ എത്രയും ചെറുതായ [illegible] ആയി ഗ്രഹിക്കേണ്ടതു പകുതിയെ ആണെന്നും പ്രവൃത്തിയെ അല്ലാ എന്നു [illegible] അഭിപ്രായപ്പെടുന്ന എല്ലാ പേഷ്കാരന്മാരും ഈ അഭിപ്രായത്തിൽ യോജിക്കുന്നു. ഗവൎമ്മെന്റു ഈ അഭിപ്രായത്തെ അംഗീകരിക്കയും അനുവദിക്കയും ചെയ്യുന്നു. ഓരോ പകുതിയും പ്രത്യേകം പ്രത്യേകം റെക്കാൎഡുകൾ വെച്ചുകൊള്ളേണ്ടതും അവയെ പാൎവ്വത്യകാരന്മാരുടെ [illegible] കളിലും താലൂക്കു കണക്കുകളിലും ചേൎത്തു എഴുതി വെച്ചുകൊള്ളേണ്ടതും ആകുന്നു. ഈ ഏൎപ്പാടു കണ്ടെഴുത്തു തീൎന്ന താലൂക്കുകളിൽ [illegible] മുതൽക്കും മറ്റു താലൂക്കുകളിൽ അവയിൽ കണ്ടെഴുത്തു പൂൎത്തിയാകുമ്പോഴും നടപ്പാക്കേണ്ടതാകുന്നു.

4. ഇതിലേക്കു ഓരോ പകുതിയിലും വേണ്ട ജീവനക്കാരെ സംബന്ധിച്ച കമ്മിറ്റിയുടെ അഭിപ്രായം [illegible] സ്ഥിതിയിൽ വെച്ചുകൊള്ളേണ്ടുന്ന രേഖകളെ [illegible] ജീവനക്കാർ നടത്തണം എന്നു ആകുന്നു. എല്ലാ പേഷ്കാരന്മാരും ഈ അഭിപ്രായത്തിൽ യോജിക്കുന്നു. ഈ അഭിപ്രായത്തെയും ഗവൎമ്മെന്റു സമ്മതിക്കുന്നു. ഓരോ പകുതിക്കും [illegible] ഉണ്ടായിരിക്കത്തക്കവണ്ണം ഇപ്പോൾ ഉള്ള പ്രവൃത്തികളെ കൂട്ടിച്ചേൎത്തു അവയെ അവരവരുടെ പകുതികളുടെ [illegible] പകുതികളുടെ [illegible] പാൎവ്വത്യകാരന്മാർ, ഇപ്പോൾ നടത്തിവരുന്ന രീതിയെ [illegible] എന്നു കമ്മിറ്റി ശിപാൎശ ചെയ്തിരിക്കകൊണ്ടു അപ്രകാരം ചെയ്യേണ്ടതാകുന്നു. ഓരോ പകുതിയിലെയും [illegible] ശരിയായ സ്ഥിതിയിൽ വെച്ചുകൊള്ളുന്നതിനു പകുതി [illegible] ചുമതലപ്പെട്ടവർ ആയിരിക്കും. കരം പിരിവു വകക്കു [illegible] പാൎവ്വത്യകാരന്മാരും ഇതുവരെ ഉള്ളതുപോലെ തന്നെ ചുമതലപ്പെട്ടവരായി ഗണിക്കുന്നതാകുന്നു. കണക്കന്മാരുടെയും പാൎവ്വത്യകാരന്മാരുടെയും ജോലികളെയും [illegible] സംബന്ധിച്ചിട്ടുള്ള ചട്ടങ്ങൾ പ്രത്യേകം അനുവദിച്ചു നടപ്പാക്കുന്നതാകുന്നു. അനേകം പകുതികൾ വിസ്താരം കൂടിയവയായി ഇരിക്കകൊണ്ടു അവയെ വിഭജിക്കണം എന്നു കോട്ടയം പേഷ്കാർ അഭിപ്രായപ്പെടുന്നു. എല്ലാ താലൂക്കുകളിലും സൎവെ റിക്കാൎഡുകൾ പൂൎത്തിയാക്കപ്പെട്ടിരിക്കകൊണ്ടും കണ്ടെഴുത്തു തന്നെയും അനേകം താലൂക്കുകളിൽ തീൎന്നിരിക്കകൊണ്ടും പകുതികളെ വീണ്ടും വിഭജിക്കേണ്ടതു ഉചിതം എന്നു ഗവൎമ്മെന്റു വിചാരിക്കുന്നില്ലാ. ഓരോ പകുതിക്കും ആവശ്യം ഉള്ള ജീവനക്കാരെ ഉണ്ടാക്കി കൊടുക്കുന്നതിൽ വിസ്താരത്തിലുള്ള വ്യത്യാസങ്ങളെയും ചെയ്യേണ്ടുന്ന ജോലിയുടെ കൂടുതൽ കുറവിനെയും വേണ്ടപോലെ ആലോചിക്കുന്നതായിരിക്കും. ഓരോ പകുതിക്കും ഒരു അധികാരിയെയും ഒരു കണക്കനെയും നിയമിക്കണം എന്നു കൊല്ലം പേഷ്കാർ അഭിപ്രായപ്പെടുന്നു. ഇപ്പോഴത്തെ ഏൎപ്പാട്ടിനെ ഏതാനുംകാലം നടത്തിനോക്കി ലഭിക്കുന്ന അനുഭവത്തിന്മേൽ ഇതിനെ കുറിച്ചു ആലോചിക്കുന്നതായിരിക്കും.

II. കരം ഒടുക്കുന്നതിനുള്ള തവണകളുടെ എണ്ണത്തെ കുറക്കുക,

5. കരം ഒടുക്കുന്നതിനുള്ള തവണകളുടെ എണ്ണത്തെ നാലാക്കി കുറക്കണം എന്നു കമ്മിട്ടി ശിപാൎശ ചെയ്തിരിക്കുന്നതിനു കോട്ടയം പേഷ്കാർ ഒഴിച്ചു മറ്റു പേഷ്കാരന്മാർ അനുകൂലന്മാർ ആകുന്നു. തവണകളുടെ എണ്ണത്തെ കുറച്ചു [illegible] ഉത്തരവു കൊടുത്തിട്ടുള്ളതു അനുസരിച്ചു ഏതാനും കാലം കാൎയ്യങ്ങൾ നടത്തിനോക്കിയതിന്റെ ശേഷം അല്ലാതെ ഇതിൽ യാതൊരു ഭേദവും ചെയ്വാൻ പാടില്ലാ എന്നു കോട്ടയം പേഷ്കാർ അഭിപ്രായപ്പെടുന്നു. തവണകളുടെ എണ്ണത്തെ ഭേദപ്പെടുത്തി രണ്ടോ മൂന്നോ കൊല്ലങ്ങൾകാലം നടത്തിച്ചുനോക്കി പരിശോധിക്കണം എന്നു പത്മനാഭപുരം പേഷ്കാർ അഭിപ്രായപ്പെടുന്നു. തിരുവനന്തപുരം സീനിയർ ഡിവിഷൻ പേഷ്കാർ [illegible] കന്നി, വൃശ്ചികം, കുംഭം, മേടം ഈ മാസങ്ങളിലായിരിക്കണം തവണകൾ ആക്കണം എന്നു അഭിപ്രായപ്പെടുന്നു. ഈ വിഷയത്തിന്റെ പൂൎവ്വചരിത്രത്തെയും ഈ സംസ്ഥാനത്തിൽ ഉള്ള അനുഭവ ജ്ഞാനമുള്ള വ്യവഹാരന്മാരും ആയ അനേകം ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങളെയും കമ്മിട്ടിക്കാർ അവരുടെ റിപ്പോൎട്ടിൽ വ്യക്തമായി കാണിച്ചിരിക്കുന്നു. അഭിപ്രായഭാരം കരം ഒടുക്കുന്നതിനുള്ള തവണകളുടെ എണ്ണം നാലു ആക്കി സ്ഥിര

[illegible]

III. [illegible]

6 [illegible]

[illegible]

[illegible]

7 [illegible]

യി ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന [illegible] ഇനിയും തീരാത്ത താലൂക്കുകളിൽ പുതു വൽ സംബന്ധിച്ചും പട്ടയങ്ങളുടെ വിതരണം സംബന്ധിച്ചും ഫീൽഡ് മെഷർമെന്റ് ബുക്കുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും [illegible] ഉള്ള [illegible] ഇടയ്ക്ക് സമ്മതിച്ചിട്ടുള്ളതിൽ വിശ്രമിക്കുന്ന ഏർപ്പാടിനു വേണ്ടത്ര വേഗമായ പ്രവർത്തനം ഉണ്ടായിരിക്കയും എല്ലാ താലൂക്കുകളിലും ഉള്ള പ്രവൃത്തിക്കാരന്മാരെ സർവ്വേ വേല പഠിപ്പിക്കേണ്ട ആവശ്യകതയെ ഗവൺമെന്റ് മേൽ പറഞ്ഞ കാര്യത്തിലേക്കായി കണ്ടെടുത്തു പൂർത്തിയായ ഓരോ താലൂക്കിലേക്കും തൽക്കാലം ആയി ഒരു ഡെപ്യൂട്ടി സൂപ്പർവൈസറെ ഇപ്പോൾ നിയമിക്കേണ്ടത് അഭിലഷണീയം ആണെന്ന് ഗവൺമെന്റ് വിചാരിക്കുന്നു. ഇതുവരെ കണ്ടെടുത്ത് തീരാത്ത താലൂക്കുകളിൽ ഉള്ള പ്രവൃത്തിക്കാരന്മാരെ സർവ്വേ വേല പഠിപ്പിക്കുന്നതിനായി കൊല്ലം ഡിവിഷനിലേക്ക് ഒരു സംഖ്യയേയും കോട്ടയം ഡിവിഷനിലേക്ക് [illegible] സർവ്വേയർമാരെയും നിയമിക്കയും അവരെക്കൊണ്ട് ഫീൽഡ് മെഷർമെന്റ് ബുക്കുകൾ തയ്യാറാക്കിക്കയും ചെയ്യുന്നതാകുന്നു.

8. പ്രവൃത്തിക്കാരന്മാരെ സർവ്വേ ജോലി പഠിപ്പിക്കയും ഡെപ്യൂട്ടി സൂപ്പർവൈസർമാരുടെ മേൽ പരിശോധനയിൻ കീഴിലായി അവരെക്കൊണ്ട് ഫീൽഡ് മെഷർമെന്റ് ബുക്കുകൾ തയ്യാറാക്കിക്കയും ചെയ്തതിന്റെ ശേഷം അവയെ [illegible] കണ്ടെടുത്തു പൂർത്തിയായ ഓരോ താലൂക്കിലും നടപ്പിൽ വരുത്തുന്നതാകുന്നു. പിന്നീട് ഓരോ താലൂക്കിലേക്കും ഒരു റെവന്യൂ ഇൻസ്പെക്ടരെ നിയമിക്കുന്നതും അതിൽപിന്നെ കമ്മിറ്റി ശിപാർശ ചെയ്തിരിക്കുമ്പോലെ ഓരോ ഡിവിഷനിലേക്കും മാത്രം ആയി ഒരു ഡെപ്യൂട്ടി സൂപ്പർവൈസരെ നിയമിക്കുന്നതും ആകുന്നു. റെവന്യൂ ഇൻസ്പെക്ടരായി നിയമിക്കുന്നതു പ്രധാനമായി സംപ്രതിമാരെ ആയിരിക്കും. സംപ്രതിമാർ പ്രവൃത്തിക്കാരന്മാരോടൊന്നിച്ച് സർവ്വേ പഠിക്കേണ്ടതും ആകുന്നു. [illegible] സർവ്വേ [illegible] റെവന്യൂ ജോലിക്കു കൂടി യോഗ്യതയുള്ളവരായി കാണപ്പെടുന്ന അവരെയും റെവന്യൂ ഇൻസ്പെക്ടർമാരായി നിയമിക്കുന്നതാകുന്നു. [illegible] എല്ലാ പ്രവൃത്തികളിലും [illegible] താലൂക്ക് കച്ചേരിയിൽ ഉള്ള സാധാരണ ജോലിയെ കീഴ്ക്കൂട്ടം കണക്കപ്പിള്ളമാരെയും ഡെപ്യൂട്ടി തഹസീൽദാരെയും കൊണ്ട് നടത്തിക്കാം എന്നുള്ളതിനാൽ അതിൽപിന്നെ യാതൊരു [illegible] സംപ്രതി എന്ന സ്ഥാനത്തെ വെച്ചു കൊണ്ടിരിക്കുന്നതു ആവശ്യമാണെന്ന് ഗവൺമെന്റ് വിചാരിക്കുന്നില്ല. ഇപ്പോഴത്തെ ജീവനക്കാർക്കു സങ്കടം നേരിടാതെ ഈ ഏർപ്പാടിനെ ക്രമേണ നടപ്പാക്കണം എന്നുള്ളതുകൊണ്ട് സംപ്രതി ജീവനത്തിനു ഒഴിവു [illegible] പേഷ്കാർമാർ [illegible] അധികം കൂടുതലാകുന്നു.

9. മേൽപ്പറഞ്ഞതുപോലെ [illegible] കാലത്തേക്കായി നിയമിക്കപ്പെടുന്ന താലൂക്ക സർവ്വേയർമാർ [illegible] രൂപാ ശമ്പളത്തിലും [illegible] രൂപാ ശമ്പളത്തിലും 2 ഗ്രേഡിൽ ഉള്ളവരായിരിക്കും. ഓരോരുത്തരുടെയും കീഴിൽ ജോലിക്കായി ഒരു താലൂക്ക ശിപായിയെ നിയോഗിക്കേണ്ടതാകുന്നു. ഈ ഏർപ്പാട് അനുസരിച്ച് നിയമിക്കപ്പെടുന്ന റെവന്യൂ ഇൻസ്പെക്ടർമാരുടെ ശമ്പളം 30-1-35 രൂപാ ആയിരിക്കും. അവരുടെ ക്രമമായ പ്രമോഷൻ ഡെപ്യൂട്ടി തഹസീൽദാർ ജോലിയായിരിക്കും. ഡിവിഷൻ സർവ്വേയർമാരുടെ ശമ്പളം 35-1-40 രൂപാ ആയിരിക്കും. അവർക്ക് [illegible] രൂപാ വീതം ശമ്പളത്തിൽ 2 ശിപായിമാർ ഉണ്ടായിരിക്കും. ഓരോ ഡിവിഷനിലും ഇപ്പോൾ തന്നെ ഒരു ഡ്രാഫ്റ്റ്സ്മാൻ ഉള്ളതുകൊണ്ട് കമ്മിറ്റി ശിപാർശ ചെയ്തിരിക്കുമ്പോലെ പ്രത്യേകം ഡ്രാഫ്റ്റ്സ്മാനെ നിയമിക്കേണ്ടതിന് ആവശ്യം ഇല്ല. ഇപ്പോൾ നിയമിക്കുന്ന താൽക്കാലികന്മാർ ആയ താലൂക്ക സർവ്വേയർമാരും കുറേകാലം കഴിഞ്ഞു സ്ഥിരമായി നിയമിക്കപ്പെടുന്ന റെവന്യൂ ഇൻസ്പെക്ടർമാരും തഹസീൽദാർമാരുടെ അടുത്ത കീഴ്വരുതിയിൽ ഇരിക്കുന്നതും ഡിവിഷൻ സർവ്വേയർമാർ പേഷ്കാർമാരുടെ അടുത്ത കീഴ്വരുതിയിൽ ഇരിക്കുന്നതും ആകുന്നു. എന്നാൽ അവരുടെ ജോലി സംബന്ധിച്ചുള്ള സാങ്കേതിക വിഷയങ്ങളിൽ അവരുടെ ജോലി സർവ്വേ സൂപ്രണ്ടിന്റെ പരിശോധനത്തിനും ഭരണത്തിനും കീഴ്പ്പെട്ടതായിരിക്കും. ഈ ഏർപ്പാട് അനുസരിച്ച് ഓരോ ഉദ്യോഗസ്ഥന്മാർ ചെയ്യേണ്ട ജോലികളെ സംബന്ധിച്ചുള്ള ചട്ടങ്ങൾ ഉചിതകാലത്തു നടപ്പാക്കുന്നതാകുന്നു. താലൂക്ക സർവ്വേയർമാരായി അയക്കുന്നതിനു ആളുകളെ തിരിഞ്ഞെടുക്കയും ജോലി തുടങ്ങുന്നതിനു താലൂക്കുകളിലേക്ക് അവരെ അയക്കയും ചെയ്യുന്നതിനു എപ്പോൾ കഴിയും എന്നു സർവ്വേ സൂപ്രണ്ടു ഉടൻതന്നെ റിപ്പോർട്ടു ചെയ്യേണ്ടതാകുന്നു. ഈ സർവ്വേയർമാരുടെ ജോലിയെ സംബന്ധിച്ച വിവരമായ ഉപദേശങ്ങൾ സർവ്വേ സൂപ്രണ്ടു തയ്യാറാക്കി ഗവൺമെന്റ് അനുവാദത്തിലേക്കായി അയക്കേണ്ടതും ആകുന്നു.

IV. ഡിസ്ത്രിക്ട് സർവെ സ്കൂളുകൾ നടത്തിക്കൽ.

10. സംപ്രതിമാരേയും പാർവ്വത്യകാർമാരേയും കണക്കന്മാരേയും സർവെ ജോലി പഠിപ്പിക്കുന്നതിനായി കണ്ടെഴുത്തു തീർന്ന താലൂക്കുകളിൽ മദ്ധ്യഗതസ്ഥലങ്ങളിൽ ഒരാണ്ടിൽ ആറാഴ്ചവട്ടം കാലത്തേക്കു ഓരോന്നിനു സർവെ സ്കൂളുകൾ നടത്തിക്കണമെന്നു കമ്മിററി ശിപാർശ ചെയ്കയും പേഷ്കാർമാർ അതിൽ യോജിക്കുകയും ചെയ്തിരിക്കുന്നു. ഈ ശിപാർശ ഗവർമ്മെണ്ടിന്റെ അഭിനന്ദനീയം ആയിരിക്കുന്നു. എന്നാൽ കണ്ടെഴുത്തു തീർന്ന താലൂക്കുകളിൽ സർവെയർമാരും കൊല്ലം ഡിവിഷനിലേക്കും കോട്ടയം ഡിവിഷനിലേക്കും നിയമിച്ചിട്ടുള്ള സ്പെഷ്യൽ സർവെയർമാരും മുമ്പു കല്പിച്ചിട്ടുള്ള ഏർപ്പാട്ടിൻപ്രകാരം കണ്ടെഴുത്തു തീർന്നിട്ടുള്ള താലൂക്കുകളിലും കണ്ടെഴുത്തു തീരാത്ത താലൂക്കുകളിൽ മദ്ധ്യഗതസ്ഥലങ്ങളിലും റെവന്യൂ കീഴ്ജീവനക്കാരെ ഇപ്പോഴത്തെപോലെ പരിശീലിപ്പിക്കുന്നതാകുന്നു. തഹശീൽദാർമാർ സർവെ ഡിസ്ത്രിക്ട് [illegible]ട്ടുമാർ, ഡിവിഷൻ ശിരസ്തദാർമാർ ഇവരും തിരുവനന്തപുരത്തുള്ള സർവെ സ്കൂളിൽ ആറാഴ്ചവട്ടുകാലം സർവെ പഠിക്കേണ്ടതാകുന്നു.

V-ഉം VI-ഉം. ഫീൽഡ് മെഷർമെണ്ട് ബുക്കുകൾ തയ്യാറാക്കുകയും ഫോട്ടോപ്രസ്സ്യറററ് രീതി അനുസരിച്ചു അവയുടെ പ്രതി എടുക്കുകയും.

11. ഡെപ്യൂട്ടി സർവെയർമാരുടെ കീഴിൽ സർവെ പഠിച്ചതിൽപിന്നെ സംപ്രതിമാർ അല്ലെങ്കിൽ റെവന്യൂ ഇൻസ്പെക്ടർമാരും പ്രവൃത്തി കണക്കന്മാരും ഡിവിഷൻ ഡ്രാഫ്റ്റ്സ്മാന്മാരും ചേർന്നു ഫീൽഡ് മെഷർമെൻറു ബുക്കുകൾ ഇരട്ടിപ്പായി തയ്യാറാക്കണമെന്നു കമ്മിററി അഭിപ്രായപ്പെടുന്നു. ഫോട്ടോപ്രസ്സ്യറററ് പകർപ്പുകൾ ഇപ്പോൾ ആവശ്യം ഇല്ല എന്നു അവർ വിചാരിക്കുന്നു. മേൽ അനുവദിച്ച ഏർപ്പാടുകൾ അനുസരിച്ചു താലൂക്കു സർവെയർമാർ സർവെ പഠിച്ചിട്ടുള്ള പ്രവൃത്തി കണക്കന്മാരുടെ സഹായത്തോടുകൂടി ഈ ജോലി ചെയ്യേണ്ടതാകുന്നു.

ഫോട്ടോപ്രസ്സ്യറററ് പകർപ്പുകൾ ഇപ്പോൾ ആവശ്യം ഇല്ല എന്നുള്ള അഭിപ്രായത്തിൽ ഗവർമ്മെണ്ടു യോജിക്കുന്നു.

12. I മുതൽ VI വരെ നിശ്ചയങ്ങളെ രേഖപ്പെടുത്തിയതിൽ പിന്നെ കമ്മിററി ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"പുതുവൽ സർവെയേയും പട്ടയത്തിന്റെ വിഭാഗത്തേയും സംബന്ധിച്ച സർവെ സൂപ്പറിൻടെൻഡെൻറു പ്രതിപാദിച്ചിട്ടുള്ള ഏതു സംബന്ധമായ വിഷയത്തെയും ഞങ്ങൾ പര്യാലോചിക്കയും പ്രവൃത്തിക്കണക്കന്മാർ സർവെ ജോലി പഠിച്ചതിൽ പിന്നീടു ഈ ജോലി ചെയ്യണമെന്നു നിശ്ചയിക്കയും കണ്ടെഴുത്തു തീർന്ന താലൂക്കുകളിൽ ഈ ഏർപ്പാടു നടപ്പാക്കുന്നതിനുള്ള കാലം തയ്യാറാകുമ്പോൾ ഗവർമ്മെൻറു നിശ്ചയിക്കുന്ന തീയതി മുതൽ ആ താലൂക്കുകളിൽ ഈ റിക്കാർഡുകളെ യഥാസ്ഥിതിയിൽ വെക്കേണ്ടതിനുള്ള ഏർപ്പാടു നടപ്പാക്കണമെന്നു നിശ്ചയിക്കയും ചെയ്തിരിക്കുന്നു."

ഗവർമ്മെൻറു ഈ അഭിപ്രായത്തിൽ യോജിക്കുന്നു. ഓരോ താലൂക്കിലും ഈ ഏർപ്പാട നടപ്പാക്കുന്നതിനു മുമ്പിൽ നടത്തേണ്ടതായ പ്രാരംഭ പ്രവൃത്തികൾ പൂർത്തിയാക്കുകയും ആ വിവരം ഗവർമ്മെൻറിനു റിപ്പോർട്ടു ചെയ്കയും ചെയ്തതിൽ പിന്നീടു ഓരോ താലൂക്കിലും ഈ ഏർപ്പാടു ഏതു തീയതി മുതൽ നടപ്പാകും എന്നു നിശ്ചയിക്കുന്നതാകുന്നു.

13. മേൽ പ്രസ്താവിച്ച റിപ്പോർട്ടുകളിൽ അടങ്ങിയിരിക്കുന്ന സർവെ സൂപ്പറിൻടെൻഡെൻറിന്റെ മററു അഭിപ്രായങ്ങളെ യഥാകാലത്തിൽ തീർച്ചപ്പെടുത്തുകയും അതിന്മേൽ പ്രത്യേകം ഉത്തരവു കൊടുക്കുകയും ചെയ്യുന്നതാകുന്നു.

14. കമ്മിററിയെ ഏല്പിച്ചിട്ടുള്ള പ്രധാനവും ക്ലേശവും ആയ പണിയെ അതിലെ മെംബർമാരുടെ കൃത്യാന്തരങ്ങളോടുകൂടി അവർ പൂർണ്ണമായും സമർത്ഥമായും സോത്സാഹമായും ശീഘ്രമായും ചെയ്തുതീർത്തതിലേക്കായി അവരുടെ നേർക്കു ഗവർമ്മെൻറു കൃതജ്ഞമായിരിക്കുന്നു.

എസ്. ഗോപാലാചാര്യർ,
ദിവാൻ.

Revised Programme of the Dewan's Tour.

3rd March Sunday ...	Reach Ernakulam 6 A. M. Leave it by train at 5–30 P. M. Reach Alwaye 6 P. M.
4th March Monday ...	Halt at Alwaye. Leave Alwaye 3 P. M. Reach Perumbavoor 6 P. M.
5th March Tuesday ...	Leave Perumbavoor 3 P. M. Reach Malayattur 5 P. M.
6th March Wednesday ...	Halt at Malayattur. Leave it at 3 P. M. Reach Perumbavoor 5 P. M.
7th March Thursday...	Leave Perumbavoor (by Motar car) 6 A. M. Reach Thattakad 9 A. M. Halt.
8th March Friday ...	Leave Thattakad 6 A. M. Reach Alwaye 10 A. M.
9th, 10th and 11th March....	Halt at Alwaye.
12th March Tuesday ...	Leave Alwaye 6 A. M. by carriage inspecting Alengad Taluq Cutcherry on the way. Reach Parur 9 A. M. In the afternoon go to Munambum inspecting the Parur Bund on the way.
13th March Wednesday ...	Halt at Parur. Leave it at 10 P. M.
14th March Thursday ...	Reach Sherthelai 6 A. M. Leave it at 10 P. M.
15th March Friday ...	Reach Alleppey Halt.
16th March Saturday ...	Further halt at Alleppey. Leave it at 10 P. M.
17th March Sunday ...	Reach Trikunapuzha at 6 A. M. Start at 3 P. M. Reach Haripad at 6 P. M.
18th March Monday ...	Halt at Haripad.
19th March Tuesday ...	Start at 7 A. M. Reach Mavelikara 8 A. M. Start at 10 P. M.
20th March Wednesday ...	Reach Quilon at 5 A. M.
21st March Thursday...	Halt at Quilon. Start at 7 P. M.
22nd March Friday 9th Meenam ...	Reach Trivandrum at 7 A. M.

Huzur Cutcherry,
Trivandrum.
1st March 1907.

A. J. VIEYRA,
Chief Secretary to Government.

P. 503

പരസ്യം

മൂലം തിരുനാറം ആററങ്ങൽ ഉദയതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു തൃക്കല്ല്യാണം അടിയന്തിരം വരുന്ന മെടമാസം ൧൨൯ ആകയാൽ അതിയതു പ്രമാണിച്ചുള്ള ചിലവു വകക്കു താഴെ പറയുന്ന കാകറി മുതലായ സാമാനങ്ങഠം വെണ്ടുന്നതാകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

൧. താഴെ പറയുന്ന ൧൯ വകകഠംക്കു ഹജൂർക്കച്ചെരിയിൽ വച്ചു ലെലമായിട്ടു കെട്ടു സഹായവിലക്കു ഏല്പെടുന്നവൎക്കു കുത്തക കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതാകകൊണ്ടു മനസ്സുള്ള ആളുകഠം ൨൦ം വരുന്ന മീനമാസം ൧൩൹ പകൽ ൧൧ മണിക്കു ഹാജരായി ബൊധിപ്പിച്ചുകൊള്ളുകയും വെണം.

൨. സാമാനങ്ങഠം നല്ല മെനിയായും ഒന്നാംതരമായിട്ടും ശെഖരിച്ചു അതുകളിൽ എന്തെല്ലാം സാമാനങ്ങഠം ഏതെതു ക്രമത്തിനും രീതിക്കും ഏല്പിക്കെണമെന്നു കണക്കിൽ കൊണ്ടിരിക്കുന്നവൊ ആ ക്രമം അനുസരിച്ചു ഏണ്ണുവാനുള്ള കരിക്കു തെങ്ങ മുതലായതു എണ്ണിയും തൂക്കുവാനുള്ള നാരങ്ങാ മുതലായ വകകഠം തൂക്കിയും ഏള്ളു തൈരു പാൽ ൨ം വിധം പാലിടങ്ങഴി ഇതുകഠംക്കു അളപ്പാനുള്ളതു അളന്നും വെമ്പരമ്പു പൊച്ചം കയറു മുതലായ വകകഠം തച്ചു കൊലിനു അളന്നും ഉത്സവമഠം തെ ഓരത്തുകൊയിക്കൽ വടക്കെ കൊട്ടാരം പത്മവിലാസം ൨ം സ്ഥലങ്ങളിലെക്കു ആവശ്യപ്പെടുന്നതുപൊലെ മീനമാസം ൨൯൹ മുതൽ തവണക്രമത്തിനും ആവശ്യപ്പെട്ടു ചട്ടംകെട്ടുന്നതുപൊലെയും ഏല്പിക്കയും ൨ം വകക്കു മറ്റൊ ചെലവെണ്ട ജാമ്യമൊ ഡെമണിയൊ ഹാജരാക്കി ഉടമ്പടി എഴുതിവച്ചു കുത്തക നടക്കുകയും ചെയ്യുമെന്നുള്ള ഉറപ്പിനു വെണ്ടി ലെല സമയം ൧൦൦ രൂപാ കെട്ടിവെക്കെണ്ടതാണു അങ്ങിനെ രൂപാ കെട്ടാതെ ആളുകളെ ലെലത്തിൽ ചെൎക്കുന്നതല്ലാ.

൩. ലെലം സ്ഥിരപ്പെട്ടുകൂടുമ്പൊഠം മെൽപ്രകാരമുള്ള രൂപായിൽ കുത്തകക്കു ഏല്പെടുന്നവരുടെ രൂപാ ഡെമണിക്കു ഉപയൊഗപ്പെടുത്തുകയും ശെഷംപെരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യും.

൪. ലെലത്തിൽ വിളികെട്ടതിന്റെ ശെഷം പൊരാത്ത ജാമ്യമൊ ഡെമണിയൊ ഹാജരാക്കി ഉടമ്പടി എഴുതി വെക്കാതെയൊ എഴുതിവച്ചു കുത്തക നടക്കുന്ന സമയങ്ങളിൽ ഒരു വക സാമാനങ്ങഠം എങ്കിലും ഏല്പിക്കാതെയൊ ഹാജരാക്കുന്ന വകകഠം ൨ം വക ചിലവിനു കൊള്ളാതെ തീരുകയൊ ചെയ്യാൽ വെറെ വിധം ഏൎപ്പാടുചെയ്തു നടത്തിക്കുന്നതാണു അങ്ങനെ നടത്തുന്നതിൽ നഷ്ടം വരുന്നതു ആദ്യ ലെലക്കാറനിൽ നിന്നും സക്കാരിലെ യുക്തംപൊലെ ൨ംടാക്കുന്നതു കൂടാതെ ലെലസമയം വച്ച ഡെമണി പ്രായശ്ചിത്തമായി മുതൽ കൂട്ടിക്കുന്നതുമാണു എന്നാൽ ലാഭം വരുന്നതിനു ആദ്യ കുത്തകക്കാരൻ അവകാശം പറഞ്ഞുകൂടുന്നതല്ലാ.

൫. പരസ്യത്തിൽ കാണുന്ന തുകയിൽ കൂടുതലായി ആവശ്യപ്പെട്ടാൽ ഏല്പെടുന്ന വില അനുസരിച്ചു ഏല്പിക്കെണ്ടതും സംഖ്യ മുഴുവനും ആവശ്യപ്പെടാതെ ഇരുന്നാൽ മുഴുവനും ഏല്പിക്കണമെന്നു നിബന്ധിക്കാൻ പാടില്ലാത്തതുമാകുന്നു.

൬. കൂടുതലായി വല്ല വിവരവും അറിയണമെന്നു ആഗ്രഹമുള്ളവർ ഒന്നാം തഹശിൽദാർ മുഖാന്തരം അറിഞ്ഞുകൊള്ളെണ്ടതാകുന്നു.

൭. ലെലത്തിൽ വിളികെഠംക്കുന്നവരെ കുത്തകക്കു സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സക്കാരിലെ യുക്തംപൊലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൨ മാണ്ടു കുംഭമാസം ൨൮൹

ഗവമ്മെൻറു ചീഫ് സിക്രിട്ടറി എ. ജെ. വീയറാ,

ആവശ്യമുള്ള സാമാനങ്ങളുടെ വിവരം

പടററ പഴക്കാ	എണ്ണം	൧൭൫൦൦	വഴതലങ്ങാ	എണ്ണം	൧൫൦൦
ഏലവാഴ	ടി	൧൦൦	പയറവള്ളി ചിടി		൧൦൦
കുമ്പിളങ്ങാ	ടി	൧൭൦൦	പൂഞ്ഞക്കാ പറ		൬
ഏത്തൻകാ	ടി	൨൫൦൦൦	പാവക്കാ പറ		൬
മത്തൻകാ	ടി	൧൫൦൦	കൊയ്പൻ പാവക്കാ എണ്ണം		൭൦൦
കയ്പുങ്ങാ	ടി	൨൦൦൦	മുരിങ്ങക്കാ	എണ്ണം	൧൨൦൦൦
വെള്ളരിക്കാ	ടി	൫൦൦	പുലൂക്കാ എണ്ണം		൧൨൫
കത്തിരിക്കാ	ടി	൧൦൦൦൦	ചീവക്കിഴങ്ങു പറ		൭

കാച്ചിൽ എണ്ണം	൮	ഒപ്പുകെട്ട	൨൭
ചെമ്പു പറ	൩൰	ഇലയൊടെ കരിമ്പ	൨൯
പടവലങ്ങാ എണ്ണം	൮൦൦	താമരപ്പൂവു	൨൨൦
പച്ചക്കൊത്തമ്പ്ലി പിടി	൬൦	ചോറ ഇടങ്ങഴി	൨
വെള്ളരിക്കാ എണ്ണം	൧൮൦൦	ചീനിഅമരക്കാ പറ	൮൦
ഇരുത്താന്റ കെട്ട	൨	മുരുങ്ങയില പിടി	൨
ഇഞ്ചി ത്രാസം	൨൪	പനയൊലക്കെട്ടം	൮൦൦
ഇരവിപ്പി നാരങ്ങാ	൨൧൦൦	കരിമ്പൊളി വട്ടി	൧൪
മാതള നാരങ്ങാ	൮൦൦	പനയൊലപ്പാ	൩൰
പച്ചമുളക പറ	൭൮	പഴക്കുപ്പാക്ക	൩൪൦൦
പച്ചമാങ്ങാ	൨൦൧൦൦	അരിഷ്ടം	൨൧൪
ഓമ്പഴം	൨൩൦൦	ഇളർ വെററിലകെട്ട	൩൮
വരിക്ക മാമ്പഴം	൩൦൦	കപ്പുരം	൫൦൦
വരിക്കപ്പലാക്കാ	൪൦൦	ഇളവൻ പഴം	൩൮൦
തുടിക്കില്	൩൦൦	ചെവൻ കദളിപ്പഴം	൨൯൦
ഇളനീര	൪൦൦	ആറ്റുനെല്ലിപ്പഴം	൪൦൦
തേങ്ങാ	൧൨൩൦൦	പാളയങ്കോടൻ പഴം	൧൦൦
തേങ്ങാക്കുല	൮	ഒരു ചാൺ ചതുരം കാളത്തുകൽ	൧
കൊട്ടത്തേങ്ങാ	൩൮൦	ടി ഗാദ	൨
വില്ലുകലം	൩൦൦൦	മൊന്തൻകാ	൪൪
വലിയ കലം	൭൦	കാന്താരി മുളക ഇടങ്ങഴി	—
മിടാവു	൧൩	പിലാവില വല്ലം	൮
കുടം	൧൩൦	വെളിച്ച പിടി	൭
ഉടതരം കലം	൧൭	കൊച്ചുമുറം	൨
ചോഴികലം	൨	ടി വട്ടി	൨
ചൊരച്ചട്ടി	൩	വലിയവാവട്ടച്ചട്ടി	൧
തവി	൧൩൦൦	അത്തിക്കഴ പിടി	൨
ചെവട്ടി	൩൪൦൦	ഉഴിഞ്ഞ പിടി	൨
ചെമ്പരമ്പു	൪൨൦൦	ഇലസ്പ്പു ഇടങ്ങഴി	൭
ചൂരൽകട്ട	൨൪൦൦	മാംചല പാടി	൨
പപ്പടകക്കെട്ട	൩൦	അരുളംകഴ പിടി	൨
കാശുടക്കുട്ടം	൨൨൦	ചട്ടി	൬൩
മുറം	൬൪	കൊച്ചങ്ങാ	൪
പപ്പടകക്കൊൽ	൪൪	പച്ച മഞ്ഞൾ പിടി	൧
പച്ചരതാളി കെട്ട	൩	കസംചുള്ളു പിടി	൨
താളിപ്പൊടി പറ	൨	ചമത വകകൾ കുട്ടം	൧—
തെററിപ്പൂവു പറ	൧൦	ചീനിക്കിഴങ്ങ	൨൮
തേങ്ങാപ്പൂവു	൩൪	മണക്കാട്ട ചുണ്ടക്കാ ഇടങ്ങഴി	൨
കമുകിൻപൂവു	൨൧൮	ചെറുംതട പിടി	൨
താഴംപൂ	൮൦	ചീര പിടി	൧
തട്ടയൊലമടൽ	൭൦	അറക്കീര പിടി	൨
കതമ്പാതൊണ്ട	൭൮	പുളിയാരിക്ക	൧
കതതൊലമടൽ	൨൭	വിളാമ്പഴം	൪
പച്ചപ്പാള	൧൮	ചെമ്പരത്തിപ്പൂ പിടി	൩
വളളൊൽകെട്ട	൪	തെവില പിടി	൨
ഞാഞ്ഞ തുലാം	൪	പുതിയനാ പിടി	൨
വഴന്തപ്പൊളി	൨൩൦൦	പാറങ്ക പിടി	൩
വാഴയില	൨൮൪൦൦൦	കമുകിൻ അലക	൧
നെടിയില	൩൧൦൦	മഞ്ഞാടിഴ കെട്ട	൪
എള്ള പറ	൧	മതമൊന്നിയില പിടി	൨
പൊച്ചംമട്ടി	൩൦൦	കിഴക്കൻ പുകയില റാത്തൽ	൮
വെററിലകെട്ട	൨൩൦൦	കാഞ്ഞ പലം	൩൩
ഇഴുക്കയറ മാറ	൨൩	കലശക്കുടം	൨
പനനാരവട്ടി	൩൦	ഏത്തവാഴ മാണിൽ	൨
നാരകത്തില വല്ലം	൨൪	ചെണ്ണകപ്പു ക്രട	൨
ഏട്ടൊല	൨൮൦൦	മത്താപ്പു ചട്ടി	൨൦
കറിവെപ്പില പിടി	൩൮൦	ഉമി പറ	൨
ചുണ്ണാമ്പുമട്ടി	൨൨	ഉമികരി ഇടങ്ങഴി	൮
കിണറവട്ടം	൭൪	വാകപ്പൊടി പറ	൨
മെലരികൊൽ	൧൦൦	ഒന്നാം തരം തൈര പറ	൱൭൦
കൊതുമ്പു	൪൮൦	പശുവിൻപാൽ പറ	൮൪
അമരക്കാ പിടി	൪൦൦	പശുവിൻ വെണ്ണ റാത്തൽ	൩൪
ചെറുകിഴങ്ങ	൩൦	എരുമപ്പാൽ പറ	൧
വിളപ്പാള	൧൦	ആട്ടിൻതൈര പറ	൧
വിളാനക്കയറ മാറ	൨൧	ഇടിയൻ പലാക്കാ എണ്ണം	൨൦൦
ഉപ്പാളു കെട്ട	൧	ചെന എണ്ണം	൨൧൦൦

P. 501.

പരസ്യം

മൂലംതിരുനാൾ അവിടുങ്ങൾ ഇളയതമ്പുരാൻ തിരുമനസ്സിലെക്കു വരുന്ന മെടമാസം ൨൩൹ പള്ളിക്കെട്ടു തൃക്കല്യാണം അടിയന്തിരം ആകയാൽ ആയതു പ്രമാണിച്ചുള്ള ചിലവു വകക്കു താഴെ പട്ടികയിൽ പറയുന്നതുപൊലെ പഞ്ചസാര മുതലായി ഇന്ന കൂട്ടം സാമാനങ്ങൾ വെണ്ടുന്നതാകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

൧. പട്ടികയിൽ പറയുന്നതിന്നും ഇന്ന കൂട്ടം ചരക്കുകൾ ആവശ്യം ഉള്ളതു ഒന്നാംതരം സാമാനമായിട്ടു ശെഖരിച്ചു മീനമാസം ൨൫൹ മുതൽ ആവശ്യപ്പെടുന്നതുപൊലെ ഉത്സവാദം തെവാരത്തുകൊയിക്കൽ വടക്കെകൊട്ടാരം പത്മവിലാസം ഈ സ്ഥലങ്ങളിൽ ഏല്പിക്കയും അവകളുടെ മുറപൊലെ വെണ്ട ജാമ്യം സ്ഥിരപ്പെടുത്തുകയൊ ഡെമണി വെക്കുകയൊ ചെയ്യുകയും ചെയ്യുന്നതിന്നു മനസ്സുള്ള ആളുകളെ ഹജൂർക്കച്ചെരി മുഖാന്തരം വരുത്തി നിറുത്തി ലെലം വിളിപ്പിച്ചു എല്ലാ ചരക്കിന്നും ഒന്നിച്ചൊ ങ്കിലും ഏതാനും ചരക്കുകൾ ചില്ലറയായിട്ടെങ്കിലും സഹായവിലക്കു ആളെ ഏല്പിക്കുന്നതുപൊലെ കുത്തക കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും ലെലത്തിൽ ചെരുന്ന ആളുകൾ ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കുത്തക നടക്കാമെന്നുള്ള ഉറപ്പിന്നു വെണ്ടി ലെലസമയം നൂറു രൂപാ കെട്ടിവെക്കെണ്ടതും അങ്ങനെ രൂപാ കെട്ടിവെക്കാത്ത ആളുകളെ ലെലത്തിൽ ചെൎക്കുന്നതല്ലാത്തതും ആകയാൽ അതിന്നും കുത്തക നടപ്പാൻ മനസ്സുള്ള ആളുകൾ ഈ വരുന്ന മീനമാസം ൫൹ പകൽ ൧൨ മണിക്കു ഹജൂർക്കച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ചുകൊള്ളുകയും വെണം.

൨. ലെലം സ്ഥിരപ്പെട്ടുകൂടുമ്പൊൾ മെൽവിവരിച്ചതിന്നും കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്കു ഏല്പെടുന്നവരുടെ രൂപാ ഡെമണിക്കു ഉപയോഗപ്പെടുത്തുകയും ശെഷം പെരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു

൩. കുത്തകക്കു ഏല്പെടുന്നവർ പൊരാത്ത ഡെമണിയൊ ജാമ്യമൊ ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു സാമാനങ്ങൾ ഏല്പിക്കാതെ വീഴ്ച ചെയ്തു വെറെ വിധത്തിൽ ചരക്കുകൾ വരുത്തി നടത്തിക്കുന്നതിന്നു ഇടവന്നാൽ അതിൽവച്ചു സൎക്കാരിലെക്കു ഉണ്ടാകുന്ന നഷ്ടം കുത്തകക്കാരരിൽ നിന്നും ഈടാക്കുകയും ലെലസമയം വച്ച ഡെമണി പ്രായശ്ചിത്തമായി മുതൽ കൂട്ടിക്കയും ചെയ്യും എന്നാൽ ലാഭം വരുന്നതായാൽ അതിലെക്കു ആ കുത്തകക്കാരന്‍ അവകാശം പറഞ്ഞുകൂടുന്നതല്ലാ.

൪. പരസ്യത്തിൽ വിവരിച്ചിരിക്കുന്ന സംഖ്യയിൽ കൂടുതലായിട്ടു സാമാനങ്ങൾ വെണ്ടിവന്നാൽ ആയതു ഏല്പെടുന്ന വില അനുസരിച്ചു കൊടുക്കെണ്ടതും സംഖ്യ അത്രയും ആവശ്യപ്പെടാതെയിരുന്നാൽ മുഴുവനും ഏല്ക്കണമെന്നു കുത്തകക്കാരന്‍ നിൎബ്ബന്ധിച്ചുകൂടാത്തതുമാകുന്നു.

൫. കൂടുതലായി വല്ല വിവരവും അറിയണമെന്നുള്ളവർ ഒന്നാം തഹശീൽദാർ മുഖാന്തരം അറിഞ്ഞുകൊള്ളെണ്ടതാകുന്നു.

൬. ലെലത്തിൽ വിളികെൾക്കുന്നവരെ കുത്തകക്കു സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സൎക്കാരിലെ യുക്തംപൊലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൨-ാമാണ്ടു കുംഭമാസം ൨൮൹

ഗവൎമ്മെന്റു ചീഫ്സിക്രട്ടറി
എ. ജെ. വിയറാ

സാമാനവിവരം പട്ടിക

പഞ്ചസാര	തുലാം	ഫൈ൩
പശുവിൻ നെയ്യ	പറ	ര൪
വാതാംകാ	തുലാം	ഫ।
വാൽമുളക	പലം	ഫ
പുവെട്ടപാക്ക	റാത്തൽ	൪
പുഴുക്	മഞ്ചാടി	ന്ന
ചന്ദനം	കഴഞ്ചു	ര
ശംകുമപ്പൂ	പലം	൩ന്ന॥
പുണൂൽ	എണ്ണം	൩
കിസ്മിസ്	തുലാം	ഫ
രാമച്ചം	തുലാം	
പുല്പാ	എണ്ണം	ൈ൩
ഗോതമ്പു	പറ	ഫ
തലയണ തയ്യൽക്കൂലിക്ക തലയണ		ന്ന൨
ചവ്വരി	റാത്തൽ	൩൦
സാമ്പ്രാണി	പലം	ഫ൦
നാട്ട ചീനക്കണ്ടു	റാത്തൽ	ര൨
തലയണച്ചീട്ടി	മുഴം	ൻ൩
പഞ്ഞും കരുവും താരയും നീക്കി ഇലവും പഞ്ഞി	തുലാം	൨൩
തരിപഞ്ചസാര	റാത്തൽ	ഫ൦
ഗ്രാമ്പു	പലം	൩ന്ന
വെള്ളെലം	പലം	ന്ന
ജാതിക്കാ	പലം	൩൦
പത്തിരി	പലം	ഫവ്വ
ഏലക്കാ	പലം	൨॥
പച്ചക്കപ്പൂരം	പലം	ഫ
കളമെനിപ്പുകയില	റാത്തൽ	൨
വടക്കൻപുകയില	റാത്തൽ	൨

മെനികടലപ്പരിപ്പ	പറ	൩
കരുപ്പുകട്ടി	റാത്തൽ	ഫ൨
ഒന്നാംതരം കാലിപ്പുകയില	റാത്തൽ	വ്യാ
ഉരുളക്കിഴങ്ങു	തുലാം	വ്വ
ഓലവിശറി		ന്ന൦
ഒന്നാംതരം കായം	പലം	ഫ൦
കടലമാവു		ഫ പറ ൩
ഗോതമ്പു അരി ഇടങ്ങഴി		൨॥
മെനി ഗോതമ്പു റവ		ഫ പറ ൩
ടി കഞ്ഞി റവ	ഇടങ്ങഴി	ഫ
ജിലെബി മാവു		ഫ പറ ൭
റൊട്ടിനെയ്യ്		ഫ൦ പറ
വെള്ള ന്യൂൽചരട		ഫ
കരിമ്പടച്ചരട		ഫ
മലപ്പൊടി		ന്ന പറ
കാപ്പി	റാത്തൽ	ഫ
മെനി ബോംബാ മാവു		ഫ പറ
മെഴുകുതിരി	എണ്ണം	൨൪
മുന്തിരിങ്ങാപ്പഴം	തുലാം	൩
പനിനീര	കുപ്പി	൩
പച്ച ചെറുപരുപ്പ	ഇടങ്ങഴി	൩
മണ്ണെണ്ണ	ടിൻ	ഫ
ഒന്നാംതരം സാമ്പ്രാണിത്തിരി ശേർ		॥
നനമുണ്ടു		ൻ
കവളപ്പാറ പുല്പാ		൩
പപ്പടക്കാരം	തുലാം	ഫന്ന
ഉരുക്കരി	പറ	൩
ഗോതമ്പു പരുത്ത റവ ഇടങ്ങഴി		ഫ

P. 502.

പരസ്യം.

മൂലം തിരുനാൾ ആററുങ്ങൽ ഇളയ തമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു ഘോഷത്തിനു അടിയന്തിരം വരുന്ന മെടമാസം ൧൨-നു- ക്കയാൽ ആയതു പ്രമാണിച്ചുള്ള ചിലവുവകക്കു താഴെ പറയുന്ന പലവെഞ്ജനം മുതലായി ൨൨ കൂട്ടം വകകൾ വെണ്ടുന്നതാകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

ആവശ്യമുള്ള സാമാനങ്ങളുടെ വിവരം

മാത്തം	തുലാം	൨൨॥	നല്ലമുളക	തുലാം	൧൨
കടുക	ടി	൩൬॥	കായം	ടി	൧
ഉലുവാ	ടി	൫	ചന്ദനം	ടി	൬
ജീരകം	ടി	൧൦॥	ഏലം	ടി	॥
ചുക്ക	ടി	൨	ചെറുപയറ	പറ	൨൫൫
കൊത്തമല്ലി	ടി	൧൨	പെരുമ്പയറ	ടി	൪
അയമൊദകം	ടി	മാഹാണി	ഉഴുന്ന	ടി	൩൫൬
വടിപ്പുളി	ടി	൨൨	തുവരൻപരിപ്പ	ടി	൧൬൦
പുളി	ടി	൧൫൬	കടല	ടി	൧൪
ഉണ്ടശക്കര	ടി	൩൨൦	നല്ലെണ്ണ	ടി	൧൦
നാടൻ പാക്ക	ടി	൭॥	വെളിച്ചെണ്ണ	ടി	൯൫൦
കൊല്ലമുളക	ടി	൭൫			

൧. മെലെഴുതിയതിന്മണ്ണം ൨൨ കൂട്ടം ചരക്കുകൾ ആവശ്യമുള്ളതു ഒന്നാം തരം സാമാനമായിട്ടു ശെഖരിച്ചു മീനമാസം ൨൫-നു മുതൽ തൃപ്പൂണിത്തുറ ഉത്സവമഠം, തൈക്കാട്ടുകൊയിക്കൽ, വടക്കെക്കൊട്ടാരം, പത്മവിലാസം ഈ സ്ഥലങ്ങളിലെക്കു ആവശ്യപ്പെടുന്നതുപോലെ ഏല്പിക്കയും ആ വകക്കു മറപ്പൊലെ വെണ്ട ജാമ്യം സ്വീകരിപ്പെടുത്തുകയൊ ഡെമണി വൈക്കയൊ ചെയ്കയും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ഹജൂർ കച്ചെരി മുമ്പാകെ വരുത്തി നിറുത്തി ലേലം വിളിപ്പിച്ചു എല്ലാ ചരക്കിനും ഒന്നിച്ചെങ്കിലും ഏതാനും ചരക്കുകൾക്കു ചില്ലറയായിട്ടെങ്കിലും സഹായവിലക്കു ബോദ്ധ്യപ്പെടുന്നതുപോലെ കുത്തക കൊടുക്കുന്നതാവണ്ണം നിശ്ചയിച്ചിരിക്കുന്നതും ലേലത്തിൽ ചേരുന്ന ആളുകൾ ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കുത്തക നടക്കമെന്നുള്ള ഉറപ്പിനുവെണ്ടി ലേലസമയം ൧൦൦ രൂപാ വൈക്കെണ്ടതും അങ്ങനെ രൂപാ കെട്ടിവൈക്കാത്ത ആളുകളെ ലേലത്തിൽ ചെൎക്കുന്നതല്ലാത്തതും ആകയാൽ അതിന്മണ്ണം ഈ കുത്തക ഏറ്റു നടപ്പാൻ മനസ്സുള്ള ആളുകൾ ഈ വരുന്ന മീനമാസം ൧൩-നു- പകൽ ൧൨ മണിക്കു ഹജൂർ കച്ചെരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വെണം.

൨. ലേലം സ്ഥിരപ്പെട്ടുകൂട്ടമ്പൊൾ മെൽവിവരിച്ചതിന്മണ്ണം കെട്ടിവൈക്കുന്ന രൂപായിൽ കുത്തകക്കു ഏല്പെടുന്നവരുടെ രൂപാ ഡെമണിക്കു ഉപയൊഗപ്പെടുത്തുകയും ശെഷം പെരുടെ രൂപാ ഉടനെ തിരിയെ കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

31. When a depositor wishes to close his account, he must present his pass book with a form of application for withdrawal. The amount of interest due on his account up to the end of the calendar month preceding the date of presentation will be entered in the pass book and a final balance struck in the Central Account Office. The amount will then be paid to the depositor and his receipt taken in the pass book which will be returned by the treasury to the Central Account Office.

32. An account may be closed within the week in which a withdrawal has been made.

33. If an order to close an account has been issued under these rules, notice in writing will be sent to the depositor requiring him to present his pass book. After the date of such notice no deposit will be accepted in the account and no interest will be allowed upon the balance after the end of the calendar month preceding such date.

34. An account opened on behalf of a minor must, if still open, be closed by him on his attaining the age of 18 years.

35. If a minor after attaining the age of 18 years still remains a minor by law or order of a Court of Justice, his guardian must close the account on the minor attaining 18 years of age. Interest on an account opened on behalf of a minor will cease to accrue from the first day of the month after that in which the minor attains the age of 18 years.

DEAD ACCOUNTS.

36. Accounts in respect of which no transactions have taken place for the periods specified below will be treated as 'Dead', and no subsequent deposit or withdrawal will be allowed in the case of such accounts without the previous orders of the Central Account Office.

When the balance of the account		and when no sum has been deposited or withdrawn and no interest added for
Does not exceed	Rs. 10....	3 complete years
Do. Do.	Rs. 100 ...	6 do.
Exceeds Do.	Rs. 100 ...	12 do

37. A dead account does not lapse to Government but may be reopened at any time on the application of the depositor and the interest that has accumulated will be added to the principal when the account is revived.

'Transaction' in this rule means not only a deposit or withdrawal but also the presentation of the pass book for the entry of interest

SUCCESSION AND GUARDIANSHIP

38. If a depositor should die leaving a balance in a Savings Bank and if the probate of his will or letter of administration of his estate be not produced within three months of his death the Central Account Office may pay the said balance to any person appearing to be entitled to receive it or to administer the estate of the deceased.

39. If any depositor become insane or otherwise incapable of managing his affairs, and if such insanity or incapacity be proved to the satisfaction of the Central Account Officer, he may from time to time make payment out of the deposits to any proper person. When a committee or manager has been duly appointed to administer the depositor's estate, nothing in this rule authorises payments to any person other than the committee or manager

40. When any person other than the father, mother or karanavan claims to withdraw money from an account opened on behalf of a minor as being the guardian of such minor, the Central Account Office may authorise the applicant to withdraw money from the account for the minor's use under the following conditions:—

(a) Where the applicant claims to be a guardian under the law, on production of proof of the claim;

(b) Where the applicant claims as guardian appointed by will or deed, on production of the documents support;

(c) In other cases, the applicant may be required to produce a certificate of administration before payment is made to him.

41. The employees of the Treasury Department engaged in the receipt or payment of deposits are not allowed to disclose the name of any depositor or the amount deposited or withdrawn by him except to officers of the Department engaged in carrying out the provisions of these rules.

42 The Sirkar reserves the right to alter or add to these rules at any time. Such alteration or addition will be previously published in the Official Gazette.

S. GOPALACHARIYAR,
Dewan.

സേവിംഗ്സ് ബാങ്കു ഏപ്പാട സക്കാർ ഖജനാവുകളിൽ നടപ്പാക്കുന്നതി ലേക്കു താഴെ എഴുതുന്ന ചട്ടങ്ങളെ കല്പിച്ചു അനുവദിച്ചിരിക്കുന്നു.

സാദ്ധ്യകാര്യം.

൧. സേവിങ്ങ്സ് ബാങ്ക് ഏപ്പെടുത്തുന്നതിൽ ഗവമ്മെണ്ടിന്റെ ഉദ്ദേശ്യം ജനങ്ങൾക്കു ചിലവു നീക്കി ഇരിപ്പുള്ള തുകകളെ ശേഖരിച്ചു നിക്ഷേപത്തിലേക്കു എളുപ്പം ആയ ഒരു മാർഗ്ഗത്തെ ഉണ്ടാക്കുന്നതിനും അവരുടെഇടയിൽ മിതവ്യയശീലത്തെവർദ്ധിപ്പിക്കുന്നതിനും ആകുന്നു.

വ്യാഖ്യാനം.

൨. ഈ ചട്ടങ്ങളുടെ ആവശ്യത്തിലേക്കു:—

മൈനർ എന്നാൽ ൧൮ വയസ്സ് തികഞ്ഞിട്ടില്ലാത്ത ആൾ എന്നു അർത്ഥം ആകുന്നു.

രക്ഷാകൻ എന്നതിൽ, ഒരു മക്കത്തായം കുടുംബത്തിൽ അച്ഛനും അല്ലെങ്കിൽ അച്ഛൻ മരിച്ചിരുന്നാൽ അമ്മയും അല്ലെങ്കിൽ അച്ഛനമ്മമാർ രണ്ടുപേരും മരിച്ചിരിക്കയും ൧൦൯൨-മാണ്ടത്തെ ൨-ാം റെഗുലേഷൻപ്രകാരമൊ മരണശാസനത്താലൊ മറ്റു ശാസനത്താലൊ മൈനർക്കു രക്ഷാകനെ നിയമിക്കപ്പെടാതിരിക്കയും ചെയ്തിരുന്നാൽ, മൈനർ ആരോടുകൂടി താമസിക്കുന്നുവൊ അല്ലെങ്കിൽ ആരാൽ രക്ഷിക്കപ്പെടുന്നുവൊ അങ്ങിനെയുള്ള ആയാളുടെ പ്രായം ചെന്ന ബന്ധുവും ഉൾപ്പെടുന്നു. ഒരു മരുമക്കത്തായം തറവാട്ടിൽ അമ്മാവൻ അല്ലെങ്കിൽ കാരണവനും അമ്മാവൻ മരിച്ചിരുന്നാൽ അമ്മ, സഹോദരൻ, അല്ലെങ്കിൽ സഹോദരി ഇവരിൽ ഒരാളും ഉൾപ്പെടുന്നു.

നിക്ഷേപങ്ങൾ.

൩. മൈനർ അല്ലാത്ത ആണൊ പെണ്ണൊ ആയ ഏതു ആൾക്കും തനിക്കായിട്ടും താൻ സംബന്ധപ്പെട്ടിരിക്കുന്നേടത്തോ രക്ഷിതാവായിരിക്കുന്നേടത്തോ ആയ ഓരോ മൈനർക്കും ആയി ഒരു നിക്ഷേപക്കണക്കു ആരംഭിക്കാവുന്നതാകുന്നു.

൪. ഒരു ഭാര്യ നിക്ഷേപിക്കുന്നതായ പണം അവളുടെ സ്വന്തം സ്വത്തൊ സമ്പാദ്യമൊ ആയിരിക്കയോ അല്ലെങ്കിൽ അവൾക്കു യഥേഷ്ടം വിനിയോഗിക്കാവുന്നതായി ഇരിക്കയൊ ചെയ്താൽ അവൾക്കു അവളുടെ ഭർത്താവിന്റെ കണക്കിൽ നിന്നു വ്യതിരിക്തമായി ഒരു നിക്ഷേപക്കണക്കു ആരംഭിച്ചു വെച്ചുകൊള്ളാവുന്നതാകുന്നു.

൫. ട്രസ്റ്റ് ആയുള്ള നിക്ഷേപപ്പണം ഒടുക്കുന്നതിനെ അനുവദിക്കയൊ അപ്രകാരം ആയി സമ്മതിക്കയൊ ചെയ്യുന്നതല്ല. എന്നാൽ സക്കാരിനു കീഴിൽ ഉള്ള ഒരു ജീവനത്തിന്റേയൊ കരാറിന്റേയൊ കാര്യത്തിനായി ജാമ്യം ആവശ്യപ്പെട്ടിരിക്കുമ്പോൾ ഒരാൾ തനിക്കുവേണ്ടിയൊ മറ്റൊരാൾക്കു വേണ്ടിയൊ ജാമ്യംവക നിക്ഷേപക്കണക്കു ആരംഭിച്ചുവെച്ചുകൊള്ളാവുന്നതാകുന്നു.

ഏതു ആഫീസർക്കായി ജാമ്യത്തെ കൊടുത്തിരിക്കുന്നുവൊ ആ ആഫീസരുടെ വ്യക്തമായ രേഖാമൂലമായ അനുവാദത്തോടുകൂടി അല്ലാതെ നിക്ഷേപപ്പണത്തിനുള്ള മുതൽ, സേവിങ്ങ്സ് ബാങ്കിൽ നിന്നു കിട്ടണം എന്നു യാതൊരു അവകാശവും പറയുന്നതല്ലെന്നും അങ്ങനെയുള്ള ആൾ അവകാശപ്പെടുമ്പോൾ ഒടുക്കിയ നിക്ഷേപത്തിന്റെ മുതലൊ പലിശയൊ മുഴുവനുമൊ അതിലെ ഒരു ഭാഗമൊ ആയാൾക്കു വാങ്ങി കൊടുക്കുന്നതിനു താൻ വിരോധം പറയുന്നതല്ലെന്നും ഏറ്റു നിക്ഷേപകൻ ഒരു ലേഖനം എഴുതി ഒപ്പിട്ടു കൊടുക്കേണ്ടതാകുന്നു.

കുറിപ്പ്—സ്വജാതീയം ആയ ഒരു വർത്തകസംഘത്തിന്റെ (ഫേർം) പേരിൽ പണം ഒടുക്കു നിക്ഷേപിച്ചു വയ്ക്കുന്നതിനെ ഈ വകുപ്പു തടയുന്നില്ല.

൬. വല്ല സമയത്തും ഒടുക്കാവുന്ന ഏറ്റവും കുറഞ്ഞ തുക അരരൂപയാകുന്നു. അര രൂപയിൽ കുറഞ്ഞ തുകയടങ്ങിയ യാതൊരു തുകയേയും ഒടുക്കാവുന്നതല്ല.

൭. ഒരു മലയാളം കൊല്ലത്തിൽ ആകെ ഒടുക്കാവുന്ന തുക ൫൦൦ രൂപായിൽ കവിഞ്ഞിരിക്കരുതു. എന്നാൽ ഈ കണക്കു ജാമ്യനിക്ഷേപക്കണക്കുകൾക്കു സംബന്ധിക്കുന്നതല്ല. തന്നാണ്ടത്തേക്കുള്ള പലിശ കൂടാതെ പണം നിക്ഷേപകന്റെ പേരിൽ വല്ല സമയത്തും ഉണ്ടായിരിക്കാവുന്ന മൊത്തം തുക ൨൫൦൦ രൂപാ ആകുന്നു.

൮. ഒരു നിക്ഷേപകണക്ക് ആരംഭിക്കാൻ ആഗ്രഹിക്കുന്ന ഏതു ആളും തന്റെ പേരും തൊഴിൽ അല്ലെങ്കിൽ വൃത്തിയും അച്ഛന്റെ അല്ലെങ്കിൽ കാരണവന്റെ പേരും തന്റെ ജാതിയും വാസസ്ഥലവും കാണിച്ചു ഏറ്റവും സമീപത്തുള്ള സർക്കാർ ഖജനാവിൽ അപേക്ഷിക്കേണ്ടതാകുന്നു.

൯. അയാൾ ഒരു പ്രതിജ്ഞാപത്രം എഴുതി ഒപ്പിട്ടു കൊടുക്കേണ്ടതാകുന്നു. അയാൾക്കു എഴുതാൻ കഴിവില്ലെങ്കിൽ അയാൾ തന്നെ ഹാജരായി പ്രതിജ്ഞാപത്രത്തിൽ തന്റെ ഒപ്പോ മുദ്രയോ വെക്കേണ്ടതും അതിൽ ഒരു സാക്ഷി ഒപ്പിട്ടു സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു.

(പ്രതിജ്ഞാപത്രം.)

"സർക്കാർ സേവിങ്സ് ബാങ്കിലെക്കുള്ള ചട്ടങ്ങളെ ഞാൻ വായിച്ചു (അല്ലെങ്കിൽ എന്നെ വായിച്ചു കേൾപ്പിച്ചു) എന്നും അവ എന്നെ ബാദ്ധ്യപ്പെടുത്തുന്നതായി ഞാൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. മറ്റു വല്ല സർക്കാർ സേവിങ്സ് ബാങ്കിലും എന്റെ പേരിൽ യാതൊരു നിക്ഷേപകണക്കും ഇല്ലാ എന്നും ഞാൻ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു."

അല്ലെങ്കിൽ,

"൰ മൈനരുടെ പേൎക്കു മറ്റു വല്ല സർക്കാർ സേവിങ്സ് ബാങ്കിലും ഞാൻ നിക്ഷേപകണക്കു വെച്ചിട്ടില്ലെന്നും ൰ മൈനർ.........................ക്കു ജനിച്ചു എന്നും ഞാൻ പ്രതിജ്ഞചെയ്തുകൊള്ളുന്നു"

൧൦. പ്രതിജ്ഞാപത്രത്തെ വേണ്ടപോലെ ഒപ്പിട്ടു അതിനെ ആദ്യം ഒടുക്കുന്ന നിക്ഷേപത്തുകയോടുകൂടി ഹാജരാക്കുമ്പോൾ ഒടുക്കിയ പണത്തിന്റെ വിവരം നിക്ഷേപകന്നു കൊടുക്കുന്നതായ ഒരു പാസ് ബുക്കിൽ എഴുതുന്നതും അതിൽ എഴുതിയ സ്ഥലത്തു ഖജനാആഫീസർ ഒപ്പിടുന്നതും ആഫീസിലെ തീയതിയുള്ള മുദ്രകൊണ്ടു മുദ്ര വയ്ക്കുന്നതും ആകുന്നു.

൧൧. ഖജനാവിൽ വെച്ചുകൊള്ളുന്നതായ ഒരു പുസ്തകത്തിൽ പാസ്ബുക്കിന്റെ വകക്കു ഒരു രസീതും നിക്ഷേപകൻ എഴുതി കൊടുക്കണം. റൂൾ ബുക്ക് (ചട്ടങ്ങൾ അടങ്ങിയിരിക്കുന്ന പുസ്തകം) വാങ്ങിച്ചിട്ടുള്ള വകക്കു മറെറാരു രസീതും അയാൾ എഴുതി കൊടുക്കണം. അതിനെ സെൻട്രൽ അക്കൌണ്ട് ആൻഡ് ആഡിററ് ആഫീസിൽ അയക്കേണ്ടതാകുന്നു. ൰ ഒപ്പിനെ സേവിങ്സ് ബാങ്കിലെ മേലാൽ ഉള്ള മാറ്റദേൎശനത്തിനു മാതൃക ഒപ്പായി സൂക്ഷിച്ചു വയ്ക്കുന്നതാകകൊണ്ടു ൰ ഒപ്പുകൾ സൂക്ഷ്മത്തോടുകൂടി എഴുതേണ്ടതാകുന്നു.

൧൨. പാസ് ബുക്കിൽ നിക്ഷേപകന്റെ വക നിക്ഷേപകണക്കിന്റെ നമ്പരും ഏതു ആഫീസിൽ നിന്നു ബുക്കു കൊടുക്കപ്പെട്ടുവൊ ആ ആഫീസിന്റെ പേരും ആ ആളുടെ പേരും തൊഴിൽ അല്ലെങ്കിൽ വൃത്തിയും മേൽവിലാസവും മലയാളത്തിൽ എഴുതുന്നതാകുന്നു. പാസ്ബുക്കിനെ ഹാജരാക്കാതെ ഒരിക്കലും പണം ഒടുക്കുകയാകട്ടെ ഒരു കണക്കിൽ നിന്നു പണം തിരയെ പററുകയാകട്ടെ ചെയ്തുകൂടാ. പാസ്ബുക്കിൽ വരവു വച്ചിട്ടില്ലാത്ത വല്ല തുകകൾക്കട്ടെ, പാസ്ബുക്കിനെ വല്ല ആളും കൈവശത്തിലാക്കി നിക്ഷേപകന്റെ വകയായ വല്ല തുകയേയും വാങ്ങി കൈക്കലാക്കുന്നതുനിമിത്തം നിക്ഷേപകന്നു ഉണ്ടാകുന്ന വല്ല നഷ്ടത്തിനാകട്ടെ ഖജനാ ഉത്തരവാദിയായിരിക്കുന്നതല്ലാ.

൧൩. ഒരു നിക്ഷേപകന്നു ആദ്യമായി കൊടുക്കുന്ന പാസ് ബുക്കിന്നു ആകട്ടെ ആദ്യത്തെ ബുക്കിന്നു തുടച്ചയായി അയാൾക്കു കൊടുക്കുന്ന വല്ല ബുക്കിന്നു ആകട്ടെ വില വാങ്ങുന്നതല്ലാ; അങ്ങിനെ തുടച്ചയായി പാസ് ബുക്ക് കൊടുക്കുമ്പോൾ ആദ്യത്തെ പാസ് ബുക്കിനെ ഖജനാവിൽ വെച്ചുകൊള്ളുന്നതാകുന്നു. എന്നാൽ ഒരു പാസ് ബുക്ക് കളഞ്ഞുപോകയൊ ചീത്തയായിപോകയൊ ചെയ്യുകയാകട്ടെ ഒരു നിക്ഷേപകണക്കു നിറുത്തിയ തീയതിമുതൽ ൬ മാസം കഴിയുന്നതിനു മുമ്പു സെൻട്രൽ അക്കൌണ്ട് ആഫീസരുടെ അനുവാദത്തോടുകൂടി വല്ല നിക്ഷേപകണക്കും വീണ്ടും ആരംഭിക്കുകയാകട്ടെ ചെയ്യുന്നപക്ഷം നിക്ഷേപകൻ പുതിയ ഒരു പുസ്തകത്തിനു അര ശ്രുപ വിലകൊടുക്കേണ്ടതാകുന്നു.

൧൪. നിക്ഷേപകൻ ഏതു ആഫീസിൽ തന്റെ നിക്ഷേപകണക്കു വെക്കുന്നുവോ ആ ആഫീസിൽ തന്റെ ഇഷ്ടംപോലെ എത്ര എങ്കിലും പ്രാവശ്യം പണം ഒടുക്കികൊള്ളാ

വുന്നതാകുന്നു; എന്നാൽ അതേങ്ങിൽ ഇത്രയേ ഒടുക്കാൻ പാടുള്ളൂ എന്നും അതുകൂടാതെ ഇത്രയേ ഒടുക്കാൻ പാടുള്ളൂ എന്നും ഉള്ള കണക്കുകളെ കവിയരുതു. നിക്ഷേപകൻ ചെയ്യാനുള്ളതു പാസ് ബുക്കിനോടുകൂടി ഒടുക്കാനുള്ള പണത്തുകയെ താൻതന്നെ കൊണ്ടുപോകയൊ അയക്കയോ ചെയ്കയും തുക പാസ് ബുക്കിൽ ചേർത്തു വരവുവെച്ചിട്ടുണ്ടോ എന്നും അയാളുടെ പേരിൽ നില്ക്കുന്ന ബാക്കിത്തുക എഴുതി ഖജനാ ആഫീസർ ഒപ്പിടുകയും തിയതി മുദ്ര അടിക്കയും ചെയ്തിട്ടുണ്ടോ എന്നും ബോദ്ധ്യപ്പെട്ടുകൊള്ളുകയും മാത്രമേയുള്ളൂ.

പണം തിരിയെ വാങ്ങിക്കൽ.

൧൫. നിക്ഷേപകൻ തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ ഉള്ള ആഴ്ചവട്ടത്തിൽ ഒരു പ്രാവശ്യംമാത്രമെ തന്റെ കണക്കിൽ നിന്നു പണം തിരിയെ വാങ്ങിക്കാവൂ.

൧൬. സ്ത്രീകൾ വിവാഹംകഴിച്ചവർ ആയിരുന്നാലും അല്ലാത്തവർ ആയിരുന്നാലും അവർ അവരുടെ പേരിൽതന്നെ നിക്ഷേപിച്ചിട്ടുള്ള പണത്തെ തിരിയെ വാങ്ങിക്കാവുന്നതാകുന്നു.

൧൭. നിക്ഷേപകൻ അര രൂപായിൽ കുറഞ്ഞ വല്ല ഒരു തുകയെയാകട്ടെ തന്റെ നിക്ഷേപക്കണക്കു അവസാനിപ്പിക്കുന്ന സമയത്തു ഒഴികെ അര രൂപായിൽ കുറഞ്ഞ തുക അടങ്ങിയ വല്ല സംഖ്യയെയാകട്ടെ തിരിയെ വാങ്ങിക്കാവുന്നതല്ല.

൧൮. നിക്ഷേപകനു പണം തിരിയെ വാങ്ങിക്കേണമെന്നിരുന്നാൽ ഏതു ആഫീസിൽ താൻ പണം നിക്ഷേപിച്ചിരിക്കുന്നുവോ ആ ആഫീസിൽ തന്റെ പാസ് ബുക്കിനെയും തിരിയെ വാങ്ങിക്കുന്നതിനുള്ള അച്ചടിച്ച അപേക്ഷഫാറം ആ ആഫീസിൽ കിട്ടുന്നതാകുന്നു; അതിൽ തനിക്കു ചെല്ലാനുള്ള ബാക്കിത്തുക ഇത്ര എന്നും താൻ തിരിയെ എടുക്കാൻ ആഗ്രഹിക്കുന്ന തുക ഇത്ര എന്നും എഴുതി ഒപ്പിട്ട ആ അപേക്ഷഫാറത്തെയും ഹാജരാക്കേണ്ടതാകുന്നു. പാസ് ബുക്കിനേയും പണം തിരിയെ വാങ്ങിക്കുന്നതിനുള്ള അപേക്ഷയേയും ഹാജരാക്കുന്നതു ഒരു ഏജണ്ട് ആണെങ്കിൽ പണം തിരിയെ വാങ്ങിക്കുന്നതിനുള്ള അപേക്ഷഫാറം നിക്ഷേപകന്റെ കൈവശത്തിൽ നിന്നു പോകുന്നതിനുമുമ്പു അതിൽ ഏജണ്ടന്റെ പേരും കയ്യൊപ്പും വെച്ചിരിക്കേണ്ടതാകുന്നു.

൧൯. നിക്ഷേപകനു എഴുതാൻ കഴിവില്ലെങ്കിൽ അയാൾതന്നെ ഹാജരായിട്ടു അപേക്ഷയിൽ തന്റെ ഒപ്പായ അടയാളമൊ മുദ്രയോ വെക്കേണ്ടതാകുന്നു. നേരിട്ടു ഹാജരാകുന്നതിനു അയാൾക്കു ഒട്ടും നിവൃത്തിയില്ലാതിരുന്നാൽ അയാൾ തന്റെ അപേക്ഷയിൽ തന്റെ ഒപ്പായ അടയാളമൊ മുദ്രയോ വെച്ചു മാന്യനായ വല്ല സാക്ഷിയേയുംകൊണ്ടു അതിനെ സാക്ഷ്യപ്പെടുത്തിക്കേണ്ടതാകുന്നു. അപ്പോൾ ഖജനാ ആഫീസർ നിക്ഷേപകനു ഹാജരാകുവാൻ കഴിവില്ലായിരുന്നു എന്നുള്ളതിനേയും അപേക്ഷ വാസ്തവത്തിൽ ഉള്ളതാണെന്നുള്ളതിനേയുംപറ്റി തനിക്കു യുക്തം എന്നു തോന്നുന്ന വിധത്തിൽ ഉള്ള അന്വേഷണംകൊണ്ടു സ്വയം തൃപ്തിപ്പെട്ടതിൽപിന്നെ അപേക്ഷയെ പാസ് ബുക്കിനോടുകൂടി ഹാജരാക്കുന്ന ആളുടെ കയ്യിൽ പണം കൊടുക്കേണ്ടതാകുന്നു. എഴുതാൻ കഴിവില്ലാത്ത നിക്ഷേപകനൊ എഴുതാൻ കഴിവില്ലാത്ത തന്നിയുക്തനോ ഒപ്പായ അടയാളമാകട്ടെ മുദ്രയാകട്ടേ പണം തിരിയെ വാങ്ങുന്ന സമയത്തു വെക്കുമ്പോൾ ഒടുക്കിയ ആളുടെയൊ തന്നിയുക്തന്റെയോ (സംഗതിയുടെ സ്ഥിതിപോലെ) പരിചിതനും ഖജനാ ആഫീസർക്കു അറിയാവുന്നവനും ആയി പണം കൊടുക്കുന്ന ഉദ്യോഗസ്ഥൻ അല്ലാത്ത മാന്യനായ ഒരു സാക്ഷിയോ ഖജനാവിലെ വല്ല ഉദ്യോഗസ്ഥനൊ അതിൽ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാകുന്നു. നിക്ഷേപകനു ചെല്ലേണ്ടതായി അയാളുടെ പാസ് ബുക്കിൽ കാണിച്ചിട്ടുള്ള ബാക്കി തുക മുഴുവനും തിരിയെ വാങ്ങിക്കുന്നതിനു നിക്ഷേപകൻ ആഗ്രഹിക്കുന്നതായാൽ അയാൾ തന്റെ നിക്ഷേപക്കണക്കിനെ അവസാനിപ്പിക്കേണ്ടതാകുന്നു.

൨൦. ഒരു മൈനർക്കുവേണ്ടി ആരംഭിച്ചിട്ടുള്ള ഒരു നിക്ഷേപക്കണക്കിൽ നിന്നു പണം തിരിയെ വാങ്ങിക്കുന്നതിനു അച്ഛനോ കാരണവനോ അച്ഛൻ മരിച്ചിരുന്നാൽ അമ്മയോ അല്ലാത്ത വല്ല ആളും ആഗ്രഹിക്കയും ആ മൈനറുടെ രക്ഷകൻ എന്നുള്ള നിലയിൽ അതിലേക്കു അപ്രകാരം അവകാശപ്പെടുകയും ചെയ്യുന്നപക്ഷം അയാളോടു താഴെ പറയുന്ന ചോദ്യങ്ങളും ആവശ്യമെന്നു തോന്നുന്നവയായ മറ്റു ചോദ്യങ്ങളും ചോദിച്ചു ഉത്തരം പറയുന്നതിനു ആവശ്യപ്പെടുന്നതും സെന്റ്രൽ അക്കൌണ്ട് ആഫീസറുടെ ഉത്തരവിൻമേൽമാത്രം പണം തിരിയെ വാങ്ങിക്കുന്നതിനു അയാളെ അനുവദിക്കുന്നതും ആകുന്നു.

(എ) മൈനറുമായിട്ടുള്ള ചാർച്ച എന്ത്?

(ബി) മൈനറുടെ അച്ഛനോ അമ്മയോ കാരണവനോ മരിച്ചുപോയോ? അല്ലെങ്കിൽ അച്ഛനമ്മമാർ ആകട്ടെ കാരണവൻ ആകട്ടെ മരിച്ചുപോയെങ്കിൽ? മൈനർക്ക് അടുത്ത ഏതു ചാർച്ചക്കാരൻ ജീവിച്ചിരിപ്പുണ്ട്?

(സി) മരണശാസനത്താലോ മറ്റു ശാസനത്താലോ തിരുവിതാംകോട്ടു നടപ്പുള്ള വല്ല റെഗുലേഷൻ അനുസരിച്ചോ നിങ്ങളെ മൈനറുടെ രക്ഷകനായി നിയമിക്കപ്പെട്ടിട്ടുണ്ടോ?

ഈ ചോദ്യത്തിനു ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ അപേക്ഷിക്കുന്ന ആൾ തന്റെ അധികാരത്തെ സ്ഥാപിക്കുന്നതിനു ആധാരഭൂതം ആയ കരണങ്ങളെ ഹാജരാക്കണം.

(ഡി) അയാൾ നിങ്ങളോടുകൂടി താമസിക്കുന്നുവോ? അയാൾ നിങ്ങളുടെ രക്ഷയിൽ ഇരിക്കുന്നുവോ?

൨൦ മൈനർക്കുവേണ്ടി ആരംഭിച്ചിരിക്കുന്ന നിക്ഷേപകണക്കുകളിൽ നിന്നു പണം തിരിയെ വാങ്ങിക്കുന്ന സംഗതിയിൽ പണം തിരിയെ വാങ്ങിക്കുന്ന അപേക്ഷയിൽ അച്ഛനോ കാരണവനോ മറ്റു രക്ഷകനോ താഴെ പറയുന്ന സർട്ടിഫിക്കെട്ട് എഴുതി ഒപ്പിടേണ്ടതാകുന്നു.

തിരിയെ വാങ്ങിക്കാൻ ഉദ്ദേശിക്കുന്ന സംഖ്യ മൈനറുടെ ഉപയോഗത്തിനു ആവശ്യപ്പെട്ടിരിക്കുന്നു എന്നു ഞാൻ ഇതിനാൽ ഉറപ്പുപറയുന്നു.

൨൧ തിരിയെ വാങ്ങിക്കാൻ പോകുന്ന തുക ഇത്ര എന്നു പാസ് ബുക്കിൽ എഴുതി പണം ഒടുക്കുന്നതിൽ എന്നപോലെ ആ പേരിൽ നീക്കിയിരിപ്പുള്ള തുകയും അതിൽ എഴുതി ഖജനാ ആഫീസരുടെ ഒപ്പും ആഫീസിലെ തീയതി മുദ്രയും വെക്കേണ്ടതാകുന്നു. പിന്നീടു തുകയെ നിക്ഷേപകനോ പാസ് ബുക്കും അപേക്ഷയും ഹാജരാക്കുന്ന ആൾക്കോ കൊടുക്കുന്നതും എല്ലാ സംഗതികളിലും പണം കൊടുക്കുന്നതായി എഴുതീട്ടുള്ള സ്ഥലത്തു സ്റ്റാമ്പു കൂടാതെ അയാളുടെ രസീതു എഴുതി വാങ്ങേണ്ടതും ആകുന്നു.

പലിശ.

൨൨. ഇനി ഒരു അറിയിപ്പു കൊടുക്കുന്നതുവരെ ഓരോ മാസത്തിലും ഏറ്റവും കുറഞ്ഞതായി കാണുന്ന നീക്കിയിരിപ്പു തുകക്കു പലിശ മാസം ൧ക്കു ൧൪ രൂപാക്കു ൧ ചക്രം വീതം അതായതു ആണ്ടിൽ നൂററിനു ഏകദേശം ൩ ൧/൧൬ വീതം, ആയിരിക്കുന്നതാകുന്നു. എന്നാൽ ൧൪ രൂപായുടെ വല്ല ഗുണന സംഖ്യയിലും കവിഞ്ഞ ഒരു തുകക്കോ ൨൦൦൦ രൂപായിൽ കവിഞ്ഞ തുകക്കോ പലിശ അനുവദിക്കുന്നതല്ല.

൨൩. ഒരു നിക്ഷേപകണക്കു അവസാനിപ്പിക്കുന്നതിനായി ഉത്തരവു കൊടുക്കപ്പെടുമ്പോൾ ഏതു മാസത്തിൽ ഉത്തരവു കൊടുക്കപ്പെടുന്നുവോ ആ മാസത്തിലെ ൧-ാം മുതൽ പലിശ നിന്നുപോകും.

൨൪ നിക്ഷേപകൻ മരിച്ചുപോയാൽ അയാളുടെ നിക്ഷേപകണക്കിൽ ബാക്കിയുള്ള തുക വാങ്ങുന്നതിനു അവകാശം ഉള്ള ആളായി ഗവമ്മെന്റ് സമ്മതിക്കുന്ന ആൾക്കോ ആളുകൾക്കോ ഏതു മാസത്തിൽ നോട്ടീസ് അയക്കുന്നുവോ ആ മാസത്തിലെ ൧-ാം മുതൽ അതിലേക്കുള്ള പലിശ നിന്നുപോകും.

൨൫ മേൽപറഞ്ഞ പ്രകാരം ഏറ്റവും കുറഞ്ഞതായി കാണുന്ന നീക്കിയിരിപ്പു തുകക്കു ഓരോ മാസത്തേക്കും കണക്കു കൂട്ടുന്ന പലിശയെ ഓരോ ആണ്ടിലും ഓരോ നിക്ഷേപകണക്കിന്റെയും നീക്കിയിരിപ്പു തുകയോടു ചേർക്കുന്നതാകുന്നു.

൨൬ നിക്ഷേപകന്മാർ കർക്കടകമാസാവസാനം കഴിഞ്ഞു കഴിയുന്ന വേഗത്തിൽ തങ്ങളുടെ പാസ് ബുക്കുകളിൽ ആവശ്യമുള്ള വിവരങ്ങൾ ചേർക്കുന്നതിലേക്കായി അവയെ ഹാജരാക്കേണ്ടതും പാസ് ബുക്കു കൊടുത്ത വകക്കു ഒരു രസീതു വാങ്ങിക്കൊള്ളേണ്ടതും ആകുന്നു.

൨൮. കർക്കടകമാസം കഴിഞ്ഞതിൽ പിന്നെ മുന്നാണ്ടിലെ പലിശ കൂട്ടി എഴുതിയതിനു മേൽ അല്ലാതെ പാസ്ബുക്കിൽ നീക്കിയിരിപ്പു തുക എഴുതുന്നതല്ലാ.

നിക്ഷേപക്കണക്കുകൾ മാററി കൊടുക്കുന്നതും
അവസാനിപ്പിക്കുന്നതും.

൨൯. ഒരു നിക്ഷേപക്കണക്കിനെ ഒരു സർക്കാർ ഖജനാവിൽ നിന്നു മറെറാരു ഖജനാവിലേക്കു മാററണം എങ്കിൽ അങ്ങിനെ മാററുന്നതിനു മൂന്നു മാസത്തിനു മുമ്പു തന്നെ ആ കണക്കു ഉണ്ടായിരുന്നാൽ ചിലവു കൂടാതെ തന്നെ നിക്ഷേപകനു അങ്ങിനെ മാററിക്കാം. നിക്ഷേപകൻ തന്റെ നിക്ഷേപക്കണക്കിനെ ഇങ്ങിനെ മാററിക്കാൻ അനുഗ്രഹിക്കുന്ന പക്ഷം അയാൾ തന്നെ പാസ്ബുക്കിനെ ഖജനാവിലേക്കു കൊണ്ടുപോകയൊ അല്ലെങ്കിൽ അയക്കയൊ ചെയ്യേണ്ടതും രണ്ടു സംഗതിയിലും അങ്ങിനെ മാററിക്കുന്നതിലേക്കു രേഖാമൂലം അപേക്ഷിക്കേണ്ടതും ആകുന്നു. പാസ്ബുക്കിനെ നിക്ഷേപകനു തന്നെ മടക്കികൊടുക്കുന്നതും അതിനെ അയാൾ ഏതു ഖജനാവിലെക്കു അയാളുടെ നിക്ഷേപക്കണക്കിനെ മാററുന്നുവോ ആ ഖജനാവിൽ കഴിയുന്ന വേഗത്തിൽ ഹാജരാക്കേണ്ടതുമാകുന്നു

൩൦. നിക്ഷേപക്കണക്കുകളെ കർക്കടകമാസത്തിൽ ഒരു ഖജനാവിൽ നിന്നു മറെറാരു ഖജനാവിലേക്കു മാററിക്കൂടാ. കണക്കു അവസാനിപ്പിക്കുന്നതിലേക്കു ഉത്തരവു കൊടുത്തിട്ടുള്ള നിക്ഷേപക്കണക്കുകളേയും മാററിക്കൂടാ

൩൧. നിക്ഷേപകൻ തന്റെ നിക്ഷേപക്കണക്കിനെ അവസാനിപ്പിക്കാൻ അനുഗ്രഹിക്കുമ്പോൾ അയാൾ തന്റെ പാസ്ബുക്കിനെ പണം തിരിയെ കിട്ടുന്നതിനുള്ള അപേക്ഷ ഫാറത്തോടുകൂടി ഹാജരാക്കേണ്ടതാകുന്നു. ഹാജരാക്കുന്ന തീയതിക്കു മുമ്പുള്ള കാലണ്ടർ മാസത്തിന്റെ അവധി വരെ അയാളുടെ കണക്കിൽ ചെല്ലാനുള്ള പലിശ പാസ്ബുക്കിൽ ചേർക്കുന്നതും അവസാനത്തെ നീക്കിയിരിപ്പു തുക എന്താണെന്നു സെൻട്രൽ അക്കൌണ്ട് ആഫീസിൽ കണക്കുകൂട്ടി എഴുതുന്നതും ആകുന്നു. പിന്നീടു പണത്തെ നിക്ഷേപകനു കൊടുക്കുന്നതും അതിലേക്കു പാസ്ബുക്കിൽ അയാളുടെ രസീതു വാങ്ങി ആ പാസ്ബുക്കിനെ സെൻട്രൽ അക്കൌണ്ട് ആഫീസിലേക്കു ഖജനാവിൽ നിന്നു അയക്കുന്നതും ആകുന്നു.

൩൨. തിരിയെ പണം വാങ്ങീട്ടുള്ള ഒരു ആളുവട്ടത്തിൽ നിക്ഷേപക്കണക്കിനെ അവസാനിപ്പിക്കാവുന്നതാകുന്നു

൩൩. ഈ ചട്ടങ്ങൾ അനുസരിച്ചു ഒരു നിക്ഷേപക്കണക്കിനെ അവസാനിപ്പിക്കുന്നതിനു ഉത്തരവു കൊടുത്തിട്ടുണ്ടെങ്കിൽ നിക്ഷേപകനോടു അയാളുടെ പാസ്ബുക്കിനെ ഹാജരാക്കുന്നതിനു ആവശ്യപ്പെടുന്നതായി ഒരു നോട്ടീസ് എഴുതി അയാൾക്കു അയക്കുന്നതാകുന്നു അങ്ങനെ നോട്ടീസ് അയച്ച തീയതി കഴിഞ്ഞതിൽപിന്നെ ആ കണക്കിൽ പിന്നീടു പണം കൊടുക്കിയാൽ സ്വീകരിക്കുന്നതല്ല, ആ തീയതിക്കു മുമ്പിലത്തെ കാലണ്ടർ മാസാവസാനം കഴിഞ്ഞതിൽ പിന്നെ നീക്കിയിരിപ്പുള്ള തുകക്കു പലിശ അനുവദിക്കുന്നതും അല്ല.

൩൪. ഒരു മൈനരുടെ പേർക്കു ആരംഭിക്കപ്പെട്ട ഒരു നിക്ഷേപക്കണക്കു അയാൾക്കു പ്രാപ്തവയസ്സു തികയുമ്പോൾ അവസാനിപ്പിക്കപ്പെടാതെ കിടക്കുന്ന പക്ഷം ആ വയസ്സു തികയുമ്പോൾ അയാൾ അതിനെ അവസാനിപ്പിക്കേണ്ടതാകുന്നു.

൩൫. പ്രാപ്തവയസ്സായതിനു പിന്നീടും ഒരു മൈനർ നിയമത്താൽ അടക്കട്ടെ ഒരു നീതിന്യായക്കോടതിയിലെ ഉത്തരവിനാൽ അടക്കട്ടെ ഒരു മൈനരായി തന്നെ ഇരിക്കുന്ന പക്ഷം മൈനർക്കു പ്രാപ്തവയസ്സാകുമ്പോൾ തന്നെ അയാളുടെ രക്ഷാകർത്താവു ആ കണക്കിനെ അവസാനിപ്പിക്കേണ്ടതാകുന്നു. മൈനർക്കു ഏതു മാസത്തിൽ പ്രാപ്തവയസ്സു ആകുന്നുവോ ആ മാസം കഴിഞ്ഞതിൽപിന്നെയുള്ള മാസത്തിലെ ഒന്നാം തീയതി മുതൽ ആ മൈനർക്കുവേണ്ടി ആരംഭിക്കപ്പെട്ടിരുന്ന കണക്കിന്മേൽ ഉള്ള പലിശ നിന്നുപോകും.

കാലഹരണം വന്ന നിക്ഷേപക്കണക്കുകൾ.

൩൬. താഴെ വിവരിക്കുന്ന കാലങ്ങൾക്കു യാതൊരു കൊടുക്കൽ വാങ്ങലും നടത്തീട്ടില്ലാത്ത നിക്ഷേപക്കണക്കുകളെ "കാലഹരണം വന്ന നിക്ഷേപക്കണക്കുകൾ" ആയി ഗണി

ക്കുന്നതാകുന്നു. അങ്ങനെയുള്ള നിക്ഷേപകണക്കുകളുടെ കാര്യത്തിൽ സെൻട്രൽ അക്കൗണ്ട് ആഫീസിലെ ഉത്തരവു മുമ്പിൽകൂട്ടി വാങ്ങാതെ പിന്നീട് പണം ഒടുക്കുകയോ തിരിയെ വാങ്ങിക്കയോ ചെയ്യുന്നതിനെ അനുവദിക്കുന്നതല്ല.

നിക്ഷേപകണക്കിലെ നീക്കിയിരിപ്പു തുക			നടപ്പുള്ള സംവത്സരങ്ങൾക്ക യാതൊരു സംഖ്യയും ഒടുക്കുകയോ തിരിയെ വാങ്ങിക്കയോ യാതൊരു പലിശയും കൂട്ടിച്ചേർക്കയോ ചെയ്തിട്ടില്ലെങ്കിൽ		
	൨൦	രൂപായിൽ കവിയാതിരിക്കുമ്പോൾ			
ടി	൨൦൦	ടി	൩	ടി	ടി
ടി	൨൦൦	രൂപായിൽ കവിഞ്ഞിരിക്കുമ്പോൾ	൨൦	ടി	ടി

൩൭. ഒരു കാലഹരണം വന്ന നിക്ഷേപകണക്ക ഗവർമ്മെണ്ടിലേക്ക ചേരുന്നില്ല. എന്നാൽ നിക്ഷേപകൻെറ അപേക്ഷയിന്മേൽ അതിനെ ഏതു കാലത്തിൽ എങ്കിലും വീണ്ടും ആരംഭിക്കാവുന്നതും, അങ്ങനെ പുനർജ്ജീവിപ്പിക്കുമ്പോൾ എന്തു പലിശ കൂടീട്ടുണ്ടോ അതിനെ മുതലിനോടുകൂടി ചേർക്കുന്നതും ആകുന്നു.

ഈ ചട്ടത്തിൽ "കൊടുക്കൽ വാങ്ങൽ" എന്നതിനു പണം നിക്ഷേപിക്കയോ തിരിയെ വാങ്ങിക്കയോ ചെയ്യുന്നതു മാത്രം അല്ല, പലിശ ചേർത്തു എഴുതുന്നതിനു പാസ് ബുക്കിനെ ഹാജരാക്കുന്നതുകൂടി അർത്ഥം ആകുന്നു.

പിൻതുടച്ചയവകാശവും രക്ഷകത്വവും.

൩൮. ഒരു സേവിങ്ങ്സ് ബാങ്കിൽ ബാക്കി തുക ഇരിക്കുമ്പോൾ നിക്ഷേപകൻ മരിച്ചുപോകയും, അയാൾ മരിച്ചു മൂന്നു മാസത്തിനു അകം അയാളുടെ മരണശാസനത്തിൻെറ പ്രോബെട്ടോ അയാളുടെ സ്വത്തിൻെറ കാര്യം നടത്തുന്നതിനുള്ള ആജ്ഞയോ ഹാജരാക്കപ്പെടാതിരിക്കയും ചെയ്താൽ, ബാക്കി തുകയെ വാങ്ങുന്നതിനാകട്ടെ, മരിച്ച ആളുടെ സ്വത്തിനെ ഭരിക്കുന്നതിനാകട്ടെ, അവകാശം ഉള്ളതായി കാണുന്ന ഏതു ആൾക്കും ആ തുകയെ സെൻട്രൽ അക്കൗണ്ട് ആഫീസ് കൊടുക്കാവുന്നതാകുന്നു.

൩൯. നിക്ഷേപകനു ഭ്രാന്തു പിടിക്കയോ മറ്റു വിധത്തിൽ അയാൾ തൻെറ കാര്യം ഭരിക്കുന്നതിനു അശക്തൻ ആയി തീരുകയോ ചെയ്കയും, അങ്ങനെ ഭ്രാന്തോ അശക്തതയോ ഉണ്ടെന്നു സെൻട്രൽ അക്കൗണ്ട് ആഫീസർക്ക ബോദ്ധ്യം വരത്തക്കവണ്ണം തെളിയിക്കപ്പെടുകയും ചെയ്താൽ ആ ആഫീസർ അദ്ദേഹത്തിൻെറ നിക്ഷേപത്തുകകളിൽ നിന്നു പണം യുക്തൻ എന്നു തോന്നുന്ന ഏതു ആൾക്കും കൊടുക്കാവുന്നതാകുന്നു. നിക്ഷേപകൻെറ സ്വത്തിനെ ഭരിക്കുന്നതിനു ഒരു കമ്മിറ്റി ആകട്ടെ മാനേജർ ആകട്ടെ നിയമിക്കപ്പെടുന്ന പക്ഷം, ആ കമ്മിറ്റിക്കോ മാനേജർക്കോ അല്ലാതെ മറ്റു വല്ല ആൾക്കും പണം കൊടുക്കുന്നതിനു ഈ വകുപ്പിൻ പ്രകാരം യാതൊന്നും അധികാരപ്പെടുത്തുന്നില്ല.

൪൦. ഒരു മൈനർക്ക വേണ്ടി ആരംഭിച്ചിട്ടുള്ള ഒരു നിക്ഷേപകണക്കിൽ നിന്നു ആ മൈനറുടെ രക്ഷകൻ എന്നുള്ള നിലയിൽ പണം തിരിയെ വാങ്ങിക്കുന്നതിനു അച്ഛനോ അമ്മയോ കാരണവനോ അല്ലാത്ത വല്ല ആളും അവകാശപ്പെടുന്നതായാൽ മൈനറുടെ ഉപയോഗത്തിനായി താഴെ പറയുന്ന വ്യവസ്ഥകൾക്കധീനപ്പെട്ട പണം തിരിയെ വാങ്ങിക്കുന്നതിനു അപേക്ഷകനെ സെൻട്രൽ അക്കൗണ്ട് ആഫീസർ അധികാരപ്പെടുത്താവുന്നതാകുന്നു.

(എ) അപേക്ഷകൻ നിയമപ്രകാരം രക്ഷകൻ ആണെന്നു അവകാശപ്പെടുമ്പോൾ ആ അവകാശത്തിന്നു തെളിവു ഹാജരാക്കിയാൽ

(ബി) അപേക്ഷകൻ മരണശാസനത്താലൊ മറ്റു ശാസനത്താലൊ നിയമിക്കപ്പെട്ട രക്ഷകൻ ആണെന്നു അവകാശപ്പെടുമ്പോൾ, ആ അവകാശത്തെ സ്ഥാപിക്കുന്ന കാരണങ്ങളെ ഹാജരാക്കിയാൽ

(സി) മററ എല്ലാ സംഗതിയിലും പണം വാങ്ങിക്കുന്നതിന അപേക്ഷിക്കുന്ന ആളെക്കൊണ്ടു മരിച്ചുവന്റെ സ്വത്തുവക കാൎയ്യം നടത്താനുള്ള സൎട്ടിഫിക്കേററ ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതാകുന്നു.

൰൫. ഈ ചട്ടങ്ങളിലെ വ്യവസ്ഥകളെ നടത്തുന്നതിൽ വ്യാപൃതന്മാർ ആയ ഖജനാ ഡിപ്പാൎട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരോടല്ലാതെ മററാരോടും നിക്ഷേപകന്റെ പേർ വിവരമൊ ഒടുക്കുന്നതൊ തിരിയെ വാങ്ങിക്കുന്നതൊ ആയ പണത്തുകയെ പററിയുള്ള വിവരമൊ ഈ കൊടുക്കൽ വാങ്ങലിന നിയുക്തന്മാർ ആയ ഖജനാ ഡിപ്പാൎട്ടുമെണ്ടിലെ ജീവനക്കാർ വെളിപ്പെടുത്തരുതു.

൰൬. ഏതു സമയത്തും ഈ ചട്ടങ്ങളെ ഭേദപ്പെടുത്താനൊ കൂടുതൽ ചട്ടങ്ങൾ നടപ്പാക്കാനൊ സൎക്കാരിന അധികാരം ഉള്ളതാകുന്നു. അങ്ങിനെ ഭേദപ്പെടുത്തലൊ കൂട്ടലൊ ചെയ്യുന്ന വിവരം മുമ്പിൽകൂട്ടി ഗവൎമ്മെണ്ടു ഗസെററിൽ പ്രസിദ്ധപ്പെടുത്തപ്പെടും.

ദിവാൻ എസ്. ഗോപാലാചാൎയ്യർ
ദിവാൻ ബഹദൂർ

Part II.—രണ്ടാം ഭാഗം

Notice from the Senior Dewan Peishkar of Trivandrum Division

നമ്പർ ൧൫൪

തിരുവനന്തപുരം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം
ചെയ്യുന്നതെന്തെന്നാൽ

ചിറയിൻകീഴ താലൂക്കിൽ മടവൂരധികാരത്തിൽ [illegible] ക്ഷേത്രം അറ്റകുറ്റം തീർപ്പിക്കുന്നതിനു പീസു നീക്കി തുവച്ച രൂപാ ൨൫൦ പണം ൧൨ [illegible] അനുവദിച്ചു എഴുതി വന്നിരിക്കുന്നതും ടി വേല ലേലം ചെയ്തു കുറഞ്ഞ തുകക്കു വിട്ടുകൊടുക്കുന്ന ആളിനെ കൊണ്ടു [illegible] നിശ്ചയിച്ചിട്ടുള്ളതിനു [illegible] ൻറെ ൧൯ നു ലേലത്തിനു നിശ്ചയിച്ചിരിക്കുന്നതുമാകയാൽ മനസ്സുള്ളവർ അന്നേ ദിവസം [illegible] മണിക്കു കച്ചേരിയിൽ ഹാജരായി ലേലത്തിൽ ചേർന്നുകൊള്ളേണ്ടതാകുന്നു.

വേലകൾ നടത്തിച്ചു പരിചയമുണ്ടെന്നു ബോദ്ധ്യപ്പെടുന്നവരെയും ലേലത്തിൽ ചേരുന്നതിനു മനസ്സുള്ളവർ ൧൦ രൂപാ മുമ്പിൽ കെട്ടി ഡിപ്പോസിറ്റ് ചെയ്യേണ്ടതുമാകയാൽ അപ്രകാരം ഡിപ്പോസിറ്റ് വെക്കുന്നവരെയും അല്ലാതെ മറ്റാരെയും ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ലാ.

ലേലത്തിൽ [illegible] പ്രകാരമുള്ള തുകയിൽ നിന്നും അധികം കുറച്ചു വിട്ടുകൊടുക്കുന്ന ആളിന്റെ മേൽ ലേലം അവസാനിപ്പിക്കുന്നതും [illegible] ലേലത്തിൽ ചേരുന്നതിനു വച്ചിട്ടുള്ളതുംപുറമെ [illegible] ഡിപ്പോസിറ്റ് ഉടൻ കെട്ടിവെക്കേണ്ടതും ൧ ദിവസത്തിനകം ചിറയിൻകീഴ താലൂക്കിൽ [illegible] ഉടമ്പടി എഴുതിവച്ചു ഉടമ്പടി തീയതി മുതൽ [illegible] മാസത്തിനകം വേല തീർക്കേണ്ടതുമാകുന്നു ലേലത്തിൽ വിട്ടുകൊടുക്കുന്ന ആളിന്റെ ഡിപ്പോസിറ്റ് [illegible] ഡിപ്പോസിറ്റ് [illegible] ഉടൻ തിരികെ കൊടുക്കപ്പെടും ഡിപ്പോസിറ്റ് [illegible] ലേലക്കാരൻ ഉടൻ കെട്ടിവെക്കാതെയും അവധിക്കകം ഉടമ്പടി എഴുതിവെക്കാതെയും ഇരിക്കുന്നതായാൽ ലേലക്കാരൻ വച്ചിട്ടുള്ള ഡിപ്പോസിറ്റിനെ പ്രായശ്ചിത്തമായി മുതൽക്കൂട്ടുന്നതും കൂടാതെ [illegible] ലേലം ചെയ്യുന്നതും അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും [illegible] വല്ല കുറ്റവും [illegible] ലേലക്കാരന്റെ അവകാശം [illegible] അല്ലാ.

ലേലത്തിൽ അധികം കുറഞ്ഞ തുകക്കു വിട്ടുകൊടുക്കുന്ന ആളിനെ സ്വീകരിക്കുന്നതും നിരാകരിക്കുന്നതും ഇവിടത്തെ ഇഷ്ടംപോലെ ആയിരിക്കുകയും ചെയ്യും.

൧൦൭൭ മാണ്ടു കുംഭമാസം ൨൪ നു

സീനിയർ ദിവാൻ പേഷ്കാർ

വി. നാഗമയ്യാ.

തിരുവനന്തപുരം പണിവക മരാമത്തു കച്ചേരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. ടി പണിവക സ്റ്റോറിൽ കണക്കിൽ മുതൽകൊണ്ടു കിടപ്പുള്ളതിൽ ടി ഡിപ്പാർട്ടുമെന്റിലെ വേലകൾക്ക ഉപയോഗമില്ലാത്തതും താഴെ വിവരിക്കുന്നതും ആയ സാമാനങ്ങളെ ൧൦൭൨-ാമാണ്ടു മീനമാസം ൧൩-ാം തീയതി മുതൽ സാമാനങ്ങൾ വിററു തീരുന്നതു വരെ ദിവസം തോറും പകൽ ൩ മണിക്കു ടി കച്ചേരി മുററത്തു വെളിയിൽ വച്ചു ലേലത്തിൽ വില്ക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

൨. സാമാനങ്ങളെ ലേലത്തിൽ വാങ്ങിപ്പാൻ ആഗ്രഹമുള്ള ആളുകൾ ലേലസമയം സ്ഥലത്തു ഹാജരായി കൂടുന്ന ഉയർച്ച വിളികൊൾക്കയും ലേലം സ്ഥിരപ്പെടുത്തി കൂടിയാലുടൻ ഉടനെ പണം ഒടുക്കി സാമാനങ്ങളെ കൊണ്ടുപോകയും ചെയ്യേണ്ടതാകുന്നു.

൩. പണം ഒടുക്കുന്നതിനു മുൻപായി ലേലക്കാർക്കു സാമാനങ്ങളെ കൈവശപ്പെടുത്തി കൊടുക്കുന്നതല്ലാത്തതും, ലേലം സ്ഥിരപ്പെടുത്തിയതിൽ പിന്നീടു സാമാനങ്ങളെക്കുറിച്ചു ഏതെങ്കിലും ആക്ഷേപങ്ങളോ മറേറാ പുറപ്പെടുവിക്കുന്നതായാൽ അതുകളെ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൪. സാമാനങ്ങൾ ലേലത്തിൽ വിളിച്ചെടുത്തിട്ടുള്ളതിൽ ആരെങ്കിലും ൨-ാം വകുപ്പനുസരിച്ചു ഉടനെ പണം ഒടുക്കാതെ പിൻമാറി പോകയോ അവധി പറഞ്ഞു താമസപ്പെടുത്തുകയോ ചെയ്യുന്നതായാൽ നാശനഷ്ടം ആരോപിച്ചു ലേലം ചെയ്യുന്നതാണ്.

൫. അങ്ങനെ ലേലം ചെയ്യുന്നതിൽ ആദ്യ ലേലത്തിൽ നിന്നും കുറവു വരുന്നതായാൽ ആ സംഖ്യ മുൻ ലേലക്കാരനിൽ നിന്നും വസൂൽ ചെയ്യുമെന്നുള്ളതും കൂടുതൽ വരുന്ന പക്ഷം അതിന്മേൽ ആദ്യ ലേലക്കാരനു അവകാശം പറഞ്ഞുകൂടാത്തതും ആകുന്നു.

൧൦൭൨-ാമാണ്ടു കുംഭമാസം ൧൯-ാം

കാര്യംവിചാരിക്കുന്ന,
അസിസ്റ്റന്റ് സൂപ്രവൈസ്സർ,
ശങ്കരപ്പിള്ള.

സാമാന വിവരം

൧. തേക്കു തടി കണ്ടി ൪൦
൨. തേമ്പാവു തടി കണ്ടി ൧൨൦
൩. തേമ്പാവു പിറവെട്ടു കണ്ടി ൧൦
൪. ഞെട്ടി പിറവെട്ടു കണ്ടി ൩
൫. ആഞ്ഞിലി തടി കണ്ടി ൩൧ക്കാലെ മാകാണി മുക്കാമാകാണി പെരുക്കം മുണ്ടാണി
൬. വെണ്തേക്കു തടി കണ്ടി ൩൧ക്കാലെ മുണ്ടാണി കാമാകാണി പെരുക്കം ൪കാലെ മാകാണി മുക്കാമാകാണി
൭. കമ്പിളിത്തടി കണ്ടി ൧കാലെ അരയ്ക്കാൽ അരമാകാണി പെരുക്കം ൨കാലെ മാകാണി അരമാകാണി
൮. കടമ്പു തടി കണ്ടി ൪കാലെ മാകാണി പെരുക്കം ഒരര മാകാണി അരമാമാകാണി
൯. വാഹത്തടി കണ്ടി ൨കാലെ മുക്കാമാകാണി പെരുക്കം ഒരര മുണ്ടാണി
൧൦. കരുന്താളിത്തടി കണ്ടി ൨അരമാകാണി മുക്കാമാകാണി പെരുക്കം ൩അരമാകാണി
൧൧. ൩ വീതി ൩ ഘനം തേമ്പാവു തടികോൽ ൨൬൦൦
൧൨. ൬ ൽ ൨ അരയിൽ ടി കട്ടിളപ്പടി കോൽ ൨൦൦൦
൧൩. ൩ ൽ ൧ അരയിൽ ടി കഴുക്കോൽ കോൽ ... ൩൬൦൦
൧൪. ൪ ൽ ൩ ൽ ടി ഉത്തരം കോൽ ൧൦൦൦
൧൫. ൧൦ ൽ ൧ അരയിൽ ടി പലക കോൽ ൩൩
൧൬. മാമ്പലക കോൽ ... ... ൩൪൩ കാലെ അരയ്ക്കാൽ
൧൭. പലതരം തേക്കു പട്ടിയൽ തുണ്ടുകൾ കോൽ .. ൭൩൮
൧൮. വെങ്ങ ഉരുപ്പടി കണ്ടി ൭കാലെ മാകാണി അരമാകാണി പെരുക്കം ൭അരയ്ക്കാൽ
൧൯. തമ്പകം ഉരുപ്പടി കണ്ടി ൩അരമുണ്ടാണി പെരുക്കം കാമാകാണി
൨൦. കടമ്പും പലക കോൽ ... ... ൩കാലെ അരയ്ക്കാൽ
൨൧. പ്ലാമ്പലക കണ്ടി .. അരമാകാണി അരമാകാണി പെരുക്കം അര
൨൨. മുള ൭൦൦൦

Notice from the Settlement Department.

൨ ാം പാർട്ടി സെററിൽമെൻറാഫീസിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

൧. പത്തനാപുരം താലൂക്കിൽ പത്തനാപുരം പകുതിവക തെളിവുശീട്ടുകൾ ൧൦൮൨ ാമാണ്ടു മീനമാസം … മുതൽ മേടമാസം … വരെ പത്തനാപുരം പ്രവൃത്തി കച്ചേരിയിൽ വച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശീട്ടുകൾക്കു അർഹതയുള്ളവർ അവരവർ തന്നെയൊ അവരുടെ രേഖാമൂലം അധികാരം കൊടുത്തിട്ടുള്ള വക്കീലന്മാർ കാര്യസ്ഥന്മാർ മുക്ത്യാർകാരന്മാർ ഇവരൊ ആ സ്ഥലത്തു ഹാജരായി മുറക്കു രസീതു കൊടുത്തു വാങ്ങിച്ചു കൊള്ളുവാനുള്ളതാകുന്നു.

൨. തെളിവുശീട്ടിൽ പറയുന്ന സംഗതികളെപ്പററി ആക്ഷേപം ബോധിപ്പിച്ചു നിവൃത്തി വരുത്തികൊള്ളേണ്ടതുണ്ടായിരുന്നാൽ പത്തനാപുരം പ്രവൃത്തികച്ചേരിയിൽ കച്ചേരി ഇട്ടിരിക്കുന്ന സെററിൽമെൻറാഫീസരുടെ അടുക്കൽ ൧൦൮൨ ാമാണ്ടു …മാസം … മുതൽ …ക്കകം തെളിവുശീട്ടു സഹിതം ഹാജരായി ഹർജി ബോധിപ്പിച്ചു തെളിവുകൊടുത്തു തീർച്ച സമ്പാദിച്ചുകൊള്ളേണ്ടതും അവധി കഴിഞ്ഞു ഹർജികൾ കൊണ്ടുവന്നാൽ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ൧ ാമതു വകുപ്പിൽ പറയുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകളെ ഈ ആഫീസിൽ വരുത്തി വെക്കുന്നതും അതുകളെ കുടിയാനവന്മാർ ഹാജരായി വാങ്ങിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു. എന്നാൽ ഇങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു ഏതെങ്കിലും സംഗതികൾ നിവൃത്തി തേടേണ്ടിവന്നാൽ അതിലേക്കു മുൻപറഞ്ഞിട്ടുള്ള തീയതിക്കു അപ്പുറം സാവകാശം അനുവദിക്കുന്നതല്ല.

൧൦൮൨ ാമാണ്ടു കുംഭമാസം …

അസിസ്റ്റൻറു സെററിൽമെൻറു പേഷ്കാർ
കെ. പത്മനാഭൻ തമ്പി.

൨ ാം പാർട്ടി സെററിൽമെൻറാഫീസിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

൧. പത്തനാപുരം താലൂക്കിൽ വിളക്കുടി പുനലൂർ ൨ പകുതിവക തെളിവുശീട്ടുകൾ ൧൦൮൨ ാമാണ്ടു മീനമാസം … മുതൽ … വരെ പുനലൂർ സത്രത്തിൽ വച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശീട്ടുകൾക്കു അർഹതയുള്ളവർ അവരവർ തന്നെയൊ അവരുടെ രേഖാമൂലം അധികാരം കൊടുത്തിട്ടുള്ള വക്കീലന്മാർ കാര്യസ്ഥന്മാർ മുക്ത്യാർകാരന്മാർ ഇവരൊ ആ സ്ഥലത്തു ഹാജരായി മുറക്കു രസീതുകൊടുത്തു വാങ്ങിച്ചുകൊള്ളുവാനുള്ളതാകുന്നു.

൨. തെളിവുശീട്ടിൽ പറയുന്ന സംഗതികളെപ്പററി ആക്ഷേപം ബോധിപ്പിച്ചു നിവൃത്തിവരുത്തികൊള്ളേണ്ടതുണ്ടായിരുന്നാൽ പുനലൂർ സത്രത്തിൽ കച്ചേരി ഇട്ടിരിക്കുന്ന സെററിൽമെൻറാഫീസരുടെ അടുക്കൽ ൧൦൮൨ ാമാണ്ടു മീനമാസം … മുതൽ …ക്കകം തെളിവുശീട്ടു സഹിതം ഹാജരായി ഹർജി ബോധിപ്പിച്ചു തെളിവുകൊടുത്തു തീർച്ച സമ്പാദിച്ചുകൊള്ളേണ്ടതും അവധി കഴിഞ്ഞു ഹർജികൾ കൊണ്ടുവന്നാൽ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ൧ ാമതു വകുപ്പിൽ പറയുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകളെ ഈ ആപ്പീസിൽ വരുത്തിവയ്ക്കുന്നതും അതുകളെ കുടിയാനവന്മാർ ഹാജരായി വാങ്ങിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു. എന്നാൽ ഇങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു ഏതെങ്കിലും സംഗതികൾ നിവൃത്തി തേടേണ്ടിവന്നാൽ അതിലേക്കു മുൻപറഞ്ഞിട്ടുള്ള തീയതിക്കു അപ്പുറം സാവകാശം അനുവദിക്കുന്നതല്ല.

൧൦൮൨ ാമാണ്ടു കുംഭമാസം …

അസിസ്റ്റൻറു സെററിൽമെൻറു പേഷ്കാർ.
കെ. പത്മനാഭൻ തമ്പി.

രണ്ടാം പാർട്ടി സെററിൽമെൻറാപ്പീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. കൊട്ടാരക്കര താലൂക്കിൽ കുമ്മിൾ ചടയമംഗലം ൨ ൽ പകുതി വക തെളിവുശീട്ടുകൾ ൧൦൯൨ാമാണ്ടു മീനമാസം ൧൫നു മുതൽ ൧൭നു വരെ കടയ്ക്കൽ മുറിയിൽ കരിങ്ങോട്ടു വീട്ടിൽ വച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശീട്ടുകൾക്കു അർഹതയുള്ളവർ താന്താങ്ങൾ തന്നെയൊ അവരുടെ രെഖാമൂലം അധികാരം കൊടുത്തിട്ടുള്ള വക്കീലന്മാർ കാര്യസ്ഥന്മാർ മുക്ത്യാർകാരന്മാർ ഇവരൊ ആ സ്ഥലത്തു ഹാജരായി മുറക്കു രസീതു കൊടുത്തു വാങ്ങിച്ചുകൊള്ളുവാനുള്ളതാകുന്നു.

൨. തെളിവുശീട്ടിൽ പറയുന്ന സംഗതികളെപ്പററി ആൎക്കെങ്കിലും ബൊധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളെണ്ടതു ഉണ്ടായിരുന്നാൽ കുമ്മിൾ പ്രവൃത്തിയിൽ കടയ്ക്കൽ മുറിയിൽ കരിങ്ങോട്ടു വീട്ടിൽ കച്ചെരി ഇട്ടിരിക്കുന്ന സെററിൽമെൻറു ആപ്പീസരുടെ അടുക്കൽ ൧൦൯൨ാമാണ്ടു മീനമാസം ൧൫നു മുതൽ ൨൨നു-ക്കകം തെളിവുശീട്ടു സഹിതം ഹാജരായി ബൊധിപ്പിച്ചു തെളിവുകൊടുത്തു തീൎച്ച സമ്പാദിച്ചു കൊള്ളെണ്ടതും അവധി കഴിഞ്ഞു ഹൎജികൾ കൊണ്ടുവന്നാൽ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ൧ാമതു വകുപ്പിൽ പറയുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകളെ ൧ാം ആപ്പീസിൽ വരുത്തി വയ്ക്കുന്നതും അതുകളെ കുടിയാനവന്മാർ ഹാജരായി വാങ്ങിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു എന്നാൽ അങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു ഏതെങ്കിലും സംഗതികൾ നിവൃത്തി തെടെണ്ടി വന്നാൽ അതിലെക്കു മുൻ പറഞ്ഞിട്ടുള്ള തീയതിക്കു അപ്പുറം സാവകാശം അനുവദിക്കുന്നതല്ലാ.

൧൦൯൨ാമാണ്ടു മകരമാസം ൨൨നു-

അസിസ്റ്റണ്ടു സെററിൽമെൻറു പെഷ്കാർ,
കെ. പത്മനാഭൻതമ്പി.

൨ാം പാൎട്ടി സെററിൽമെൻറു ആപ്പീസിൽനിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. കൊട്ടാരക്കര താലൂക്കിൽ ഏഴകൊൺ പകുതിവക തെളിവുശീട്ടുകൾ ൧൦൯൨ാമാണ്ടു കുംഭമാസം ൨൫നു മുതൽ ൩൦നു വരെ കരീമതിയാട്ടു മുറിയിൽ കരിപ്പുറ വലിയ മഠത്തിൽവച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശീട്ടുകൾക്കു അർഹതയുള്ളവർ അവരവർ തന്നെയൊ അവരുടെ രെഖാമൂലം അധികാരം കൊടുത്തിട്ടുള്ള വക്കീലന്മാർ കാര്യസ്ഥന്മാർ മുക്ത്യാർകാരന്മാർ ഇവരൊ ആ സ്ഥലത്തു ഹാജരായി മുറക്കു രസീതുകൊടുത്തു വാങ്ങിച്ചുകൊള്ളെണ്ടതാകുന്നു.

൨. തെളിവുശീട്ടിൽപറയുന്ന സംഗതികളെപ്പററി ആൎക്കെങ്കിലും ബൊധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളെണ്ടതുണ്ടായിരുന്നാൽ കരീമതിയാട്ടു മുറിയിൽ കരിപ്പുറ വലിയ മഠത്തിൽ കച്ചെരി ഇട്ടിരിക്കുന്ന സെററിൽമെൻറു ആപ്പീസരുടെ അടുക്കൽ ൧൦൯൨ാമാണ്ടു മീനമാസം ൧൫നു മുതൽ ൨൨നു-ക്കകം തെളിവുശീട്ടു സഹിതം ഹാജരായി ബൊധിപ്പിച്ചു തെളിവു കൊടുത്തു തീൎച്ച സമ്പാദിച്ചുകൊള്ളെണ്ടതും അവധി കഴിഞ്ഞു ഹൎജികൾ കൊണ്ടുവന്നാൽ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ൧ാമതു വകുപ്പിൽ പറയുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകളെ ൧ാം ആപ്പീസിൽ വരുത്തി വയ്ക്കുന്നതും അതുകളെ കുടിയാനവന്മാർ ഹാജരായി വാങ്ങിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു. എന്നാൽ അങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു ഏതെങ്കിലും സംഗതികൾ നിവൃത്തി നെടെണ്ടിവന്നാൽ അതിലെക്കു മുൻ പറഞ്ഞിട്ടുള്ള തീയതിക്കു അപ്പുറം സാവകാശം അനുവദിക്കുന്നതല്ലാ.

൧൦൯൨ാമാണ്ടു മകരമാസം ൨൭നു-

അസിസ്റ്റൻറു സെററിൽമെൻറു പെഷ്കാർ
കെ. പത്മനാഭൻതമ്പി.

രണ്ടാം പാട്ടി സെററിൽമെൻറ ആപ്പീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. പത്തനാപുരം താലൂക്കിൽ തലവൂർ പട്ടാഴി ൪൦ ാംകതി വക തെളിവശിട്ടുകൾ ൧൦൮൨ ാമാണ്ട മകരമാസം ൧൫൹ മുതൽ ൨൫൹ വരെ തലവൂർ പ്രവൃത്തിയിൽ നടത്തെരി മറിയിൽ പാറപ്പെരി വീട്ടിൽ വച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശിട്ടുകൾക്കു അവകാശമുള്ളവർ അവരവർ തന്നെയോ അവരിടെ രെഖാമൂലം അധികാരം കൊടുത്തിട്ടുള്ള വക്കീലന്മാർ കാര്യസ്ഥന്മാർ മുക്ത്യാർകാരന്മാർ ഇവരൊ ആ സ്ഥലത്തു ഹാജരായി മുറയ്ക്കു രസിതു കൊടുത്തു വാങ്ങിച്ചു കൊള്ളവാനുള്ളതാകുന്നു.

൨. തെളിവശിട്ടിൽ പറയുന്ന സംഗതികളെപ്പററി ആക്ഷെങ്കിലും ബൊധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളെണ്ടതു ഉണ്ടായിരുന്നാൽ തലവൂർ പ്രവൃത്തിയിൽ നടത്തെരി മറിയിൽ പാറപ്പെരി വീട്ടിൽ കച്ചെരി ഇട്ടിരിക്കുന്ന സെററിൽമെൻറ ആപ്പീസിൽ അടക്കൽ ൧൦൮൨ ാമാണ്ട മകരമാസം ൬൹ മുതൽ ൨൫൹-ക്കകം തെളിവുശിട്ടു സഹിതം ഹാജരായി ഹർജി ബൊധിപ്പിച്ചു തെളിവു കൊടുത്തു തീർച്ച സമ്പാദിച്ചു കൊള്ളെണ്ടതും അവധി കഴിഞ്ഞു ഹർജികൾ കൊണ്ടുവന്നാൽ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ൧ ാമതു വകുപ്പിൽ പറയുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശിട്ടുകളെ ഹെഡാപ്പീസിൽ വരുത്തി വെക്കുന്നതും ആളുകളെ കുടിയാന്മാർ ഹാജരായി വാങ്ങിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു. എന്നാൽ അങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു ഏതെങ്കിലും സംഗതികൾ നിവൃത്തി തെടെണ്ടിവന്നാൽ അതിലെക്കു മേൽ പറഞ്ഞിട്ടുള്ള തീയതിക്കു അപ്പുറം അവകാശം അനുവദിക്കുന്നതല്ലാ എന്നു

൧൦൮൨ ാമാണ്ട കുംഭമാസം ൩൹

അസിസ്റ്റൻറ സെററിൽമെൻറ പെഷ്കാർ
കെ. പത്മനാഭൻതമ്പി.

തിരുവിതാംകൂർ സെററിൽമെൻറ സെൻററൽ ആപ്പീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

മാവെലിക്കര താലൂക്കു സംബന്ധിച്ചതും ഇതിനടിയിൽ വിവരിച്ചിരിക്കുന്നതുമായ സെററിൽമെൻറ റിക്കാട്ടുകളെ ഈ പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ രണ്ടു മാസം കഴിഞ്ഞ ഉടനെ നശിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തുന്നു

തിരുവനന്തപുരം
൧൦൮൨ ൭ ൹

സെററിൽമെൻറ ഡിവാൻപെഷ്കാർ,
എസ്, പത്മനാഭയ്യർ,

൧. അനുഭവപ്പെരെട്
൨. തിച്ചപ്പെരെട്
൩. തെളിവുശിട്ടും പട്ടയവും കൊടുത്ത വകയ്ക്കുള്ള രസിതു ബുക്കുകളും ആളുകൾ വാങ്ങിക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള സട്ടിഫിക്കെററ വക്കാലത്തു ഇതുകളും
൪. ചിററാ അടവുകൾ
൫. തവണകണക്കു വകക്കുള്ള അടവുകൾ
൬. റദ്ദ്ചെയ്ത തെളിവശിട്ടും പട്ടയവും
൭. രജിസ്ത്രെഷൻ കെസുകളുടെ രജിസ്തരും റിക്കാട്ടുകളും
൮. ഡിമാൻഡ് അടവു ബുക്കുകൾ
൯. വിക്കിലി പകപ്പു മുതലായതു
൧൦. മാസാന്ത്യ കണക്കു പകപ്പുകളും അഡ്മിനിസ്ത്രെഷൻ റിപ്പൊട്ട പകപ്പുകളും
൧൧. തണ്ടപ്പെരു അടവു മുതലായതും ഇനവാരികളും
൧൨. പട്ടയ അടവു മുതലായതിൻെറ പകപ്പുകൾ
൧൩. തരംവാരി ബുക്കു പകപ്പുകൾ
൧൪. ഏയ്യ്യാ ലിസ്റ്റു പകപ്പുകൾ
൧൫. തെളിവുശിട്ടു ഹർജി രജിസ്തരുകളും റിക്കാട്ടുകളും
൧൬. സൂപ്പർവൈസർ ആപ്പീസു വക സാധനപകപ്പു ഉത്തരവു രജിസ്തർ മുതലായ ബുക്കുകളും റിക്കാട്ടുകളും

തിരുവിതാംകൂർ സെററിൽമെൻറസെൻററൽ ആപ്പീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കരുനാഗപ്പള്ളി താലൂക്ക സംബന്ധിച്ചതും ഇതിനടിയിൽ വിവരിച്ചിരിക്കുന്നതുമായ സെററിൽമെൻറ റിക്കാട്ടുകളെ ഈ പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ രണ്ടു മാസം കഴിഞ്ഞ ഉടനെ നശിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തുന്നു.

തിരുവനന്തപുരം
൧൦൮൨-൭-൯.

സെററിൽമെൻറ ദിവാൻപെഷ്കാർ
എസ്. പത്മനാഭയ്യർ.

റിക്കാട്ടു വിവരം

൧. അനുഭവപ്പട്ടികട
൨. താഴ്ചപ്പട്ടികട
൩. ചിട്ടാ അടവു
൪. തെളിവുശിട്ടും പട്ടയവും കൊടുത്ത വകയുള്ള രസിതു ബുക്കുകൾ
൫. തവണ കണക്കു വകക്കുള്ള അടവുകൾ
൬. റദ്ദ് ചെയ്യതായ തെളിവുശിട്ടും പട്ടയവും
൭. രജിസ്ത്രേഷൻ കെസുകളുടെ രജിസ്തരും റിക്കാട്ടുകളും
൮. തെളിവുശിട്ട വിചാരണ സംബന്ധിച്ച രജിസ്തരും റിക്കാട്ടുകളും
൯. പട്ടവാരി സ്റ്റെററമെൻറ
൧൦. ഡിമാർക്കേഷൻ അടവു ബുക്കുകൾ
൧൧. വെലവിവരം പകപ്പു മുതലായതു
൧൨. മാസാന്ത്യകണക്ക പകപ്പുകളും അഡ്മിനിസ്ത്രേഷൻ റിപ്പോട്ടു പകപ്പുകളും
൧൩. തണ്ടപ്പേരു അടവു മുതലായതും ഇനവാരികളും
൧൪. പട്ടയ അടവു മുതലായതു
൧൫. വൃക്ഷവിവരം അടവുമുതലായതു
൧൬. ഉറവിലി ആപ്പീസു വകയും കരുനാഗപ്പള്ളി അസിസ്റ്റൻറ ആപ്പീസു വകയും സൂപ്പർവൈസർ ആപ്പീസു വകയും സാധന പകപ്പുകൾ ഉത്തരവു രജിസ്തർ മുതലായ ബുക്കുകളും റിക്കാട്ടുകളും

NOTICE.

In modification of this office notification dated 7th October 1906 published on page 1450 of the Government Gazette dated 16th October last *re* holding cattle-show in the Trivandrum Division, the public are informed that the show will be held in the open yard east of the Trivandrum Division Cutcherry in the second week of Ani 1082. Details will be published in due course.

Division Cutcherry,
Trivandrum,
20th February 1907.

V. NAGAM AIYA,
Senior Dewan Peishcar.

നൊട്ടീസു

തിരുവനന്തപുരം ഡിവിഷനിൽ കന്നുകാലി പ്രദൎശനം നടത്തുന്നതിനെപ്പററി കഴിഞ്ഞ അക്ടോബർ ൧൬-ലെ ഗവൎമ്മെൻറു ഗസെററിൽ ൧൪൫൦-ാം വശത്തു പ്രസിദ്ധപ്പെടുത്തിയിരുന്ന ൧൯൦൬ അക്ടോബർ ൭-ലെ ഈ ആഫീസിൽ നിന്നുള്ള പരസ്യത്തെ ഭേദപ്പെടുത്തി സകല ജനങ്ങളെയും തെര്യപ്പെടുത്തുന്നതെന്തെന്നാൽ പ്രദൎശനം ൧൦൮൨ മിഥുനമാസത്തിൽ രണ്ടാമത്തെ ആഴ്ചവട്ടത്തിൽ തിരുവനന്തപുരം ഡിവിഷൻകച്ചേരിയുടെ കിഴക്കുവശം ഉള്ള തുറന്ന സ്ഥലത്തുവച്ചു നടത്തുന്നതാകുന്നു. വിവരങ്ങൾ പിന്നാലെ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

ഡിവിഷൻകച്ചേരി
തിരുവനന്തപുരം
൧൯൦൭ ഫെബ്രുവരി ൨൦-നു

വി. നാഗമയ്യാ,
സീനിയർ ദിവാൻപെഷ്കാർ.

Notification.

Whereas plague prevails in parts of Tellicherry in Kottayam Taluk in British Malabar, and the Coimbatore and the adjoining Districts and whereas there is danger of its being imported into Cochin if people from those parts are allowed to attend the Bharani festival and fair at Cranganore in the Cochin State on Monday the 5th Meenam 1082 corresponding to the 18th March 1907, it is hereby notified in exercise of the powers conferred on the Diwan by section 2 of the Epidemic disease Regulation I of 1072, that the attendance of people from plague infected areas at the ensuing Bharani festival and fair at Cranganore is prohibited.

2. All persons proceeding to the said festival or fair in contravention of this notification will be turned back.

3. Intending visitors are warned of the danger they may be exposed to by proceeding to the above festival and fair.

Office of the Diwan of Cochin,
Miscellaneous Branch,
20th February 1907.

N. PATTABHIRAMA RAU,
Diwan.

പരസ്യം.

ബ്രിട്ടീഷ് മലബാറിൽ കൊട്ടയം താലൂക്കിൽ ചേർന്ന തലശ്ശേരിയിലും കോയമ്പത്തൂരും അടുത്തുള്ള ഡിസ്ത്രിക്റ്റുകളിലും പ്ലേഗ് ബാധിച്ചിരിക്കുന്നതായും മേല്പടി പ്രദേശങ്ങളിൽ നിന്നു കൊച്ചി സംസ്ഥാനത്ത കൊടുങ്ങല്ലൂര ൧൦൮൨ മീനം ൫-ക്ക ൧൯൦൭ മാർച്ച് ൧൮-നു തിങ്കളാഴ്ച ഉണ്ടാകുവാൻ പോകുന്ന ഭരണി അടിയന്തരത്തിന്നും വേലക്കും ചെല്ലുവാൻ ആളുകളെ അനുവദിക്കുന്നതായാൽ കൊച്ചി സംസ്ഥാനത്തു പ്ലേഗ്ഭയം ഉണ്ടാവാൻ ഇടയുള്ളതായും കാണുന്നതിനാൽ പകരുന്ന വ്യാധികളെപ്പറ്റിയുള്ള ൧൦൭൨-ലെ ൧-ാം റെഗുലേഷന്റെ ൨-ാം വകുപ്പു പ്രകാരം നമുക്കു സിദ്ധിച്ചിരിക്കുന്ന അധികാരം അനുസരിച്ചു പ്ലേഗ് ബാധിച്ചിരിക്കുന്ന സ്ഥലങ്ങളിൽനിന്നു ജനങ്ങൾ മേല്പടി ഭരണി അടിയന്തരത്തിന്നൊ വേലക്കൊ ചെന്നുകൂടുന്നതു വിരോധിച്ചിരിക്കുന്നു.

൨. ഈ പരസ്യത്തിന്നു വിരോധമായി മേല്പറഞ്ഞ ഭരണി അടിയന്തരത്തിന്നൊ വേലക്കൊ പോകുന്ന എല്ലാവരെയും മടക്കി അയക്കുന്നതാകുന്നു.

൩. മേല്പടി ഭരണി അടിയന്തരത്തിന്നൊ വേലക്കൊ പോകുവാൻ വിചാരിക്കുന്ന എല്ലാവരെയും അതുനിമിത്തം ഉണ്ടാകാവുന്ന ആപത്തിനെ അറിവിച്ചിരിക്കുന്നു.

കൊച്ചി ദിവാൻജി അവർകളുടെ ആപ്പീസ്,
മിസലെനിയസ് ബ്രാഞ്ച്,
൧൦൮൨ കുംഭം ൯-ക്ക
൧൯൦൭ ഫെബ്രുവരി ൨൦-ന

എൻ. പട്ടാഭിരാമരായർ,
ദിവാൻ

Notice.

Notice issued under section 32 of Regulation I of 1068 from the Office of the Assistant Superintendent, Cardamom Hills, Peermade.

It is proposed to sell by public auction the property mentioned in the schedule annexed below for arrears of tax, (Br. Rs. 247-annas 14-pies 6) due by its proprietor, the late Mr. R. S. Imray of Peermade.

2. The sale will be held at the place where the property is situate on the 22nd and 23rd of March 1907 / 9th and 10th Meenam 1082 and at this Office on the 25th of March 1907 / 12th of Meenam 1082.

3. The sale will commence at 12 noon each day and shall be to the highest bidder.

4. The purchase is requested to deposit at the time of purchase a sum equal to 15 per cent. of the price and pay up the remainder within 30 days of the date of sale.

5. If the balance is not paid up within that period, the purchaser will forfeit the deposit and the property will be resold and he will be held responsible for any loss or expense arising from the resale.

Number.	Person in whose name the property is registered.	Description of the property.						
		Taluq.	Proverthi.	Muri.	Name of the property.	Extent.	Nature of the defaulter's claim on the property.	Annual assessment.
	Mr. R. S. Imray.	Thodupuzhai.	Karikaud.	Periyar.	Alardy Estate.	153 acres 79 cents	Jenmom right.	B. Rs. 115 9 as. 6 pies.

Cardamom Assistant's Office,
Peermade,
9th February 1907.

J. H. KENYON,
Assistant Superintendent,
Cardamom Hills.

ഏലം അസിസ്റ്റൻറു സൂപ്രണ്ടാഫീസിൽ നിന്നും ൧൦൮൨-ലെ ൧ാം റെഗുലെഷൻ ൩൨ാം വകുപ്പനുസരിച്ചു പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. താഴെ പട്ടികയിൽ വിവരം പറയുന്നതായ തോട്ടം അതിന്റെ ഉടമസ്ഥൻ പീരുമെട്ടിൽ താമസിച്ചിരുന്ന മരിച്ചുപൊയ മിസ്റ്റർ ഇംപ്രെ സായിപ്പിന്റെ പെരിൽനിന്നും ഗവൎമ്മെണ്ടിലെക്കു കിട്ടുവാനുള്ള കരക്കടിശ്ശിഖ ൨൭൭ രൂപാ ൫ അണാ ൩ പൈസാക്കു വെണ്ടി ലെലത്തിൽ വിൽക്കപ്പെടുന്നതാകുന്നു.

൨. ലെലം വസ്തുവിൽവച്ചു ൧൦൮൨ മാണ്ടു ൨൨-ം ൨൩-ം തിയതികൾക്കു ൧൯൦൭ മീനം ൯-ം ൧൦-ം തീയതികളിലും ഈ ആഫീസിൽ വച്ചു ൧൦൮൨ മാണ്ടു ൨൫-ാംക്കു ൧൯൦൭ മീനം ൧൨-യും ചെയ്യുന്നതാകുന്നു.

൩. ലെലം അതാതു തീയതികളിൽ ൧൧ മണിക്കു ആരംഭിച്ചു കൂടുതൽ വിളികെൾക്കുന്ന ആളുകളുടെ മെൽ അവസാനിപ്പിക്കുന്നതാണ്.

൪. ലെലം വിളികെട്ട ആൾ ഉടനടതന്നെ ലെലത്തുകയിൽ നൂററിനു പതിനഞ്ചു വീതം ഉടൻ കെട്ടിവെക്കെണ്ടതും ബാക്കി ലെല തീയതി മുതൽ ൩൦ ദിവസത്തിനകവും ഒടുക്കെണ്ടതും ആകുന്നു.

൫. ബാക്കി ൩൦ ദിവസത്തിനകം ഒടുക്കി തീൎക്കാതിരുന്നാൽ ലെലം വിളികെട്ട ആൾ കെട്ടിവച്ചിട്ടുള്ള ഡെമണി ഇളുന്നുപൊകയും തൊട്ടം രണ്ടാമതു ലെലത്തിൽ വിൽക്കപ്പെടുകയും അങ്ങിനെ രണ്ടാമതു ലെലം ചെയ്യുന്നതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനൊ ചിലവിനൊ അയാൾ ഉത്തരവാദിയായിരിക്കയും ചെയ്യും.

൧൦൮൨ ഫെബ്രുവരി ൯-ക്കു
൧൦൮൨ മകരം ൨൭-ാം പീരുമെട്ട

ഏലം അസിസ്റ്റൻറു സൂപ്രണ്ടു,
ജെ എച്ച്. കെനിയൻ.

നമ്പർ	വസ്തു ഉടമസ്ഥന്റെ പെര്	വസ്തുവിന്റെ വിവരണം						
		താലൂക്ക	പ്രവൃത്തി	മുറി	വസ്തുവിന്റെ പെര്	വിസ്തീൎണ്ണം	കടിശ്ശികക്കാരനു വസ്തുവിലുള്ള അവകാശം	ആണ്ടൊന്നുക്കുള്ള കരം
	മിസ്റ്റർ ആർ. എസ്. ഇംപ്രെ	തൊടുപുഴ	കാരിക്കൊടു	പെരിയാറ്	അലാഡി തൊട്ടം	൧൫൩ ഏക്കർ ൭൯ സെൻറു	ജന്മാവകാശം	ബ്രിട്ടീഷ് രൂപാ ൧൧൫ അണാ ൯ പൈസാ ൬

TRAVANCORE P. W. D.

Quilon Division.

Notice inviting tenders for work.

Tenders are invited for the execution of the following work.

Description.—Constructing road from Kunnattur to Sastankottah.

Locality.—Kunnattur to Sastankottah.

Tenders sealed and endorsed as such, should be delivered at the office of the undersigned on or before the $\frac{\text{15th March 1907}}{\text{2nd Panguny 1082}}$ on which day they will be opened by the undersigned at his office. Each tender should be accompanied by a treasury receipt for earnest money, Rs. 300, provided the contractor has not already deposited a permanent earnest money of Rs. 50 and should state the date of completion of the work.

The successful tenderer will, before signing the agreement and commencing work and within a week after the acceptance of his Tender has been intimated to him, have to deposit a sum equivalent to per cent. of the probable value of contract as security for the proper fulfilment of the same less, of course, the amount of earnest money deposited by him. If he fails to do this the earnest money will be forfeited to Government and the contract put up to auction again. If the re-auction results in any loss to Government the same will be recovered from him in due course; but should the contract be given to another contractor at a profit to Government the original contractor shall have no claim whatever to the profit.

A contractor may tender for more than one work but should deposit earnest money Rs. for each.

The acceptance of the Tender rests with the Government which does not undertake to accept the lowest or any particular tender.

The Department reserves to itself the right of putting the contract for this work up to auction, or of carrying out the work in any manner different from the terms of this invitation that may be thought fit, subsequent to the receipt of tenders. Under no circumstances will the stamp or tender fees be refunded.

Drawings connected with the work can be seen at the office of the Chief Engineer on any office day during office hours. Specification of work to be done and conditions of contract to be entered into may be seen at the office either of the Chief Engineer or of the undersigned on office days during office hours.

Printed forms of tender can be obtained from the office of the undersigned at a cost of one chuckram each.

Tenders not on printed form will not necessarily be entertained.

Depositing earnest money.—On requisition of the tenderer a chellan will be issued from this office for remittance of the amount direct by the tenderer into any of the local treasuries in the Division that is convenient to him and the receipt obtained from the treasury in that form should accompany the tender. No tender sent registered by Post or Anchal shall be accepted unless it is followed by the treasury receipt noted above and unless it reaches the undersigned before the prescribed date.

Any further information necessary can be obtained at the office of the undersigned.

K. R. RENGASWAMY IYENGAR,
Divisional Officer.

	Units for which rates should be quoted in Tenders.	Description of work		Approximate quantities of work to be done	Sanctioned estimate rates. Rs	ch	c.	
1	1000 C. ft.	Earth works in cutting gravelly soil	C. ft. ...	720280	5	...	...	
2	1000 C. ft.	Earth work in raising Embankment gravelly soil	C. ft. ...	306695	6	..	..	Including formation of road, blinding spreading material watering, consolidation by stone roller and foring side.
3	100 R. ft.	Gravelling road 14' wide and 4" thick	R. ft. ..	17000	17	7	...	
4	100 R. ft.	Cutting side drains	" ..	19800	1	14	...	
5	100 R. ft.	Cutting catchwater drains	" ...	13700	2	...	...	
6		Constructing culvert $1\frac{3}{4}\times4\frac{3}{4}$ of 3 vents in the 10th mile	...					
6/1	L. S.	Earth work in Excavating foundatien	...	L. S.	6	...	...	
6/2	Do.	Baling water and ring bund	..	De.	15	...	...	
6/3	100 C. ft.	Concrete in surki mortar	C. ft. ...	1121	17	...	...	
6/4	100 C. ft.	Laterite in surki mortar	C. ft. ...	633	15	7	...	
6/5	100 C. ft.	Laterite in mortar	C. ft. ...	6t6	12	14	...	
6/6	1 C. ft.	Granite covering slabs	C. ft. ..	344	...	16	...	
6/7	1 C. ft.	Cut-stone coping te parapet	C. ft. ...	56	1	14	...	
6/8	1 No.	Granite guard stones fixed in concrete bedding	S. ft. ...	Ne. 4	3	...	..	
6/9	100 S. ft.	Plastering with chunam	S. ft. ...	912	2	4	...	
7		Constructing a culvert $9\frac{1}{2}\times3\frac{1}{2}$ of 3 vents in the 10th mile.						
7/1	L. S.	Excavating foundatien	...	L. S.	5	...	..	
7/2	Do.	Baling water and ring bund	...	Do.	15	..	..	
7/3	100 C. ft.	Concrete in surki mortar	C. ft. ...	864	17	...	...	
7/4	100 C. ft.	Laterite in surki mortar	C. ft. ..	504	15	7	.	
7/5	100 C. ft.	Laterite in mortar	C. ft. ...	390	12	14	...	
7/6	1 C. ft.	Granite cevering slabs	C. ft. ...	287	...	16	...	
7/7	1 C. ft.	Cut-stone coping to parapet	C. ft. ..	48	1	14	...	
7/8	1 No.	Granite guard stones fixed in concrete bedding	Ne ...	4	3	...	..	
7/9	100 S. ft.	Plastering with chunam twe coats	S. ft ...	669	2	4	...	
8		Constructing a culvert 3×3 in the 9th mile	..					
8/1	L. S.	Earth work in excavating foundation and filling in	...	L. S.	3	..	..	Quantity given is only for one culvert the other 2 culverts are similar ones only.
8/2 & 3	100 C. ft.	Laterite in chunam	C. ft. ...	532	12	14	...	
8/4	1 C. ft.	Granite cevering stones	C. ft. ...	54	...	16	..	
8/5	100 S. ft.	Plastering with chunam	S. ft ..	262	2	4	...	
8/6	1 No.	Guard stones	No. ..	4	1	..	..	
9		Constructing 3 culverts 2×2 single vent in the 9th, 10th and 11th mile	..					
9/1	L. S.	Earth werk in excavating foundation and filling in	..	L. S.	3		...	Quantity given is only for one sluice.
9/2	100 C. ft.	Laterite in chunam	C. ft ...	369	12	14	...	
9/3	1 C. ft.	Granite covering stones	C. ft. ...	42	..	16	...	
9/4	100 S. ft.	Plastering with chunam	C. ft. ..	200	2	4	.	
9/5	1 Ne.	Guard stones	Ne. ...	4	1	...		
10		Censtructing 2 pipe sluices 9th dia. in the 10th mile	..					
10/1	L. S.	Earth work in excavating feundation and filling in	..	L. S.	1	...	..	
10/2	100 C. ft.	Concrete in surki	C. ft. ..	32	17		..	
10/3	100 C. ft.	Laterite in chunam	C. ft.	9	12	14	.	
10/4	100 S. ft.	Plastering with chunam	S. ft. ..	33	2	4	..	
10/5	L. S.	Fitting 9th cast iron pipe (labor alone)	"	L. S.	3		...	
11	1 Ne.	Previding granite mile stones	No	4	5	.	..	
